
# ബഥനി ശബ്ദം

April 2024



ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവ്
ധന്യൻ പദവിയിൽ

# ആദരാഞ്ജലികൾ



FR. LAZARUS PALANILKUNNATHIL OIC

1932 - 2024

# BETHANY SABDAM

No. 133

April 2024

Editorial Board

Fr. Jobin Kuriakose OIC (Chief Editor)

Fr. Thomas Prasobh Kolliyelil OIC

Fr. Thomas Pramod Palavilayil OIC

Fr. Ebin Thomas Panicker OIC

Fr. Mathew Praful Palanilkunnathil OIC

Printed at

Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

Published from

Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA
Ph : 0481 - 2578494
(Monday - Saturday from 9.30 AM to 5.00 PM)
web : www.bethanyashram.net
e-mail : oic.infonews@gmail.com

*for Private Circulation Only*

# ഉൾത്താളുകളിൽ


**ഉത്ഥാനപ്രഭയിൽ** - ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി. 5

**സ്വർഗ്ഗീയ ഭവനത്തിലേക്ക് യാത്രയായ ലാസറസ് പാലനിൽക്കുന്നതിലച്ചനും ജെയിംസ് മാമ്മൂട്ടിലച്ചനും** 10
ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.

**കബറിൽനിന്ന് ഉരുട്ടിമാറ്റപ്പെട്ട കാലം (കല്ല്)** – ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി. 13

**ബഥനിയിൽനിന്ന് വീണ്ടുമൊരു മേല്പട്ടക്കാരൻ ....** 14
ഫാ. ജോർജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

**ബഥനിയുടെ അഭിമാനമായ മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത** 19
ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.

**ജനമനസ്സുകളിൽ ഇടമുള്ള ഇടയൻ** – ഫാ. ജോൺ കൃപാനന്ദ് ഒ.ഐ.സി. 21

**നന്മമാത്രം പറയുന്ന മാമ്മൂട്ടിലച്ചനും നിഷ്ഠാജീവിതം നയിച്ച ലാസറച്ചനും** 23
ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.

**എപ്പോഴും എവിടെയും സംലഭ്യനായിരുന്ന ബഹു. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി അച്ചൻ** 26
ഫാ. തോമസ് സജീവ് തെക്കേച്ചരുവിൽ ഒ.ഐ.സി.

**വലിയ ജെയിംസച്ചനും പ്രായമാകാത്ത ലാസറച്ചനും** 29
ഫാദർ വില്യം നെടുംപുറത്ത് ഒ. ഐ. സി.

**ഗുരുതുല്യനായ ജ്യേഷ്ഠസഹോദരൻ; ബ. ജയിംസ് മാമ്മൂട്ടിലച്ചൻ – ഒരനുസ്മരണം** 33
ഫാ. ജോഷ്വാ കുറ്റിയിൽ ഒ.ഐ.സി.

**വിളക്കണഞ്ഞെങ്കിലും പ്രകാശം പരക്കുന്നു....** –ഫാ. ഡാനിയേൽ കല്ലിൽ ഒ.ഐ.സി. 35

**ബഥനിയുടെ നല്ലിടയൻ** – ആൻസി തോമസ് കുളപ്പട 37

**ലാസറച്ചൻ: ഒരു യഥാർത്ഥ ദൈവസഹായകൻ** – ഫാ. ഫ്രാൻസിസ് തെക്കേപ്പൂക്കളം ഒ.ഐ.സി. 38

**സൗഖ്യദായകനായ ലാസറച്ചൻ** – ഫാ. അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി. 40

**എനിക്ക് അറിയാവുന്ന ലാസറച്ചൻ** – ഫാ. പീറ്റർ ജോൺ ഒ.ഐ.സി. 42

**ലാസർ അച്ചൻ ഇന്നും പുഷ്പഗിരിയിൽ ജീവിക്കുന്നു** – ഫാ. ജോസ് കല്ലുമാലിക്കൽ 43

**ഹൃദയശുദ്ധിയുള്ള ലാസറച്ചൻ** – ഫാ. ജോസഫ് മേനാക്കളീക്കൽ ഒ.ഐ.സി. 44

**വന്ദ്യ ലാസറച്ചനെ അനുസ്മരിക്കുമ്പോൾ** – ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി. 46

**സുവിശേഷം പ്രസംഗിക്കുന്നവരുടെ കാൽപാദം എത്ര മനോഹരം** – ഫാ. ജോസ് കുരുവിള ഒ.ഐ.സി. 49

**കാലത്തിന്റെ പുരോഹിതൻ** – സി. നിഷ്ഠ എസ്.ഐ.സി. 53

**ഹൃദയത്തിൽ എന്നും അച്ചൻപപ്പ** – സി. ആഗ്നസ് എസ്.ഐ.സി. 54

**ആചാര്യരേശ മശിഹാ കൂദാശകളർപ്പിച്ച** – സി. അന്നമ്മ എച്ച്.എസ്.എസ് 56

**എന്റെ 'കൊച്ചപ്പച്ചൻ' ബഹു. ലാസറസ് പാലനിൽക്കുന്നതിൽ ഒ.ഐ.സി.** 57
സി. കാരുണ്യ എസ്.ഐ.സി.

**ബഥനി സന്ന്യാസികളുടെ ഓർമ്മയിൽ ലാസറച്ചൻ** –സി. നിർമൽ എസ്.ഐ.സി. 59

# എഡിറ്റോറിയൽ

എത്യോപ്യയിലെ ഗോറു ആശ്രമത്തിലാണിപ്പോൾ. ബോയ്സ് ഹോമിലെ 11 വയസുള്ള ബീനിയാമും, 7 വയസുള്ള ഗൂതാമും ആശ്രമ നടുമുറ്റത്ത് മധുരമുള്ള മുള്ളങ്കി തൈകൾ നടുകയാണ്. വളരെ പ്രതീക്ഷയോടും സന്തോഷത്തോടും കൂടിയാണ് അവർ ഇതു ചെയ്യുന്നത്. ഏകദേശം ഇരുന്നൂറ് തൈകൾ നട്ടുകഴിഞ്ഞു. വെള്ളവും ഒഴിച്ചു. പിറ്റേദിവസം രാവിലെയും വൈകിട്ടും തൈകൾക്ക് വെള്ളം കൊടുത്തു. എങ്കിലും മൂന്നുദിവസം കഴിഞ്ഞപ്പോൾ ഇരുന്നൂറ് തൈകളിൽ ആകെ പത്തെണ്ണം മാത്രമാണ് കിളിർത്തത്. വെയിലിന്റെ ചൂടിൽ ബാക്കിയെല്ലാം ഉണങ്ങിപ്പോയി. തൈകൾ നട്ടകുട്ടികൾക്ക് മാത്രമല്ല, ആശ്രമവാസികൾക്കെല്ലാം ഇത് ദുഃഖമുളവാക്കി. കാര്യം ഇതൊക്കെയാണെങ്കിലും ബീനിയാമും ഗൂതാമും ഇപ്പോഴും ഉണങ്ങിയ തൈകൾക്കും വെള്ളമൊഴിക്കുന്നുണ്ട്. ഒരുപക്ഷേ, നാളെ എല്ലാം കിളിർത്തുവന്നാലോ. വലിയ പ്രതീക്ഷയോടെയാണ് അവർ ഈ ക്രിയയിൽ മുഴുകുന്നത്. പ്രതീക്ഷയുടെ ഉത്സവമാണ് ഉത്ഥാനപ്പെരുന്നാൾ.

ഉത്ഥിതനെ കാണാമെന്ന് പ്രതീക്ഷയൊന്നുമില്ലാതെയാണ് ആ സ്ത്രീകൾ ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ ശവകുടീരത്തിലേക്ക് പോയത്. ശവശരീരമാണെങ്കിലും അതിനോടു വ്യക്തിപരമായും സ്വകാര്യമായും ഒന്നടുത്തിരിക്കാമെന്ന ചിന്ത മാത്രം. അവൻ ജീവിച്ചിരുന്നപ്പോൾ വിലകൂടിയ തൈലം അവന്റെ കാലുകളിൽ ഒഴിച്ചിരുന്നുവല്ലോ. നിർജ്ജീവമാണെങ്കിലും ആ ശരീരത്തിൽ ചില സുഗന്ധകൂട്ടുകൾ അഭിഷേകം ചെയ്യാം. അസ്ഥിക്കുപിടിച്ച ചില സ്നേഹബന്ധങ്ങൾ ഇങ്ങനെയാണ് - മരിച്ചാലും വിട്ടുപോകില്ല. സ്നേഹമില്ലാതെ ചുംബിച്ച മറ്റൊരുവൻ ഏതോ മരത്തിൽ തൂങ്ങിനിൽക്കുന്ന കാര്യം ആരും മറക്കരുത്. മുപ്പത് വെള്ളിക്കാശുകൊണ്ട് അവൻ എന്തു നേടി? കാശുകൊണ്ട് ഒന്നും നേടുവാൻ സാധിക്കുകയില്ല എന്ന ബോധോദയം ഉണ്ടാകുമ്പോഴാണ് പലരും കാശിക്ക് പോകുന്നത്. ഈ ബോധോദയമാണ് ഉത്ഥാനം. മൂന്നാംദിവസം നിനക്കും ഒരു ഉത്ഥാനമുണ്ടാകും. പ്രതീക്ഷയോടെ കാത്തിരിക്കുക.

ജീവിതത്തിൽ സമ്പാദിച്ചതെല്ലാം മുണ്ടൻമലയിൽ ഉപേക്ഷിച്ച് പടിയിറങ്ങിയ ഒരു പിതാവ്. അത്യുത്തമമായ ഒരു സമ്പാദനം - ദൈവസമ്പാദനം അതുമാത്രം ഉള്ളിലുണ്ട്. ഓർത്തഡോക്സ്-യാക്കോബായസഭയിൽനിന്നുമിറങ്ങി കത്തോലിക്കാ സഭയിലേക്ക് നടന്നുനീങ്ങിയ യാത്ര ഒരു കുരിശിന്റെ വഴിപോലെയായിരുന്നു. ചിലർ കൂകി വിളിച്ചു. ചിലർ പരിഹസിച്ചു. ശിമയോനെപ്പോലെ ചിലർ താങ്ങി. വേറോനിക്കയെപ്പോലെ മറ്റുചിലരും. വെണ്ണിക്കുളം, തിരുവല്ല, കൊല്ലം പിന്നിട്ട് അവസാനം തലസ്ഥാനത്ത് എത്തി ഉറച്ചുനിന്നു. അവിടെ വളർന്നുപന്തലിച്ച് ലോകം മുഴുവനും വ്യാപിച്ചുകിടക്കുന്ന മലങ്കര കത്തോലിക്കാസഭ. ദൈവസമ്പാദനം കൈമുതലായവരെ ദൈവം ഒരുനാളും കൈവിടില്ല. പട്ടത്ത് പള്ളികൊള്ളുന്ന ആ പുണ്യതാതൻ-ധന്യമായ ജീവിതം പകർന്നുതന്ന താപസൻ - ധന്യപദവിയിലേക്ക് ഉയർത്തപ്പെടുമ്പോൾ ബഥാന്യരായ നമുക്ക് സന്തോഷിക്കാം, അഭിമാനിക്കും.

ബഥനിയിൽനിന്ന് ഒരു പിതാവുകൂടി സഭയിലേക്ക്. മത്തായി കടവിലച്ചൻ പക്കോമിയോസ് പിതാവായി, പൂനാ രൂപതാദ്ധ്യക്ഷനായി ചുമതലയേറ്റു. സഭയോട് ചേർന്ന ജീവിതമായിരുന്നു മത്തായി കടവിലച്ചന്റേത്. മുന്തിരിത്തണ്ടിനോട് ശാഖകൾ ചേർന്നു കിടക്കുന്നതുപോലെ. മുണ്ടൻമലയിലെ സന്ന്യാസജീവിതത്തിന്റെ ആദ്ധ്യാത്മികതയിൽ കടഞ്ഞെടുത്ത

ദൈവസമ്പാദനം എന്ന പുണ്യത്തിന്റെ ശക്തിമാത്രമാണ് പുനരൈക്യത്തിനായി മാർ ഈവാനിയോസ് തിരുമേനിക്ക് കൈമുതലായി ഉണ്ടായിരുന്നത്. ബഥനി സന്ന്യാസി സമൂഹത്തിൽനിന്നും നേടിയെടുത്തതായ ആദ്ധ്യാത്മികശക്തിയും പ്രായോഗികഅറിവും സഭാശുശ്രൂഷയിൽ പതറാതെ മുമ്പോട്ടു പോകുവാൻ പക്കോമിയോസ് തിരുമേനിക്ക് മുതൽക്കൂട്ടാകുമെന്നതിൽ യാതൊരു സംശയവുമില്ല. സഭയോടുചേർന്ന് സന്ന്യാസജീവിതം നയിച്ച വന്ദ്യപിതാവിന് സന്ന്യാസസമൂഹങ്ങളോടു ചേർന്ന് സഭാശുശ്രൂഷയിൽ മുമ്പോട്ടുപോകുവാൻ ദൈവം എല്ലാ കൃപകളും വരദാനങ്ങളും നൽകട്ടെയെന്ന് ഈ അവസരത്തിൽ ബഥനിക്കാരായ നമുക്ക് പ്രാർത്ഥിക്കാം.

1997–ൽ തിരുവല്ലാ ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേരുമ്പോൾ ലാസറസ് അച്ചനായിരുന്നു സുപ്പീര്യർ. തൊണ്ടയ്ക്ക് വേദനയാണെന്ന് പറഞ്ഞ് അച്ചന്റെ കയ്യിൽനിന്നും വിക്സ് മിഠായി വാങ്ങുക എന്നത് ബ്രദേഴ്സ് ആയിരുന്ന ഞങ്ങളുടെ ഹോബിയായിരുന്നു. വേദനയുണ്ടോ എന്നു നോക്കാതെ അദ്ദേഹം എന്നും ഞങ്ങൾക്ക് വിക്സ് മിഠായികൾ നൽകിയിരുന്നു. സുറിയാനി ഭാഷയുടെയും ആരാധനക്രമത്തിന്റെയും ബാലപാഠം ലാസറസ് അച്ചനാണ് ഞങ്ങൾക്ക് പറഞ്ഞുതന്നത്. താൻ വികാരിയായിരുന്ന ദേവാലയങ്ങളിലെ ജനങ്ങളോട് എന്നും സ്നേഹത്തോടും കരുണയോടും മാത്രമാണ് ലാസറച്ചൻ പെരുമാറിയത്. പുഷ്പഗിരി ആശുപത്രിയിൽ ധാരാളം രോഗികൾക്കും തന്റെ സഹായം ആവശ്യപ്പെട്ടവർക്കും ആശ്വാസവും സ്നേഹവും പകർന്നുനൽകുവാൻ അച്ചന് എന്നും സാധിച്ചിരുന്നു. ഒരു പരാതിയും ഇല്ലാതെ, ആരോടും പരിഭവും ഇല്ലാതെ ജീവിച്ച ഒരു സ്നേഹസമ്പന്നനായ സന്ന്യാസി. അദ്ദേഹം നമ്മോടു വിടപറയുമ്പോൾ ഈ ജീവിതമാതൃക നമുക്ക് കോട്ടയായിരിക്കട്ടെ.

കുളപ്പടയും നാലാഞ്ചിറയും ജെയിംസച്ചന് സഭകളായിരുന്നു. നല്ല വാക്കുകൾ മാത്രമേ അദ്ദേഹം എന്നും പറഞ്ഞിട്ടുള്ളു. പൂനാ പഠനഗൃഹത്തിൽ ഞങ്ങളുടെ മിനിസ്റ്ററച്ചനായി അദ്ദേഹം സേവനമനുഷ്ഠിക്കുമ്പോൾ 'കസ്തൂരിപോലെ മണക്കട്ടെ വാക്കുകളെന്ന്' അദ്ദേഹം എപ്പോഴും പറയുമായിരുന്നു. ഒപ്പം കസ്തൂരി ഗുളികകൾ ഞങ്ങൾക്ക് നൽകുകയും ചെയ്തിരുന്നു. ഒരിക്കൽ അച്ചൻ ഓസ്ട്രേലിയായിൽ പോയപ്പോൾ തിരികെ വരുമ്പോൾ ഒരു ബൂമറാങ് നൽകണമെന്ന് കളി പറഞ്ഞിരുന്നു. തിരികെ വന്ന അദ്ദേഹം ആദ്യം ബൂമറാങ് സമ്മാനമായി നൽകി. കളിപറഞ്ഞ കാര്യം വളരെ സ്നേഹത്തോടെ അദ്ദേഹം സ്വീകരിക്കുകയും അത് നൽകുകയും ചെയ്തു. എല്ലാവരെയും ഒരുപോലെ കാണുകയും ഒരുപോലെ സ്നേഹിക്കുകയും ചെയ്യുവാൻ ജെയിംസച്ചന് എന്നും കഴിഞ്ഞിരുന്നു. അദ്ദേഹം ഇടവക വികാരിയായിരുന്ന ദേവാലയങ്ങളിലെല്ലാം എല്ലാവരോടും സ്നേഹത്തോടും സൗഹൃദത്തോടും പെരുമാറുവാനും എവിടെവച്ച് കണ്ടാലും സംസാരിക്കുവാനും സ്നേഹബന്ധം പുതുക്കുവാനും അദ്ദേഹം എന്നും ശ്രമിച്ചിരുന്നു. വായനയും എഴുത്തും ജെയിംസച്ചന്റെ സ്വന്തമായിരുന്നു. വായനയിൽനിന്ന് കിട്ടുന്ന അറിവ് പങ്കുവയ്ക്കുവാനും അദ്ദേഹം എന്നും ശ്രമിച്ചിരുന്നു. ഒരു നല്ല ബഥാന്യനായിരുന്ന ജെയിംസച്ചൻ നമ്മോട് വിടവാങ്ങുമ്പോൾ ആ ജീവിതമാതൃക നമുക്ക് മാതൃകയാക്കാം.

ഈ ഉത്ഥാനപ്പതിപ്പിൽ ലേഖനങ്ങൾ നൽകിയ ഏവരെയും സ്നേഹത്തോടെ അനുസ്മരിക്കുന്നു. ഉയിർപ്പിന്റെ ഈ കാലത്ത് ബഥനി എന്നും സഭാമക്കൾക്ക് ആശ്വാസവും പ്രതീക്ഷയും ആയിരിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹത്തോടെ

**ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി.**

# ഉത്ഥാനപ്രഭയിൽ ക്രിസ്തു നൽകുന്ന ഗ്യാരന്റികൾ

**ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി.**
സുപ്പീര്യർ ജനറൽ

അനേകം ഗ്യാരന്റികൾ (Guarantees) നല്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. നമ്മുടെ രാജ്യം ഒരു പൊതുതെരഞ്ഞെടുപ്പിലേക്ക് നീങ്ങുന്ന ഈ സമയത്ത് വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കന്മാർ നല്കുന്ന എണ്ണിയാൽ ഒടുങ്ങാത്ത ഗ്യാരന്റികളുടെ പെരുമഴയും ഈ കൂട്ടത്തിൽ ഉൾപ്പെടുന്നു. ഇവയിലധികവും സാക്ഷാത്കരിക്കപ്പെടാത്ത പൊള്ളയായ വാഗ്ദാനങ്ങളാണെന്നുള്ളത്ഒരു യാഥാർത്ഥ്യമാണ്. ഇപ്രകാരം നടപ്പിലാക്കാൻ സാധിക്കാത്ത ഗ്യാരന്റി നൽകി അവയ്ക്ക് പിന്നാലേ മനുഷ്യനെ കൊണ്ടു നടക്കുന്നതാണ് ഈ നാളുകളുടെ പ്രത്യേകതയായി നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.

ഉത്ഥിതനായ യേശു നമ്മുടെ മുമ്പിൽ വയ്ക്കുന്ന ഒരു ഗ്യാരന്റിയുണ്ട്: 'ഭയപ്പെടേണ്ടാ, ഞാൻ നിങ്ങളോട് കൂടെയുണ്ട്.' ക്രിസ്തു നല്കുന്ന ഗ്യാരന്റി താത്ക്കാലികമായ ചില നേട്ടങ്ങൾക്കുവേണ്ടിയുള്ളതോ, മനുഷ്യന്റെ കണ്ണിൽ പൊടിയിട്ട് അവനെ തട്ടിപ്പിന് വിധേയനാക്കുന്നതിനുവേണ്ടിയോ ഉള്ളതല്ലാ, മറിച്ച്, ഓരോ മനുഷ്യന്റെയും ആത്മരക്ഷക്കുവേണ്ടിയുള്ളതാണ്. ക്രിസ്തു നൽകുന്ന ഗ്യാരന്റി ഭൗതികമായി മാത്രം ചിന്തിക്കുന്നവർക്ക് അത്ര ആകർഷണീയമായി തോന്നുകയുമില്ല; അതുകൊണ്ടാണ് അനുഗമിക്കുവാൻ ആഗ്രഹിച്ചിട്ടും യേശു മുന്നോട്ടു വയ്ക്കുന്ന വ്യവസ്ഥകൾ സ്വീകരിക്കുവാൻ സാധിക്കാതെ സങ്കടത്തോടെ തിരിച്ചുപോകുന്നവരെയും സുവിശേഷത്തിൽ നമ്മൾ കാണുന്നത് (മത്താ.19:21-22). യേശു നൽകുന്ന ഗ്യാരന്റി കുരിശിന്റെ വഴിയാണ്, പരിത്യാഗത്തിന്റെ വഴിയാണ്, പരിത്യജിക്കലിന്റെ വഴിയാണ്. ക്രിസ്തുവിന്റെ ഗ്യാരന്റിയിൽ പൂർണ്ണമായി വിശ്വസിച്ചവർക്കാർക്കും നിരാശപ്പെടേണ്ടിവന്നിട്ടില്ല.

വഴിതെറ്റി പോയവരെയും, കൂടുവിട്ടു പോയവരെയും, ലക്ഷ്യം മറന്നുപോയവരെയും ചേർത്തുനിർത്തി അവർക്ക് പ്രത്യാശ പകരുന്നതാണ് ക്രിസ്തുവിന്റെ ഗ്യാരന്റി. നിർമ്മലമായ ആ സ്നേഹത്തിന്റെ ഗ്യാരന്റി തിരിച്ചറിഞ്ഞതുകൊണ്ടാണല്ലോ എല്ലാ പ്രതികൂലസാഹചര്യങ്ങളെയും അതിജീവിച്ചുകൊണ്ട് മഗ്ദലനമറിയം അതിരാവിലെതന്നെ കബറിങ്കലേക്ക് ഓടുന്നതും, അതിനെ തുടർന്ന് ഉത്ഥിതനെ കാണുന്നതും. ഉത്ഥിതൻ നല്കുന്ന ഗ്യാരന്റിയിലാണല്ലോ യേശുവിന്റെ കുരിശുമരണ സമയത്ത് ചിതറിപ്പോയ ക്രിസ്തുശിഷ്യന്മാർ വീണ്ടും ഒരുമിച്ച് കൂടുന്നതും, ക്രിസ്തുവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതും തുടർന്ന് സഹനങ്ങളുടെ പാതയിൽ മുന്നേറുന്നതും, ക്രിസ്തുവിനെ പ്രഘോഷിക്കുന്നതും. ഉത്ഥിതനായ ക്രിസ്തു നമുക്ക് നല്കുന്ന ഗ്യാരന്റി തിരിച്ചറിയുവാനുള്ള സമയമാണല്ലോ ഉയിർപ്പിന്റെ/ ക്യംതായുടെ ഈ ദിവസങ്ങൾ. താത്കാലികമായ നേട്ടങ്ങളുടെ പിന്നാലെ പോകുവാൻ വേണ്ടിയുള്ളതല്ല, ഓരോ മനുഷ്യാത്മാക്കളുടെയും ആത്മരക്ഷയ്ക്കുവേണ്ടിയുള്ള

ഗ്യാരന്റിയാണിതെന്ന് നമുക്ക് തിരിച്ചറിയാം. ''ഞാൻ നിങ്ങളെ അനാഥരായി വിട്ടിട്ടു പോകുകയില്ല" (യോഹ.14:18) എന്നു പറഞ്ഞവൻ കൂടെയുണ്ടെന്നുള്ളത് മാത്രമാണ് ക്രിസ്തു നൽകുന്ന ഗ്യാരന്റി. ഈ ഗ്യാരന്റി ഏറ്റെടുക്കുവാനാണല്ലോ ഓരോ ക്രിസ്തുശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തു നൽകുന്ന ഗ്യാരന്റിയിൽനിന്നും അകന്നുമാറി ഈ കാലഘട്ടത്തോടുചേർന്ന് നമ്മെ വഴിതെറ്റിക്കുന്ന പൊള്ളയായതും വ്യർത്ഥവുമായ ഗ്യാരന്റികളുടെ പിന്നാലെ പോകുവാനുള്ള പ്രവണത നമ്മെ വലയം ചെയ്യുന്നുണ്ടെങ്കിൽ, വീണ്ടും കൂടെ നടന്ന് വചനം പങ്കുവച്ച് അപ്പം മുറിച്ച് നൽകി, പ്രാതൽ ഒരുക്കി കാത്തിരിക്കുന്ന ഉത്ഥിതൻ നൽകുന്ന ഗ്യാരനന്റി കാണുവാൻ നമുക്ക് സാധിക്കട്ടെ. നമ്മുടെ സന്ന്യാസ പൗരോഹിത്യ സമർപ്പണ ജീവിതത്തിൽ ക്രിസ്തു നല്കുന്ന ഗ്യാരന്റിയിൽനിന്നും നമ്മുടെ ശ്രദ്ധയെ തടസ്സപ്പെടുത്തുന്ന കണ്ണഞ്ചിപ്പിക്കുന്ന തരത്തിലുള്ള മായാവിലാസങ്ങളുടെ മോഹന സുന്ദര ഗ്യാരന്റികൾ ഏറിവരുന്ന ഈ കാലഘട്ടത്തിൽ വി.പൗലോസ് ശ്ലീഹായെ പോലെ, "എന്റെമേൽ ദൈവം ചൊരിഞ്ഞ കൃപ നിഷ്ഫലമായി പോയിട്ടില്ല. നേരേമറിച്ച് മറ്റെല്ലാവരെയുംകാൾ അധികം ഞാൻ അദ്ധ്വാനിച്ചു" (1 കോറി.15:10) എന്നു പറയുവാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ടവർക്ക് സാധിക്കുമ്പോഴാണ് ക്രിസ്തുവിന്റെ ഗ്യാരന്റി നമ്മിൽ പൂർണ്ണമാകുന്നത്. എല്ലാവർക്കും ഉത്ഥാന തിരുനാളിന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നതോടൊപ്പം ഉത്ഥിതൻ നല്കുന്ന ഗ്യാരന്റിയിലേക്ക് വളരുവാൻ ഈ നാളുകൾ നമ്മെ സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**മാർ ഈവാനിയോസ് ധന്യൻ പദവിയിൽ**

ബഥനി സന്ന്യാസി സമൂഹസ്ഥാപകൻ പുണ്യപിതാവായ മാർ ഈവാനിയോസ് പിതാവിനെ ധന്യരുടെ പദവിയിലേക്കുയർത്തിയെന്നുള്ള സന്തോഷ വാർത്ത, ആഗോള കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 2024 മാർച്ച് 14-ാം തീയതി പുറപ്പെടുവിച്ച ഡിക്രിയിലൂടെ നമ്മെ അറിയിച്ചു. കത്തോലിക്കാസഭയുടെ കാനോനിക നടപടിക്രമങ്ങളുടെ (Canonization Process) ഭാഗമായിട്ടുള്ള ആദ്യഘട്ടമായ 'ദൈവദാസൻ' എന്ന പദവിയിൽനിന്നും, തുടർഘട്ടമായ 'ധന്യരുടെ' പദവിയിലേക്കാണ് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിനെ സാർവ്വത്രിക സഭയിൽ പരിശുദ്ധ പിതാവ് ഉയർത്തിയിരിക്കുന്നത്. ദൈവദാസൻ എന്ന പദവിയിൽ നിന്നും, ധന്യരുടെ പദവിയിലേക്കുള്ള ഈ പ്രഖ്യാപനത്തിനായി സഭാമക്കൾ ഏവരും പ്രാർത്ഥനയോടെ കാത്തിരിക്കുകയായിരുന്നു. വിശുദ്ധരുടെ ഗണത്തിലേക്കുള്ള സഭയുടെ ഔദ്യോഗിക പ്രഖ്യാപനത്തിന് ദൂരം കുറയുന്നു എന്നുള്ള സൂചനയാണ് ഇതിൽനിന്നും നമുക്ക് ലഭിക്കുന്നത്.

ബഥനിയെ സംബന്ധിച്ച് ഇത് അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും നിമിഷങ്ങളാണ്. മാർ ഈവാനിയോസ് പിതാവ് സ്ഥാപിച്ച ബഥനി സന്ന്യാസി-സന്ന്യാസിനി സമൂഹങ്ങളെക്കുറിച്ചുള്ള പരാമർശമാണ് മാർ ഈവാനിയോസ് പിതാവിനെ ധന്യനായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ.ഫ്രാൻസിസ് മാർപാപ്പായുടെ ഡിക്രിയുടെ ആദ്യഭാഗത്ത് നമ്മൾ കാണുന്നത്. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിത വിശുദ്ധിയുടെ ഏറ്റം ശ്രേഷ്ഠമായ നിമിഷങ്ങളാണ് സന്ന്യാസത്തിലേക്കുള്ള പുണ്യപിതാവിന്റെ വിളിയും, അതിനെ തുടർന്ന് ബഥനി സന്ന്യാസ സമൂഹങ്ങൾ സ്ഥാപിക്കുവാൻ, ദൈവം വന്ദ്യപിതാവിന് നല്കുന്ന നിയോഗവും. സന്ന്യാസമാകുന്ന മൂശയിൽ സ്ഫുടം ചെയ്ത് ശുദ്ധി ചെയ്തെടുക്കപ്പെട്ട

ജീവിതമാണ് മാർ ഈവാനിയോസ് പിതാവിന്റേത്. “ദൈവസേവനത്തേക്കാൾ അത്യുത്തമം, ദൈവസമ്പാദനമാണ്” എന്നുള്ള മാർ ഈവാനിയോസ് പിതാവിലൂടെയുള്ള സ്വർഗ്ഗത്തിന്റെ വെളിപ്പെടുത്തൽ, സന്ന്യാസത്തിന് നല്കപ്പെട്ടിട്ടുള്ള എക്കാലത്തെയും ഏറ്റം മനോഹരമായ വിശേഷണവും നിർവ്വചനവുമാണ്.

ദൈവദാസൻ (Servant of God) എന്ന പദവിയിൽനിന്നും, ധന്യരുടെ പദവിയിലേക്ക് (Venerable) മാർ ഈവാനിയോസ് പിതാവ് എടുത്തുയർത്തപ്പെടുമ്പോൾ, നമ്മുടെ പിണ്യപിതാവിന്റെ ജീവിതവിശുദ്ധി സാർവ്വത്രികസഭയിൽ കൂടുതൽ അംഗീകരിക്കപ്പെട്ടിരിക്കുക യാണ്. മാർ ഈവാനിയോസ് പിതാവിന്റെ സുകൃത ജീവിതത്തിനുള്ള (Heroic Practice) അംഗീകാരമായിട്ടാണ് നാമകരണ നടപടി ക്രമങ്ങളിലും ഈ കാര്യം പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കുന്നത്. പരിശുദ്ധാത്മ പ്രേരണയാൽ വന്ദ്യപിതാവ് എടുത്തിട്ടുള്ള തീരുമാനങ്ങൾ ഒന്നും തന്നെ തെറ്റായിരുന്നില്ലെന്ന് പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും കൂടുതൽ തെളിയിക്കപ്പെട്ടിരിക്കുകയാണ്. പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ ആക്ഷേപങ്ങളും പരിഹാസങ്ങളുമൊക്കെ തന്റെ ജീവിതത്തോടുചേർന്ന് കാരിരുമ്പാണികൾ പോലെ ആഞ്ഞുതറച്ചപ്പോഴും, ബഥനി ആശ്രമത്തിന്റെ ആവൃതിക്കുള്ളിൽനിന്നും ആവാഹിച്ചെടുത്ത സന്ന്യാസജീവിതത്തിന്റെ പക്വമായ ആത്മീയതയുടെ നിറവിൽ എല്ലാറ്റിനെയും ശാന്തത കൈവെടിയാതെ സമചിത്തതയോടെ നേരിടുന്നതിന് പിതാവിനു സാധിച്ചു. വിദ്വേഷത്തിന്റെയോ, വെറുപ്പിന്റെയോ, ഒരുവാക്കുപോലും നമ്മുടെ പുണ്യപിതാവിന്റെ അധരങ്ങളിൽനിന്നും വന്നിട്ടുള്ളതായി, പിതാവിനെ എതിർക്കുന്നവരുടെ ഭാഗത്തു നിന്നുപോലും പറഞ്ഞു കേട്ടിട്ടില്ല. ശക്തമായ പ്രതിഷേധങ്ങളും, പ്രതിബന്ധങ്ങളും തനിക്കുചുറ്റും വട്ടമിട്ട് പറന്നപ്പോഴും, അവയൊക്കെ സധൈര്യം നേരിടുന്നതിനും, പുനരൈക്യ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്നതിനും, അങ്ങനെ സാർവ്വത്രിക കത്തോലിക്കാസഭയുടെ അനന്തവിഹായസ്സിലേക്ക് പറന്നുയരുന്നതിനും വന്ദ്യപിതാവിന് സാധിച്ചത്, ദൈവാത്മാവിന്റെ നടത്തിപ്പിലൂടെയാണ്. വന്ദ്യപിതാവിനെ തെറ്റിദ്ധരിച്ചവർക്കും, മനസ്സിലാകാതെ പോയവർക്കും ആ പുണ്യപിതാവിന്റെ വിശുദ്ധിയുടെ ആഴം തിരിച്ചറിയുവാൻ ലഭിക്കുന്ന അവസരമാണ് വന്ദ്യപിതാവിന്റെ ധന്യപദവിയിലേക്കുള്ള പ്രഖ്യാപനം.

മാർ ഈവാനിയോസ് പിതാവ് സാർവ്വത്രിക സഭയിൽ എടുത്തുയർത്തപ്പെടുമ്പോൾ പിതാവിനോടു ചേർന്ന്, ബഥനിയും, മലങ്കരസഭയും എടുത്തുയർത്തപ്പെടുന്ന അനുഗ്രഹീത നിമിഷങ്ങളാണിത്. അതോടൊപ്പം നമുക്ക് നൽകപ്പെടുന്ന വെല്ലുവിളി, നമ്മുടെ പുണ്യപിതാവിന്റെ ജീവിതവിശുദ്ധിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, പിതാവ് സ്വപ്നംകണ്ട ബഥനിയെയും മലങ്കരസഭയെയും രൂപപ്പെടുത്തുവാനും, ബഥനിയുടെ കർമ്മഭൂമിയെ കൂടുതൽ വിശാലമാക്കുവാനും വേണ്ടിയുള്ളതാണ്. ഈ പ്രയാണത്തിൽ ‘ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ മാദ്ധ്യസ്ഥം നമുക്ക് കൂട്ടായിരിക്കട്ടെ.

**ബഹു. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.**

2024 ജനുവരി 8-ാം തീയതി നമ്മിൽനിന്നും ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ട ബഹു.ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി. അച്ചന്റെ ദേഹവിയോഗം നമ്മെ ഏറെ നൊമ്പരപ്പെടുത്തി. തന്റെ ദൈവവിളിയിലും സന്ന്യാസത്തിലും അഭിമാനബോധത്തോടെ ജീവിച്ച ജെയിംസച്ചൻ നിയോഗിക്കപ്പെട്ട എല്ലാ ശുശ്രൂഷാവേദികളോടും ചേർന്ന് ബഥനിയുടെ പര്യായമായി നിലകൊണ്ടു. സമൂഹം ആവശ്യപ്പെട്ട സ്ഥലങ്ങളിലേക്കെല്ലാം പ്രേഷിതപ്രവർത്തനങ്ങൾക്കായി

അച്ചൻ പോയിട്ടുണ്ട്. ബഥനിയോടുള്ള പ്രതിബദ്ധതയും സഭാത്മകമായ കാഴ്ചപ്പാടും അച്ചന്റെ സമർപ്പണജീവിതത്തിന്റെ അടയാളങ്ങളായി എക്കാലവും ഓർമ്മിക്കപ്പെടും. നല്ല ഒരു മിഷനറിയായും, സംവാദത്തിലൂടെ ഐക്യത്തിന്റെ കാഹളം മുഴക്കിയും, ബഥാന്യൻ ലാളിത്യത്തിന്റെ ആൾരൂപമായും, അർത്ഥ സമ്പുഷ്ടമായ ആശയങ്ങൾ പങ്കുവച്ച എഴുത്തുകാരനായും, ബഥനിയിലും സഭയിലും അച്ചൻ എപ്പോഴും സജീവസാന്നിദ്ധ്യമായിരുന്നു. ഒരിക്കലും അച്ചൻ നിശബ്ദനായിരുന്നില്ല. വാക്കുകൾകൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും ക്രിയാത്മകമായ ഇടപെടലുകൾകൊണ്ടും അച്ചൻ ശുശ്രൂഷചെയ്ത എല്ലാ മേഖലകളേയും സജീവമാക്കി.

അച്ചന്റെ ശബ്ദഗാംഭീര്യംകൊണ്ടോ, സ്വരമാധുര്യംകൊണ്ടോ ആയിരുന്നില്ല, മറിച്ച് ആത്മാർത്ഥമായ ഇടപെടലുകൾകൊണ്ടാണ് മറ്റുള്ളവരുടെ ഹൃദയം കീഴടക്കുവാൻ അച്ചന് സാധിച്ചത്. എല്ലാ സഭാവിഭാഗങ്ങളോടും ഊഷ്മളമായ ഒരു ബന്ധം അച്ചൻ എക്കാലവും കാത്തുസൂക്ഷിച്ചിരുന്നു. അർത്ഥസംപുഷ്ടമായ ആശയങ്ങൾകൊണ്ട് സംവാദങ്ങളെ അച്ചൻ സജീവമാക്കിയിരുന്നു. ബഥനി സമൂഹത്തിന്റെ ജനറൽസിനാക്സിസുകളിലും, പ്രൊവിൻഷ്യൽ സിനാക്സിസുകളിലും അംഗമായിരുന്നുകൊണ്ട് ഓരോ കാലഘട്ടത്തോടുചേർന്നും ബഥനിക്ക് ആവശ്യമായ നൂതനമായ ചിന്തകൾ നൽകുന്നതിന് അച്ചന് സാധിച്ചിട്ടുണ്ട്. ചൂടുപിടിച്ച ചർച്ചകളിൽ 'ഹേയ്, സാരമില്ല' തുടങ്ങിയ അച്ചന്റെ വാക്കുകൾ കുളിർമഴയായി പെയ്തിറങ്ങുന്നത് കാണുന്നതിന് നമ്മൾ സാക്ഷികളാണല്ലോ. ഇനിയും സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി സജീവസാന്നിദ്ധ്യമായി അച്ചൻ കൂടെയുണ്ടാകും എന്ന് ഉറപ്പായും നമുക്ക് വിശ്വസിക്കാം.

**ബഹു. ലാസറസ് പാലനിൽക്കുന്നതിൽ ഒ.ഐ.സി.**

ആശ്രമപ്രവേശനത്തിന്റെ 70 വർഷവും, സന്ന്യാസവ്രതത്തിന്റെ 68 വർഷവും പൗരോഹിത്യത്തിന്റെ 60 വർഷവും പൂർത്തിയാക്കിയാണ് 2024 ഫെബ്രുവരി 15-ാം തീയതി ബഹു. ലാസർ അച്ചൻ തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്. ഒരാളുടെ ജീവിതത്തിന്റെ ശ്രേഷ്ഠത തിരിച്ചറിയുന്നത് ആ ആളിന്റെ മരണത്തിലൂടെയാണെന്ന് പറയാറുണ്ടല്ലോ. ബഹു.ലാസറച്ചന്റെ വാർദ്ധക്യത്തിന്റെ അവസാനനാളുകളിലും എപ്പോഴും സുസ്മേരവദനനായി ഇരിക്കുവാനും രോഗം മൂർച്ഛിച്ച അവസരത്തിലും നല്ല ഒരുക്കത്തോടെയും സുബോധത്തോടെയും രോഗീലേപനശുശ്രൂഷ സ്വീകരിച്ചുകൊണ്ട് ഏറ്റം ശാന്തമായി മരിക്കുന്നതിനും ബഹു.ലാസറച്ചന് സാധിച്ചത്, അച്ചന്റെ വിശുദ്ധമായ ജീവിതത്തിനുള്ള സ്വർഗ്ഗത്തിന്റെ സമ്മാനമായി നമുക്ക് മനസ്സിലാക്കാം. യാമപ്രാർത്ഥനകളിലുള്ള നിഷ്കർഷയും, അനുദിനം മുടങ്ങാതെയുള്ള ദിവ്യബലി അർപ്പണവും പ്രിയപ്പെട്ട അച്ചന്റെ സന്ന്യാസപൗരോഹിത്യത്തിന്റെ ശോഭയെ എടുത്തുകാട്ടുന്നതായിരുന്നു. തിരുവല്ലാ ബഥനി ആശ്രമ ദയറായിൽ അംഗമായ നാൾമുതൽ വി.കുർബാനയുടെ കണക്ക് എഴുതുന്നത് ബ.ലാസർ അച്ചൻ ആയിരുന്നു. ഈ കാര്യത്തിൽ അച്ചൻ കാട്ടിയിരുന്നതായ കൃത്യത എടുത്തു പറയേണ്ടതാണ്. വി.കുർബാനയുടെ കണക്ക് എഴുതി സൂക്ഷിക്കുന്നു എന്നുള്ളതല്ല, മറിച്ച് വി.കുർബാനയുടെ കണക്ക് കൃത്യമായി എഴുതുകയും അത് ദൈവസന്നിധിയിൽ ഉത്തരം നൽകേണ്ടതാണെന്നുള്ള ഒരു ഓർമ്മപ്പെടുത്തൽ സമൂഹാംഗങ്ങൾക്ക് അതുവഴി അച്ചൻ നൽകുകയുമായിരുന്നു.

ആരെക്കുറിച്ചും പരാതിയില്ലാതെ ഒന്നിനെക്കുറിച്ചും പരിഭവമില്ലാതെ തന്റെ സന്ന്യാസ സമർപ്പണത്തിൽ സംതൃപ്തിയോടും സന്തോഷത്തോടെയും അച്ചൻ ജീവിച്ചു. ഏൽപ്പിക്കപ്പെട്ട നിയോഗങ്ങളെ സന്ന്യാസജീവിതത്തിന്റെ ലാളിത്യത്തോടെയും അനുസരണ വ്രതത്തിൽ ബലിഷ്ഠമാക്കപ്പെട്ട വിധേയത്വത്തോടെയുമാണ് അച്ചൻ സമീപിച്ചത്. പുഷ്പഗിരി ആശുപത്രിയോടു ചേർന്ന് ഏകദേശം ഇരുപത് വർഷങ്ങൾ നീണ്ടുനിന്ന അച്ചന്റെ ആതുരശുശ്രൂഷ അനേകം പേർക്ക് അവരുടെ രോഗത്തിലും മരണകിടക്കയിലും ആശ്വാസവും പ്രത്യാശയും ലഭിക്കുന്നതിന് സഹായകമായി. അച്ചൻ ബഥനിയിൽ അവശേഷിപ്പിച്ച സന്ന്യാസത്തിന്റെ നല്ലമാതൃകകൾ തുടർന്നും നമ്മെ പ്രചോദിപ്പിക്കുകയും ബഹു.ലാസറച്ചന്റെ ആത്മാവ് അതുവഴി സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷിക്കുകയും ചെയ്യട്ടെ.

**ബഥനി ആശ്രമം ജനറലേറ്റ് ജൂബിലി**

1974 ഫെബ്രുവരി 20-ന് കൂദാശ ചെയ്യപ്പെട്ട ബഥനി ആശ്രമം ജനറലേറ്റിന്റെ സുവർണ്ണ ജൂബിലി ആഘോഷം 2024 ഏപ്രിൽ 29-ാം തീയതി ബഥനി ആശ്രമം ജനറലേറ്റിൽവച്ച് നടത്തപ്പെടുന്നു. കഴിഞ്ഞ അമ്പതു വർഷക്കാലം അത്ഭുതകരമായി വഴി നടത്തിയ ദൈവകൃപയുടെ മുമ്പിൽ നന്ദി അർപ്പിക്കുന്നതിനും ബഥനി സമൂഹസ്ഥാപകൻ മാർ ഈവാനിയോസ് പിതാവിനെ ധന്യപദവിയിലേക്ക് ഉയർത്തിയതിന്റെ സന്തോഷം പങ്കിടുന്നതിനുമായി അന്നേദിവസം രാവിലെ 6.30-ന് പൂനാ-കഡ്ക്കി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് ഒ.ഐ.സി. പിതാവിന്റെ പ്രധാന കാർമികത്വത്തിലും, അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് ഒ.ഐ.സി. മെത്രാപ്പോലീത്തായുടെയും, സമൂഹാംഗങ്ങളുടെയും സഹകാർമികത്വത്തിലും ജനറലേറ്റ് ആശ്രമചാപ്പലിൽവച്ച് വി.കുർബാന അർപ്പിക്കുന്നതാണ്.

അന്നേദിവസം 10.00 മണിക്ക് ജൂബിലി പൊതുസമ്മേളനം മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ ഉത്ഘാടനം ചെയ്യുന്നതാണ്. തദവസരത്തിൽ തിരുവല്ലാ അതിഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് അനുഗ്രഹപ്രഭാഷണം നടത്തുന്നതും ബഥനി ആശ്രമത്തിന്റെ പൊന്തിഫിക്കൽ ഡലഗേറ്റ് വന്ദ്യ തോമസ് ചാത്താംപറമ്പിൽ സി.എം.ഐ. അച്ചനും, ബഥനി, ഡി.എം. സന്ന്യാസിനി സമൂഹങ്ങളുടെ മദർജനറൽമാർ ആശംസകൾ അർപ്പിക്കുന്നതുമാണ്. ജൂബിലി പൊതുസമ്മേളനത്തിൽവച്ച് ഡൽഗി-ഗുഡ്ഗാവ് ഭദ്രാസനത്തിന്റെയും, പൂനാ-കഡ്ക്കി ഭദ്രാസനത്തിന്റെയും അഭിനവ മെത്രാപ്പോലീത്താമാരായ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിനെയും, അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് പിതാവിനെയും അനുമോദിക്കുന്നതാണ്.

ഉത്ഥാനപ്രഭയിൽ ക്രിസ്തുസാന്നിദ്ധ്യത്തോടു ചേർന്നുനിൽക്കുവാനും സന്ന്യാസത്തിന്റെ ശോഭയേറിയ സാക്ഷ്യം ഈ കാലഘട്ടത്തോടുചേർന്ന് നൽകുവാനും ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥം നമുക്ക് കൂട്ടായിരിക്കട്ടെ.

# സ്വർഗ്ഗീയ ഭവനത്തിലേക്ക് യാത്രയായ ലാസറസ് പാലനിൽക്കുന്നതിലച്ചനും ജെയിംസ് മാമ്മൂട്ടിലച്ചനും

**ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.**
ബഥനി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീരിയർ

ജീവിത ദൗത്യങ്ങളുടെ അനുഗ്രഹപൂർണമായ പരിസമാപ്തിയിൽ, തങ്ങൾക്കായി തയ്യാറാക്കിയ സ്വർഗീയ ഭവനത്തിലേക്ക് യാത്രയായ, ബഥനി ആശ്രമത്തിലെ വന്ദ്യരായ ലാസറസ് പാലനിൽക്കുന്നതിൽ, ജെയിംസ് മാമ്മൂട്ടിൽ എന്നീ സന്ന്യാസ ശ്രേഷ്ഠരുടെ പാവന സ്മരണക്കു മുൻപിൽ പ്രണാമം. 'നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' എന്ന ഗുരുമൊഴികൾ ശിഷ്യധർമ്മമായി സ്വയം വരിച്ച്, അവസാന ശ്വാസം വരെ, തങ്ങളുടേതായ ഇടങ്ങൾ കണ്ടെത്തി ശിഷ്യധർമ്മം പൂർത്തീകരിച്ചവരായിരുന്നു ബഥനി ആശ്രമത്തിലെ ഈ രണ്ട് സന്ന്യാസ ശ്രേഷ്ഠരും. തങ്ങൾ ആയിരിക്കുന്ന നാടിനെയും പൊതുസമൂഹത്തെയും ആശ്രമങ്ങളോടു ചേർന്നുള്ള ഇടവകകളെയും ദൈവജനത്തെയും സന്ന്യാസോചിതമായ അവധാനതയോടെ സമിപിക്കാനും, ജാതി-മത- രാഷ്ട്രീയ-വർണ്ണ ഭേദമെന്യേ എല്ലാവരെയും ചേർത്തുപിടിക്കാനും ഈ രണ്ടു സന്ന്യാസസഹോദരങ്ങളും കാട്ടിത്തന്ന ജീവിത മാതൃക ഏറ്റം അനുകരണീയമാണ്.

**ജെയിംസ് മാമ്മൂട്ടിലച്ചൻ (71)**

2024 ജനുവരി മാസം 8-ാം തീയതി, ബഥനി നവജീവൻ പ്രോവിൻസിലെ അംഗമായ ബഹുമാനപ്പെട്ട ജെയിംസ് മാമ്മൂട്ടിലച്ചൻ തന്റെ 71-ാം വയസ്സിൽ, തന്റെ സ്വർഗപിതാവിന്റെ ഭവനത്തിലേക്ക് വിളിക്കപ്പെട്ടു. സന്ന്യാസത്തെയും തിരുസഭയെയും ഒരേ മനസ്സോടെ സ്നേഹിച്ചിരുന്ന വ്യകതിത്വമായിരുന്നു ബഹുമാനപ്പെട്ട ജെയിംസ് മമ്മൂട്ടിലച്ചൻ. ജെയിംസച്ചനെ സംബന്ധിച്ചിടത്തോളം സഭ എന്നത്, ഓർക്കുമ്പോൾ പറയുന്ന ഒരു വാക്കോ വിഷയമോ അല്ലായിരുന്നു. മറിച്ച്, എപ്പോഴും എല്ലാവരോടും ഓർത്തിരുന്ന് പറയുന്ന വാക്കായിരുന്നു. സന്ന്യാസം തന്റെ ജീവിതവും മനസുമായിരുന്നു.

സഹോദരീ സഭകളുമായും അവരുടെ പിതാക്കന്മാരുമായും അടുത്ത ബന്ധം കാത്തുസൂക്ഷിച്ചിരുന്ന അച്ചൻ, സഭയുടെ എല്ലാ പൊതുവേദികളിലെയും മുടങ്ങാത്ത ബഥാന്യൻ സാന്നിധ്യമായിരുന്നു. കേരളത്തിലുടനീളവും വടക്കേ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ബഥനിയുടെയും മലങ്കര സഭയുടെ വളർച്ചയിൽ തന്റേതായ മിഷൻ ദൗത്യത്തിൽ, ക്രിയാത്മകമായി പങ്കുചേരാൻ, കാരുണ്യവാനായ ദൈവം ജെയിംസച്ചന് അനുഗ്രഹം നൽകിയിട്ടുണ്ട്.

ചെറുപ്പം മുതൽതന്നെ, ദിനപ്പത്രങ്ങളും സഭാ-സാമൂഹ്യ മേഖലകളിലെ മാസികകളുമടക്കം, മുടക്കം കൂടാത്തതും വിശാലവുമായ വായനയുടെ ലോകം ജെയിംസച്ചന് സ്വന്തമായിരുന്നു. രാഷ്ട്രീയ-സഭാ വിഷയങ്ങളിൽ പൊതുബോധം സൂക്ഷിച്ചുകൊണ്ടുതന്നെ തന്റേതായ അഭിപ്രായം രൂപപ്പെടുത്തുന്നതിലും അത് തുറന്നു പറയുന്നതിലും ബഹുമാനപ്പെട്ട ജെയിംസച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്ന. താൻ ജീവിക്കുന്ന കാലഘട്ടത്തെ അടുത്തറിയുവാൻ, ആധുനിക മാധ്യമ സംസ്കാരത്തോടു ചേർന്നു നിൽക്കാനും അവയെ പഠിക്കാനും ബഹുമാനപ്പെട്ട അച്ചൻ പരിശ്രമിച്ചിരുന്നു.

രണ്ടു വർഷങ്ങളിലേറെയായി പ്രിയപ്പെട്ട ജെയിംസച്ചന്റെ ആരോഗ്യ നിലയിൽ സാരമായ വ്യത്യാസങ്ങൾ കണ്ടു തുടങ്ങിയിരുന്നു. തുടർച്ചയായ ആശുപത്രി സന്ദർശനവും ചികിത്സയും ഔഷധങ്ങളും സാവധാനത്തിൽ ജീവിതത്തിന്റെ ഭാഗമായിത്തുടങ്ങി. രോഗത്തിന്റെ തീവ്രത യെക്കുറിച്ച് ഡോക്ടർമാർ അദ്ദേഹത്തോട് പല സമയങ്ങളിലും സൂചിപ്പിച്ചിരുന്നുവെങ്കിലും അവസാന ദിവസം വരെയും താൻ രോഗിയാണെന്നോ, തനിക്ക് വിശ്രമിക്കാൻ സമയമായെന്നു പറയാനോ, വിശ്വസിക്കാനോ, തന്റെ സഹായം ആവശ്യമുള്ള വിവിധ ഇടവകകളിലെ കൂദാശാനുഷ്ഠാനങ്ങളുൾപ്പെടെയുള്ള, ആശ്രമത്തിന്റെയും സഭയുടെയും പൊതു ഇടങ്ങളിൽ നിന്നും മാറിനിൽക്കാനോ അദ്ദേഹം തയ്യാറല്ലായിരുന്നു. പ്രായഭേദമെന്യേ എല്ലാവരോടും നല്ല ബന്ധം പുലർത്തിയിരുന്ന, എപ്പോഴും സമീപിക്കാവുന്ന, സമാധാന പ്രിയനായ ജെയിംസച്ചന്റെ ജീവിത മാതൃക ഏവർക്കും അനുകരണീയമാണ്.

**ലാസറസ് പാലനിൽക്കുന്നതിലച്ചൻ (91)**

2024 ഫെബ്രുവരി മാസം 15-ാം തീയതി, ബഥനി നവജ്യോതി പ്രോവിൻസിലെ അംഗമായ ബഹുമാനപ്പെട്ട ലാസറസ് പാലനിൽക്കുന്നതിലച്ചൻ തന്റെ 91-ാം വയസ്സിൽ, നമ്മെ വിട്ട് സ്വർഗ്ഗീയ പിതാവിന്റെ ഭവനത്തിലേക്ക് യാത്രയായി. ഉറച്ച സന്ന്യാസ ബോധ്യങ്ങളുടെയും സന്ന്യാസ ജീവിതനിഷ്ഠയുടെയും സൗമ്യതയുടെയും ബഥാന്യൻ മുഖമായിരുന്നു വന്ദ്യനായ ലാസറച്ചൻ.

സുഖമില്ലാത്തവരെയും സമൂഹത്തിനുവേണ്ടി സംഭാവന ചെയ്യാൻ കഴിയാത്തവരെയും സാമൂഹിക സംവിധാനത്തിൽ നിന്നും ഒഴിവാക്കുന്ന പ്രവണത കൂടിവരുന്ന ഈ കാലഘട്ടത്തിൽ, ആശുപത്രികളിൽ, പ്രത്യകിച്ച് പുഷ്പഗിരി മെഡിക്കൽ കോളേജിൽ മുടങ്ങാതെ രോഗീ സന്ദർശനം നടത്തുന്ന, അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന കാവിക്കുപ്പായധാരിയായ ബഥനി ആശ്രമത്തിലെ ലാസറച്ചൻ, പലപ്പോഴും നാം മറന്നു പോകുന്ന ഒരു നല്ല സംസ്കാരത്തിന്റെ കാവൽക്കാരനായിരുന്നു. തന്റെ ജീവിതദൗത്യം പോലെ, ഹൃദയത്തോടു ചേർത്തുവച്ച് ഒരു തപസ്യ പോലെ, മുടങ്ങാതെ ചെയ്തിരുന്ന ഈ വലിയ ശുശ്രൂഷ, തന്റെ ജീവിതാവസാനം വരെ ശ്രദ്ധയോടെ തുടർന്നുകൊണ്ടു പോകുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. തന്റെ ആരോഗ്യനില മോശമായി തുടങ്ങിയ നാളുകളിലും ഈ ദൗത്യ നിർവഹണത്തിൽ അദ്ദേഹം സന്തോഷം കണ്ടെത്തിയിരുന്നു.

ആരേയും ഉപേക്ഷിക്കാത്ത ദൈവത്തിന്റെ സ്നേഹം അനുദിന ജീവിതത്തിൽ അനുഭവവേദ്യമാക്കാൻ വിളിക്കപ്പെട്ട ശുശ്രൂഷയുടെ അടയാളമാകാൻ കഴിഞ്ഞു എന്നുള്ളത് തന്റെ യൗവ്വനത്തിലും വർദ്ധകൃത്തിലും ബഹുമാനപ്പെട്ട ലാസറച്ചനെ വ്യത്യസ്ഥനായ ആശ്രമസ്ഥനാക്കുന്നു. രോഗത്തിന്റെ യാഥാർത്ഥ്യത്തിലേക്കും എല്ലാറ്റിനുമുപരിയായി രോഗിയെന്ന വ്യക്തിയിലേക്കും പുതിയ കണ്ണുകളോടെ നോക്കാൻ ഹൃദയത്തിന്റെയും മനസ്സിന്റെയും പരിവർത്തനം രോഗിക്കും ശുശ്രുഷിക്കുന്നവർക്കും സന്ദർശകർക്കും ആവശ്യമാണെന്ന ക്രൈസ്തവ മൂല്യം തന്റെ ജീവിതത്തിലൂടെ പഠിപ്പിക്കുവാൻ അദ്ദേഹം കാട്ടിയ മാതൃക പുതു തലമുറക്ക് ഏറെ അനുകരണീയമാണ്.

**ഉപസംഹാരം**

സ്വർഗീയ ഭവനത്തിലേക്ക് യാത്രയായ ബഥനിയുടെ പ്രിയപ്പെട്ട ലാസറസ് പാലനിൽക്കുന്നതിലച്ചനും ജെയിംസ് മാമ്മൂട്ടിലച്ചനും സന്തോഷമുള്ള തങ്ങളുടെ മണവറയിലേക്കു മുഖതെളിവോടെ പ്രവേശിക്കാൻ ദൈവം ഇടയാകട്ടെ എന്നു പ്രാർത്ഥിക്കാം. ഈ ദാസർ സ്വീകരിച്ച മാമോദീസയുടെ മുദ്രയും അടയാളവും, പൗരോഹിത്യത്തിന്റെ

നീലയങ്കിയും സന്ന്യാസത്തിന്റെ പ്രഭയും, പ്രകാശഭവനത്തിൽ വിശുദ്ധരോടു കൂടിയുള്ള സന്തോഷത്തിലേക്കു പ്രവേശിക്കാൻ കാരണമാകട്ടെ.

“ഞങ്ങളുടെ പിതാക്കന്മാരേ, സന്തോഷ മണവറയിൽ
ഇനി നിങ്ങളെ ഞങ്ങൾ കാണുമാറാകട്ടെ”

**പ്രത്യാശയുടെ പുണ്യദിനമായ ഈസ്റ്റർ**

അന്ധകാരം നിറഞ്ഞ ലോകത്തിൽ, പ്രതീക്ഷ കൈവിടാതെ, ഭയപ്പെടാതെ, പ്രത്യാശയോടെ ജീവിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട്, ഉത്ഥാനപ്പെരുന്നാൾ ഒരിക്കൽ കൂടി കടന്നുവരികയാണ്. പ്രത്യാശയുടെ പുണ്യദിനമായ ഉയിർപ്പു തിരുന്നാളിന്റെ അനുഗ്രഹങ്ങൾ, ഉത്ഥിതൻ വാഗ്ദാനം നൽകുന്ന, സന്തോഷം നിറഞ്ഞ സമാധാനം നമുക്ക് പരസ്പരം ആശംസിക്കാം. ഹാപ്പി ഈസ്റ്റർ.

**ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത ഇനി ‘ധന്യൻ’**

ബഥനി ആശ്രമ സ്ഥാപകൻ പുണ്യപിതാവ് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധ സിംഹാസനം ധന്യനായി (Venerable) പ്രഖ്യാപിച്ച അനുഗ്രഹീത സന്ദേശം, വളരെ സന്തോഷത്തോടെയാണ് നാമേവരും സ്വീകരിച്ചത്. തിരുവനന്തപുരത്ത്, പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ കബറടക്കപ്പെട്ട് അന്തിയുറങ്ങുന്ന ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയെ, 2007 ജൂലൈ 14-നാണ് ‘ദൈവദാസൻ’ എന്ന പദവിയിലേക്ക് തിരുസഭ ഉയർത്തിയത്.

ദീർഘ നാളത്തെ പ്രാർത്ഥനയുടെയും പഠനത്തിന്റെയും പരിസമാപ്തിയിൽ, 2024 മാർച്ച് മാസം 14-ാം തീയതി, സ്വർഗ്ഗത്തിന്റെ വലിയ കരുണയുടെ അടയാളമായി, തിരുസഭ അംഗീകരിച്ച്, ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തയെ ‘ധന്യൻ’ എന്ന പദവിയിലേക്ക് ഉയർത്തി. നമ്മെ സ്നേഹിച്ചനുഗ്രഹിക്കുന്ന വലിയ ദൈവകരുണയ്ക്കു മുൻപിൽ നന്ദി നിറഞ്ഞ പ്രാർത്ഥനകളോടെ ശിരസ്സു നമിക്കാം. ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയെ ലോകമെങ്ങുമുള്ള വിശുദ്ധ അൾത്താരകളിൽ വണങ്ങപ്പെടുന്ന വിശുദ്ധരുടെ നിരയിലേക്ക് ഉയർത്തപ്പെടുന്ന അനുഗ്രഹീത നിമിഷത്തിനായി പ്രാർത്ഥനാപൂർവ്വം നമുക്ക് കാത്തിരിക്കാം.

**വന്ദ്യനായ മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത**

മലങ്കര കത്തോലിക്കാ സഭയുടെ സെന്റ് എഫ്രേം, കഡ്ക്കി ഭദ്രാസനത്തിന് പുതിയ ഇടയനെ ലഭിച്ചിരിക്കുന്ന. ബഥനി ആശ്രമാംഗമായ ബഹുമാനപ്പെട്ട മത്തായി കടവിലച്ചനെ തിരുസഭ ഭരമേൽപിക്കുന്ന ഈ നേതൃത്വ ശുശ്രൂഷയെ, ഏറ്റം നന്ദിയോടെ ദൈവകരങ്ങളിൽ സമർപ്പിക്കാം. ബഥനി സന്ന്യാസി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി ശുശ്രൂഷ ചെയ്തു കൊണ്ടിരിക്കുമ്പോഴാണ്, ഫാ. ഡോ. മത്തായി കടവിൽ ഒ.ഐ.സി അച്ചനെ, തിരുസഭ ഈ പുതിയ നിയോഗം ഏൽപ്പിക്കുന്നത്. ബഥനി ആശ്രമത്തിൽ ലഭിച്ച സന്ന്യാസ പരിശീലനവും ദീർഘനാളത്തെ സന്ന്യാസ ജീവിതാനുഭവങ്ങളും നേതൃത്വ ശുശ്രൂഷകളിലെ പരിചയ സമ്പത്തും, വന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് പിതാവിന്റെ ഇടയ ശുശ്രൂഷകൾക്ക് കൂടുതൽ അനുഗ്രഹങ്ങൾ പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വന്ദ്യനായ മാത്യൂസ് മാർ പക്കോമിയോസ് പിതാവിന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പ്രത്യേകം അഭിനന്ദിക്കുന്നു.

# കബറിൽനിന്ന് ഉരുട്ടിമാറ്റപ്പെട്ട കാലം (കല്ല്)

**ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി.**
(ബഥനി നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ)

"കല്ലറയിൽനിന്ന് കല്ല് ഉരുട്ടിമാറ്റിയിരിക്കുന്നതായി അവർ കണ്ടു" (ലൂക്കാ 24:2)

യേശുവിന്റെ കബറിൽനിന്ന് ഉരുട്ടിമാറ്റപ്പെട്ട കല്ലിനോടൊപ്പം കാലം കീഴ്മേൽ മറിഞ്ഞു. ഉരുണ്ടുമാറിയത് പരിണാമത്തിന്റെ ഒരു നീണ്ട കാലചക്രമാണ്. പരാജിതന്റെ കല്ലറയുടെ കല്ല് മനുഷ്യരാശിയുടെ വിജയത്തിന്റെ ചാലകശക്തികൊണ്ട് (Kinetic force) ഉരുട്ടിമാറ്റപ്പെട്ടു. ഈ ചാലകശക്തിയുടെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. ക്രിസ്തുവാകുന്ന ചാലകശക്തി കബറിൽ കാലത്തിന്റെ നിഗൂഡതയിലായിരുന്നു. ആ നിഗൂഡത നീക്കി പൊളിച്ചുപുറത്തുവന്നത് കാലം കാത്തുവച്ച മനുഷ്യപരിണാമത്തിന്റെ പുതിയ ചരിത്രമാണ്. ജാതി, വർഗ, വർണ വ്യത്യാസമില്ലാതെ മനുഷ്യരാശിയെ ഒരു ചരടിൽ കോർത്തിണക്കി വിജയത്തിലേക്ക് കുതിക്കുന്ന പരിണാമത്തിന്റെ പുതുയുഗമാണ് നാം ചരിത്രത്തിൽ കാണുന്നത്. യേശുവിന്റെ ഉയിർപ്പിനെ ഒരു വ്യക്തിയുടെ പരലോകരക്ഷയുടെ ഉറപ്പായി മാത്രം ഒതുക്കുന്നത് ക്രിസ്തുവാകുന്ന ചാലകശക്തിയുടെ പ്രാപഞ്ചികസ്വഭാവത്തെ (cosmic crist) തമസ്കരിക്കുന്നതാണ്. പരിണാമശ്രേണിയുടെ പരമകോടിയിൽ എത്തിനിൽക്കുന്ന, കബറിന്റെ കല്ലുരുട്ടി മാറ്റി പ്രപഞ്ചത്തിലേക്ക് പ്രസരിച്ച ക്രിസ്തുവിന്റെ ചലനാത്മകത നാഡീഞരമ്പുകളിലേക്ക് ഏറ്റുവാങ്ങുന്നതാണ് യഥാർത്ഥ ക്രിസ്താനുകരണം. ഈ ക്രിസ്താനുകരണത്തിലേക്കാണ് ഓരോ ബഥനി ആശ്രമസ്ഥനും വിളിക്കപ്പെട്ടിരിക്കുന്നത്. ചലനാത്മകമല്ലാത്ത കാലമാകുന്ന കല്ല് മനുഷ്യരാശിയിൽനിന്ന് ഉരുട്ടിമാറ്റേണ്ട ക്രിസ്തുവാകുന്ന ചാലകശക്തികളായി മാറേണ്ടവരാണ് നമ്മൾ. അപ്പോൾ ക്രിസ്തുവാകുന്ന കേന്ദ്രബിന്ദുവിലേക്ക് എല്ലാവരെയും ആകർഷിക്കുന്ന പരിണാമത്തിന്റെ ചാലകശക്തികളായി നാം മാറും. കാലം കൂട്ടിവച്ച കബറിന്റെ കല്ലുകൾ ഉരുട്ടിമാറ്റി നമ്മിലെ ക്രിസ്തുവാകുന്ന ചാലകശക്തിയെ പുറത്തുകൊണ്ടുവരാനുള്ള ഓർമ്മപ്പെടുത്തലാകട്ടെ ഓരോ ഉയിർപ്പ് തിരുനാളും.

* * * *

**ഓർമ്മകളിലെ ഫാ. ലാസറസ് പാലനിൽക്കുന്നതിലും ഫാ.ജെയിംസ് മാമ്മൂട്ടിലും**

നമ്മെ വിട്ട് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ രണ്ട് സന്ന്യാസവൈദികരെയും അഭിമാനത്തോടും നന്ദിയോടുംകൂടി നമുക്ക് ഓർക്കാം. ലാളിത്യത്തിന്റെയും സന്ന്യാസനിഷ്ഠയുടെയും സൗമ്യതയുടെയും ജീവിതശൈലി മാതൃകാസ്തംഭമായി നമുക്കു മുമ്പിൽ ഉയർത്തിയിട്ടാണ് ബ.ലാസറച്ചൻ കടന്നുപോയിരിക്കുന്നത്. ഉറച്ച സഭാത്മക ജീവിതത്തിന്റെയും മിഷൻ തീക്ഷ്ണതയുടെയും സന്ന്യാസബോധ്യങ്ങളുടെയും നേർസാക്ഷ്യം നൽകിയിട്ടാണ് ബ.ജെയിംസ് മാമ്മൂട്ടിലച്ചൻ തന്റെ നിത്യസമ്മാനത്തിനായി പോയത്. മിശിഹാനുകരണത്തിന്റെ മാർഗേ സഞ്ചരിച്ച ബഥനിയുടെ വിശ്വസ്തരേ, നിങ്ങൾ സ്വർഗത്തിൽ വിശുദ്ധരുടെ ഗണങ്ങളോടൊപ്പം മിശിഹായുടെ വലത്തുഭാഗത്ത് നിത്യം വസിക്കുക.

# ബഥനിയിൽനിന്ന് വീണ്ടുമൊരു മേല്പട്ടക്കാരൻ
# അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത

**ഫാ. ജോർജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.**

**ബഥാന്യൻ പിൻഗാമി**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പൂനെ-കഡ്കി ഭദ്രാസനത്തെ 'ജ്ഞാനത്തോടും വിവേകത്തോടും നയിക്കുവാൻ കർത്താവ് തനിക്കിഷ്ടമുള്ള ഒരിടയനെ' (ജറെമിയ 3:15) നല്കിയിരിക്കുന്നു. നിങ്ങളെ മേയിക്കുന്നതിന് കാലാകാലങ്ങളിൽ ഞാൻ ഇടയന്മാരെ നിയോഗിക്കും (Pastores dabo vobis) എന്ന പ്രവചനത്തിന്റെ (ജറെമിയ 23:4) പൂർത്തീകരണമാണിത്. സത്യോപദേശം ശരിയായി പഠിപ്പിക്കുന്ന ഇടയന്മാർ സഭയിലുണ്ടാകുവാൻ ഇടയാക്കേണമെ എന്ന സഭാമക്കളുടെ തീഷ്ണമായ പ്രാർത്ഥനയുടെ പ്രത്യുത്തരം കൂടിയാണ് വന്ദ്യ മത്തായി കടവിൽ ഒ.ഐ.സി. അച്ചന്റെ മേലദ്ധ്യക്ഷ സ്ഥാനത്തേക്കുള്ള ഈ തിരഞ്ഞെടുപ്പും നിയമനവും.

ബഥനി ആശ്രമത്തിൽ നിന്ന് കടന്നുവന്ന് മലങ്കര കത്തോലിക്കാസഭയെ നയിച്ച് വളർത്തിയ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്, പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് പിതാവ്, അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവ എന്നീ അതിശ്രേഷ്ഠ പിതാക്കന്മാരുടെ പിൻഗാമികളായ അഭിവന്ദ്യ യാക്കോബ് മാർ ബർണബാസ് മെത്രാപ്പോലീത്ത, അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്ത എന്നിവരുടെ നിരയിലേക്ക് അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് പിതാവും നിയോഗിക്കപ്പെട്ടിരിക്കുന്നു എന്നത് ബഥനി സന്ന്യാസ സമൂഹത്തിന് സന്തോഷവും അഭിമാനവും നല്കുന്ന കാര്യമാണ്. പൂനെ-കഡ്കി ഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിന്റെ പിൻഗാമിയായിട്ടാണ് അഭിവന്ദ്യ പിതാവ് അഭിഷേചിക്കപ്പെടുന്നത് എന്ന യാഥാർത്ഥ്യം ഒരു ചരിത്ര നിയോഗമായി കാണുകയാണ്.

1950 മുതൽ ബഥനി ആശ്രമാംഗങ്ങൾ പുനെ-കഡ്കി രൂപതാർത്തികളിൽ അജപാലന ശുശ്രൂഷയിൽ വ്യാപൃതരായിരുന്നു. അവിടെ വിവിധ സ്ഥലങ്ങളിൽ പാർത്തിരുന്ന മലങ്കര കത്തോലിക്കരെ ഒന്നിച്ചു കൂട്ടാനും മലങ്കര കത്തോലിക്കാസഭയുടെ വിശ്വാസ പൈതൃകത്തിലും ആരാധനക്രമ പാരമ്പര്യത്തിലും അവരെ നിലനിർത്താനും വളർത്തിയെടുക്കാനും അന്നത്തെ പരിമിതമായ സാഹചര്യങ്ങളിൽ വളരെ ശുഷ്കാന്തിയോടും ത്യാഗമനോഭാവത്തോടും അവർ പരിശ്രമിച്ചിട്ടുണ്ട്. വളരെ പ്രത്യേകമായി സഭയുടെ ഭാവി തലമുറയെ, യുവതീയുവാക്കളെയും കുട്ടികളെയും, നമ്മുടെ വിശ്വാസത്തിലും പാരമ്പര്യത്തിലും നിലനിർത്തുവാനാവശ്യമായ ധാരാളം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സമൂഹാംഗങ്ങളുടെ തീഷ്ണമായ മിഷൻ ചൈതന്യത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഫലമായി ഈ പ്രദേശം മലങ്കര കത്തോലിക്ക സഭയുടെ ഒരു രൂപതയായി ഉയർത്തപ്പെടാവുന്ന സ്ഥിതിയിലെത്തിച്ചേർന്നു. 1915 ൽ അത് യാഥാർത്ഥ്യവത്കരിക്കപ്പെടുകയും ബഥനിയിൽ നിന്ന് അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്ത രൂപതാദ്ധ്യക്ഷനായി നിയോഗിക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമിയായി മറ്റൊരു ബഥനി ആശ്രമസ്ഥൻ തന്നെ തിരഞ്ഞെടുക്കപ്പെട്ടു എന്ന ചരിത്ര വസ്തുത ബഥനി ആശ്രമവും

മലങ്കര കത്തോലിക്ക സഭയുമായുള്ള അവിഭാജ്യമായ ബന്ധത്തിന്റെയും ബഥനിയുടെ അപ്പ സ്തോലിക തീഷ്ണതയുടെയും അംഗീകാരമായും ശക്തിപ്പെടുത്തലായും അഭിമാനപൂർവ്വം കാണുകയും ചെയ്യുന്നു.

**തികഞ്ഞ അനുഭവസമ്പത്ത്**

1989 ൽ വൈദികാഭിഷിക്തനായ അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് തിരുമേനി ബഥനി ആശ്രമ വൈദികനെന്ന നിലയിൽ ബഥനി സന്ന്യാസ സമൂഹത്തിന്റെയും മലങ്കര കത്തോ ലിക്ക സഭയുടെയും വിവിധ മേഖലകളിൽ പ്രവർത്തിച്ചും നേതൃത്വം നല്കിയതുമായ വലി യൊരു പരിചയ സമ്പത്തിനുടമയാണ്. ഇത് ഒരു ശ്രേഷ്ഠ ഇടയനെന്ന നിലയിൽ തന്റെ ഭാവി അജപാലന ശുശ്രൂഷയിൽ വളരെ കാര്യക്ഷമമായ ഒരു പങ്കുവഹിക്കും എന്ന കാര്യത്തിൽ സംശയം വേണ്ട. ബഥനി സന്ന്യാസ സമൂഹത്തിന്റെ വ്യത്യസ്ഥങ്ങളായ ശുശ്രൂഷ വേദികളിൽ പിതാവ് നിയമിതനായിട്ടുണ്ട്. ഒരു ഉത്തമ ആശ്രമസ്ഥനെന്ന നിലയിൽ വളരെ കാര്യക്ഷമമായി അവിടെയെല്ലാം പ്രവർത്തിക്കുകയും സമൂഹം ലക്ഷ്യം വച്ച കാര്യങ്ങൾ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. സമൂഹത്തിന്റെ സന്ന്യാസ വൈദിക പരിശീലന രംഗത്ത് അദ്ദേഹം പ്രവർത്തന നിരതനായിട്ടുണ്ട്. പൂനെ വൈദിക പരിശീലന കേന്ദ്രമായ ബഥനി വേദവിജ്ഞാന പീഠത്തിന്റെ റെക്ടറായും ആശ്രമ സുപ്പീരിയറായും അച്ചൻ നിയമിതനായി പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ സമൂഹത്തിന്റെ വിവിധ ആശ്രമങ്ങളുടെ സുപ്പീരിയറായിരുന്നിട്ടുണ്ട്. ബഥനി നവജ്യോതി പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിലറായും രണ്ടു തവണ പ്രൊവിൻഷ്യൽ സുപ്പീരിയ റായും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അതേത്തുടർന്ന് സമൂഹത്തിന്റെ സമുന്നത പദവിയായ സുപ്പീ രിയർ ജനറൽ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഈ നേതൃത്വ ശുശ്രൂഷാ കാലയളവിലെല്ലാം സമൂഹത്തിന്റെ അടിസ്ഥാനാദർശങ്ങളിൽ നിന്നു വ്യതിചലിക്കാതെയും എന്നാൽ കാലാനുസൃ തമായും ബഥനിയെ നയിക്കുവാൻ ത്യാഗോജ്ജ്വലമായി കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ട്.

ഇവയോടൊപ്പം മലങ്കര കത്തോലിക്ക സഭയുടെ വിവിധ ഇടവകകളിൽ ഇടവക വികാരി യായി അജപാലന ശുശ്രൂഷ നിർവ്വഹിച്ചിട്ടുള്ള അനുഭവസമ്പത്തും അഭിവന്ദ്യ പിതാവിനുണ്ട് എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. പൂനെയിലായിരുന്നപ്പോൾ ബോംബെ-പൂനെ മിഷൻ സുപ്പീരിയറായി നിയമിതനായി ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ സമൂഹത്തിന്റെ ആ പ്രദേശങ്ങളിലെ പ്രേഷിതപ്രവർത്തനങ്ങൾക്ക് ദിശാബോധം നല്കി ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈ കാലഘട്ടത്തിൽത്തന്നെ തിരുവല്ല അതിരൂപതയുടെയും മലങ്കര കത്തോലിക്കാ സഭയു ടെയും എം.സി.വൈ.എം., എം.സി.എ. ഡയറക്ടറായും അത്മായരുടെ സിനഡൽ കമ്മറ്റിയുടെ സെക്രട്ടറിയായും നിയമിതനാവുകയും ശ്രേഷ്ഠമായ ശുശ്രൂഷ ഈ മേഖലകളിൽ നിർവ്വഹിക്കു കയും ചെയ്തിരുന്നു. ഈ പ്രസ്ഥാനങ്ങളുടെയെല്ലാം സഭയ്ക്കുള്ളിലെ വളർച്ച ത്വരിതപ്പെടു ത്തുവാൻ അഭിവന്ദ്യ പിതാവിന്റെ ദീർഘ വീക്ഷണവും കർമ്മോത്സുകതയും നേതൃപാടവും ലളിത ജീവിതശൈലിയും കാരണമായിട്ടുണ്ട്.

ബൗദ്ധിക മേഖലയിലും (Academic) പ്രത്യേകിച്ച് ദൈവശാസ്ത്ര മേഖലയിൽ അഭിവന്ദ്യ പിതാവ് ഏറെ കർമ്മനിരതനാണ്. പൂനെ ജ്ഞാന ദീപയിൽ നിന്ന് തത്വശാസ്ത്രത്തിലും ദൈവ ശാസ്ത്രത്തിലും ബിരുദം സമ്പാദിച്ച അച്ചൻ ബെൽജിയത്തിലെ പ്രസിദ്ധമായ ലൂവൈയിൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ഗവേഷണം നടത്തി ഡോക്ടറേറ്റ് കരസ്ഥ

മാക്കിയിട്ടുണ്ട്. പിതാവിന്റെ ഗവേഷണ വിഷയം : Sacramentality of creation from the perspectives of Leonardo Boff, Alexander Schmeman and St. Ephrem എന്നതാണ്. വിവിധ ശുശ്രൂഷാതലങ്ങളിലൂടെ തന്റെ ദൈവശാസ്ത്ര വിജ്ഞാനവും വീക്ഷണങ്ങളും മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ ലഭിക്കുന്ന ഒരവസരവും പിതാവ് നഷ്ടമാക്കുകയില്ല. അദ്ദേഹം വിവിധ സെമിനാരികളിൽ ദൈവശാസ്ത്രം പഠിപ്പിക്കുന്നുണ്ട്. ഏതാനും ലഘുഗ്രന്ഥങ്ങളുടെ കർത്താവാണ്. 150 ൽ പരം ഈടുറ്റ ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദേശീയ-അന്തർ ദേശീയ കോൺഫറൻസുകളിൽ പല പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. നിരവധി ഗ്രന്ഥങ്ങളും സ്മരണികകളും എഡിറ്റ് ചെയ്തിട്ടുണ്ട്. ബഥനി പബ്ളിക്കേഷൻസ്, ബുക്ക് സെന്റർ ഇവയുടെ ഡയറക്ടർ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം ഉപരിയായി കെ.സി.ബി.സി തിയോളജിക്കൽ കമ്മീഷന്റെയും മലങ്കര തിയോളജിക്കൽ കമ്മീഷന്റെയും സെക്രട്ടറിയായി പ്രശംസാർഹമായ രീതിയിൽ സേവനമനുഷ്ഠിക്കുന്നു.

വൈവിദ്ധ്യമാർന്ന ഈ അനുഭവസമ്പത്തിന്റെ കലവറ അഭിവന്ദ്യ പക്കോമിയോസ് പിതാവിന്റെ ഭാവി അജപാലന ശുശ്രൂഷയിൽ നിർണ്ണായകമായ പങ്കു വഹിക്കും എന്നതിൽ തെല്ലും സംശയമില്ല. ഈ സാഹചര്യത്തോടൊപ്പം പിതാവ് ബഥനിയുടെ പ്രാർത്ഥനാചൈതന്യത്തിന്റെയും താപസ മനോഭാവത്തിന്റെയും ലാളിത്യത്തിന്റെയും തികഞ്ഞൊരു ദൃഷ്ടാന്തമാണ്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ശക്തികേന്ദ്രങ്ങളാണിവയെല്ലാം. തന്റെ ജീവിതത്തിന്റെ പ്രതികൂല സാഹചര്യങ്ങളിലും പ്രശ്ന നിബിഡമായ അവസ്ഥകളിലും ഈ സന്ന്യാസാദ്ധ്യാത്മികാടിസ്ഥാനങ്ങളിൽനിന്നാണ് അച്ചൻ ജീവോർജ്ജം കണ്ടെത്തുന്നത്.

**ഇടയധർമ്മം**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പൂനെ-ഖഡ്കി ഭദ്രാസനാദ്ധ്യക്ഷൻ എന്ന നിലയിൽ തന്നെ ഭരമേല്പിച്ചിരിക്കുന്ന അജഗണത്തിന്റെ 'സ്വന്ത ഇടയൻ' എന്ന ചൈതന്യത്തിൽ അവയെ മേയിക്കാനും നയിക്കാനുമുള്ള ദിവ്യദൗത്യമാണ് അഭിവന്ദ്യ പിതാവിൽ നിക്ഷിപ്തമാകുന്നത്. സുവിശേഷാധിഷ്ഠിതമായ ഇടയ ധർമ്മമാണ് അദ്ദേഹത്തിനു നിർവ്വഹിക്കുവാനുള്ളത്. ഈ ഇടയധർമ്മം നിർവ്വഹിക്കുന്നത് തന്നെ ഭരമേല്പിച്ചിട്ടുള്ളവരെ പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും നയിക്കുകയും ചെയ്യുക എന്ന ത്രിവിധ ദൗത്യനിർവ്വഹണത്തിലൂടെയാണ്. ഈ ദൗത്യ നിർവ്വഹണത്തിൽ സകല മനുഷ്യരെയും, – ക്രൈസ്തവരെയും അക്രൈസ്തവരെയും വിശ്വാസികളെയും അവിശ്വാസികളെയും സത്യവിശ്വാസത്തിൽനിന്നു വഴിതെറ്റിപ്പോയവരെയും ഈ മാർഗ്ഗത്തെപ്പറ്റി അജ്ഞാതരായവരേയും – ഉൾക്കൊള്ളണം എന്നാണ് ആധുനികസഭ അനുശാസിക്കുന്നത്. സാർവ്വത്രികമായ ഒരു മിഷൻ കാഴ്ചപ്പാടാണിത്. പൂനെ- കഡ്കി പ്രദേശങ്ങളിൽ ഇതേറ്റം പ്രസക്തമാണിന്ന്.

ക്രിസ്തുവിന്റെ സുവിശേഷം ജനങ്ങളിലെത്തിക്കുക എന്ന പ്രബോധനദൗത്യത്തിന്റെ നിർവ്വഹണം, ക്രൈസ്തവ സിദ്ധാന്തങ്ങളെ കാലോചിതമായ ആവശ്യങ്ങൾക്കും യോജിച്ച നിലയിൽ അവതരിപ്പിച്ചുകൊണ്ടാവണം ആധുനിക മെത്രാന്മാർ നടത്തേണ്ടത് എന്ന് സഭ ഓർമ്മിപ്പിക്കുന്നു. ഇപ്രകാരം ജനങ്ങളെ അവർ സംരക്ഷിക്കണം. ഈ വിഷയത്തിൽ ജനങ്ങളോടു ശരിയായ സമ്പർക്കം പുലർത്തി അവരുടെയിടയിലേക്ക് ഇറങ്ങിച്ചെല്ലുന്ന ഇടയന്മാരെയാണിന്നാവശ്യം.

വ്യക്തവും വിനയസമ്പുഷ്ടവും സൗമ്യവുമായ സംഭാഷണം അവരിൽ നിന്നു പ്രതീക്ഷിക്കുന്നു. മതബോധന രംഗത്ത് വിവിധ തരത്തിലുള്ള ആധുനിക ആശയവിനിമയ ഉപാധികൾ പരമാവധി പ്രയോജനപ്പെടുത്തണം.

അതുപോലെതന്നെ തങ്ങൾക്കേല്പിക്കപ്പെട്ടിരിക്കുന്ന ജനത്തിന്റെ ദൈവാരാധനപരമായ ജീവിതം മുഴുവന്റെയും ഭരണകർത്താവും പരിപോഷകനും സംരക്ഷകനുമാണ് രൂപതയുടെ അദ്ധ്യക്ഷൻ. ദൈവിക കാര്യങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ടവരും നിയുക്തരുമാണ് മെത്രാന്മാർ. അതുകൊണ്ട് തന്നെ ഭരമേല്പിച്ചിട്ടുള്ള ദൈവജനം ഏകമനസ്സോടെ പ്രാർത്ഥിക്കുന്നവരും കൂദാശകളുടെ സ്വീകരണത്തിലൂടെ ദൈവകൃപയിൽ വളർച്ച പ്രാപിക്കുന്നവരും കർത്താവിനു വിശ്വസ്തമായ സാക്ഷ്യം വഹിക്കുന്നവരുമായിത്തീരുവാൻ കഠിനമായി പ്രയത്നിക്കണം എന്നും സഭ ആവശ്യപ്പെടുന്നുണ്ട്.

ദൈവജനത്തിന്റെ അജപാലകൻ എന്ന നിലയിൽ അവരെ നയിക്കുക എന്ന ഇടയശുശ്രൂഷയും ഒരു മെത്രാൻ നിർവ്വഹിക്കണം. സുവിശേഷത്തിലെ നല്ല ഇടയന്റെ (യോഹ. 10:1-14) പ്രതിരൂപങ്ങളാണവർ. സ്നേഹത്തിന്റെ ഐക്യത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന യഥാർത്ഥ "പിതാക്കന്മാരാണവർ". ഭരണകർത്താവിന്റെ സ്വരത്തേക്കാൾ പിതാവിന്റെ സ്വരമാണ് അവരിൽനിന്നുണ്ടാകേണ്ടത്. പാവപ്പെട്ടവരും എളിയവരും മെത്രാന്മാരുടെ പക്കലേക്ക് പ്രത്യേകം അയക്കപ്പെട്ടവരാണ് എന്നു മനസ്സിലാക്കി അവരോടു പെരുമാറണം. സ്ഥലകാലത്തിന്റെ ആവശ്യങ്ങൾക്കനുസൃതം അവർ അവരുടെ ജീവിതം ക്രമപ്പെടുത്തണം. ഉപവി, വിനയം, അനാർഭാട ജീവിതം ഇവയിലൂടെ വിശുദ്ധിയുടെ ജീവിതത്തിന്റെ പ്രതീകങ്ങൾ ആവണം.

**കൂട്ടുത്തരവാദിത്വം**

തന്നെ ഭരമേല്പിച്ചിരിക്കുന്ന അജപാലന ശുശ്രൂഷ നിർവ്വഹണത്തിൽ മെത്രാൻ ഒരിക്കലും ഏകനല്ല, ഏകനാകരുത്. തിരുസഭാ ഗാത്രത്തിലെ മറ്റംഗങ്ങളോട് ബന്ധപ്പെട്ടു നിന്നുകൊണ്ടാണ് അദ്ദേഹം പ്രവർത്തിക്കുന്നതും പ്രവർത്തിക്കേണ്ടതും. ആധുനിക കാലയളവിലും ആധുനിക സഭയിലും കൂട്ടുത്തരവാദിത്വം എന്ന ആശയം വളരെ നിർണ്ണായകമാണ്. തിരുസഭ ഒരു കൂട്ടായ്മയാണ് (Communion). സാർവ്വത്രിക സഭാതലവൻ പരിശുദ്ധ മാർപ്പാപ്പായോടും മറ്റു മെത്രാന്മാരോടും വൈദികരോടും സന്ന്യസ്തരോടും വിശ്വാസിഗണത്തോടും ബന്ധപ്പെട്ടുകൊണ്ടാണ് കാര്യങ്ങൾ ആവിഷ്കരിക്കേണ്ടതും നടപ്പാക്കേണ്ടതും. തന്റെ ചുമതലയിലുള്ള ഭദ്രാസനത്തിൽ കാര്യക്ഷമമായ ഭരണനിർവ്വഹണത്തിനായി വിവിധ വൈദിക, സന്ന്യസ്ത, അത്മായ സംഘടനകൾ ഉണ്ടാവുകയും അവ പ്രവർത്തനനിരതമാകുകയും ചെയ്യേണ്ടത് അനിവാര്യമായ ഒരു ഘടകമാണ്. വൈദികരുടെ ഉപദേശക സമിതികൾ, പാസ്റ്ററൽ കൗൺസിൽ, യുവജനസംഘടനകൾ, അത്മായ സംഘടനകൾ, മതാദ്ധ്യാപകർക്കും കുട്ടികൾക്കുമുള്ള സംഘടനകൾ ഇവയെല്ലാം സജീവമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നു എന്നുറപ്പു വരുത്തി നിലനിർത്താനും ഫലപ്രദമാക്കാനും പ്രത്യേകശ്രദ്ധ ആവശ്യമാണ്. ഇവയെല്ലാം നാമമാത്രമായി നിലകൊണ്ടതുകൊണ്ടായില്ല. അവയുടെ പുഷ്ടിപ്പെടലിലൂടെയാണ് രൂപത വളരുന്നത്. ഇത്തരം സംഘടനകളിലൂടെ മറ്റുള്ളവരും സഭയുടെ വളർച്ചയിൽ കൂടുതൽ ഉത്തരവാദിത്വമുള്ളവരാകുകയും സഭയോടു കൂടുതൽ കൂറുള്ളവരായിത്തീരുകയും ചെയ്യും.

**സാംസ്കാരികാനുരൂപണം**

പൂനെ-കഡ്കി രൂപതയുടെ അദ്ധ്യക്ഷനായി നിയോഗിതനായിരിക്കുന്ന അഭിവന്ദ്യ പക്കോമിയോസ് തിരുമേനിയുടെ മുന്നിലുള്ള മറ്റൊരു പ്രധാന വെല്ലുവിളിയാണ് കേരളത്തിനു വെളിയിലുള്ള ഭൂപ്രദേശങ്ങളിൽ, കേരളത്തിൽ നിന്നു വിഭിന്നമായ ഭാഷയും സംസ്കാരവും ജീവിതരീതിയുമുള്ള ജനങ്ങളോട്, സുവിശേഷം അറിയിക്കുക, മലങ്കര സഭയുടെ ആരാധനാനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും അവരെ പഠിപ്പിക്കുക എന്നീ വിഷയങ്ങൾ. പിതാവിനെ സംബന്ധിച്ചിടത്തോളം ഈ പ്രത്യേക ആവശ്യവും അതിന്റെ സാദ്ധ്യതകളും അത്ര അപരിചിതമല്ല. പിതാവ് ആ പ്രദേശങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള ആളുമാണ്. ഇത്തരം സാഹചര്യങ്ങളിൽ സഭ മുന്നോട്ടു വയ്ക്കുന്നത് സാംസ്കാരികാനുരൂപണത്തിന്റെ ദൈവശാസ്ത്രമാണ് (theology of inculturation). രണ്ടാം വത്തിക്കാൻ കൗൺസിൽ വളരെ ശക്തമായി ഈ ആശയം ആവിഷ്കരിച്ചിട്ടുണ്ട്. നാം സുവിശേഷപ്രചരണം നടത്തുന്ന ആളുകളുടെ ഭാഷയും സംസ്കാരവും ജീവിതരീതിയും മനസ്സിലാക്കി അതിലേക്കിറങ്ങിച്ചെന്ന് അതിൽ നിന്നുൾക്കൊള്ളാവുന്നതെല്ലാം ഉൾക്കൊണ്ടുകൊണ്ട് ക്രിസ്തു വിശ്വാസം അവരുടെ മുൻപിലവതരിപ്പിച്ച് അവരെ ക്രിസ്തുവിലേക്കാകർഷിക്കുന്ന പ്രക്രിയയാണിത്. യേശുവിന്റെ മനുഷ്യാവതാരത്തിന്റെ ദൈവശാസ്ത്രമാണിത്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് വത്തിക്കാൻ കൗൺസിലിനും അനേക വർഷങ്ങൾക്കു മുൻപ് സന്ന്യാസത്തിലുള്ള സാംസ്കാരികാനുരൂപണ ദൈവശാസ്ത്രത്തിലൂടെയാണ് ബഥനി ആശ്രമം സ്ഥാപിച്ചത്. ഭാരതത്തിലുടനീളം സുവിശേഷ പ്രചരണമെന്നതായിരുന്നു പിതാവിന്റെ പദ്ധതി. ഈ പ്രക്രിയക്ക് കൂടുതൽ ആഴവും അർത്ഥവും നല്കാൻ പുതിയ ഇടയനു സാധിക്കട്ടെ.

മേല്പട്ടസ്ഥാനീയനായ അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് പിതാവിന് എല്ലാവിധ അഭിനന്ദനങ്ങളും ഭാവുകങ്ങളും ആശംസിക്കുന്നു. ദൈവാനുഗ്രഹങ്ങൾക്കായ് പ്രാർത്ഥിക്കുന്നു.

# ബഥനിയുടെ അഭിമാനമായ
# മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത

**ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.**

മെത്രാൻ സ്ഥാനത്തേക്കുള്ള മത്തായി കടവിലച്ചന്റെ നിയമനം അപ്രതീക്ഷിതമായിരുന്നില്ല. പൂനാ-കഡ്കി ഭദ്രാസനാധിപനായി ഇനി ആര് എന്ന ചോദ്യമുയർന്നപ്പോൾ തന്നെ 'ഓക്സിയോസ്' (ഇവൻ യോഗ്യൻ) എന്ന് മത്തായി അച്ചനെപ്പറ്റി പലരും ചിന്തിച്ചിരുന്നു. ഒരു മെത്രാനുവേണ്ടുന്ന വിശുദ്ധിയും വിജ്ഞാനവും ഭരണപാടവവും മത്തായി അച്ചനിലുണ്ട് എന്ന ഉത്തമബോദ്ധ്യത്തിൽ സഭ അദ്ദേഹത്തെ ഒരു പുതിയ ദൗത്യം ഏല്പിച്ചിരിക്കുന്നു. നവ ഇടയന് സ്നേഹപൂർവ്വം പ്രാർത്ഥനാശംസകൾ!

പിന്നിട്ട വഴികളിലൂടെ ദൈവം പുതിയ മെത്രാനെ ഒരുക്കുകയും പരിശീലിപ്പിക്കുകയും ആയിരുന്നു. ജീവിതത്തിന്റെ വിവിധ മേഖലകളിൽ കൂടിയുള്ള സഞ്ചാരപഥമായിരുന്നു മത്തായി അച്ചന്റേത്. ഇടവകവികാരി, മിഷൻ സുപ്പീരിയർ എന്നീ നിലകളിൽ പ്രവർത്തിച്ച് സഭയിലെ സാധാരണക്കാരുടെ സ്പന്ദനങ്ങൾ അറിയാൻ ഇടയായി. സഭാതല എം.സി.എ, എം.സി.വൈ.എം. ഡയറക്ടർ പദവിയിലിരുന്ന് യുവജനങ്ങളുടെയും ആകമാനാലങ്കാര കത്തോലിക്കാസഭയുടെയും വിചാരധാരകൾ മനസ്സിലാക്കി; സെമിനാരി അധ്യാപകൻ, റെക്ടർ എന്നീ സ്ഥാനങ്ങൾ വഹിച്ചു പ്രവർത്തിച്ചപ്പോൾ സഭയുടെ ഭാവിയെ നിർണ്ണയിക്കുന്ന വ്യക്തികളെ രൂപപ്പെടുത്തുന്നതിനും ഭാവിസഭ എങ്ങനെയാണ് ചിന്തിക്കുന്നതെന്ന് മനസ്സിലാക്കുന്നതിനും ഇടയായി. 'ബോധി' പോലെയുള്ള സംഘടനയിലെ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ പുറമ്പോക്കിലുള്ള വരിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കണമെന്നുള്ള ആശയവും ഉൾബോധ്യവും ഉണ്ടായി; പ്രൊവിൻഷ്യൽ, സുപ്പീരിയർ ജനറൽ എന്നീ സ്ഥാനങ്ങളിലെ ഭരണപരിചയം, രൂപതയെ നയിക്കുന്നതിൽ സഹായകമായിത്തീരും.

കിട്ടിയ അവസരങ്ങളിൽ നന്നായി ശോഭിക്കാൻ കഴിഞ്ഞതിനാലാണ് പുതിയ സ്ഥാനങ്ങൾ പക്കോമിയോസ് പിതാവിനെ തേടിയെത്തിയത്. "ചെറിയ കാര്യത്തിൽ വിശ്വസ്തൻ വലിയ കാര്യത്തിലും വിശ്വസ്തനായിരിക്കും. ചെറിയ കാര്യത്തിൽ അവിശ്വസ്തൻ വലിയ കാര്യത്തിലും അവിശ്വസ്തനായിരിക്കും" (ലൂക്കാ 16:10). സ്ഥാനമാനങ്ങളെ അലങ്കാരമായി കരുതാതെ, പ്രവർത്തനശേഷി തെളിയിക്കാനുള്ള അവസരമാക്കി അദ്ദേഹം മാറ്റി. ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വം ചെറുതോ വലുതോ എന്നുള്ളതല്ല. അത് എത്രമാത്രം വിശ്വസ്തതയോടും സ്നേഹത്തോടും കൂടി ചെയ്യുന്നു എന്നുള്ളതാണല്ലോ, ആ കർമ്മത്തെ മഹത്തരമാക്കിത്തീർക്കുന്നത്.

ലുവെയ്നിലെ ഉന്നതവിദ്യാഭ്യാസം അഭിവന്ദ്യ പിതാവിന്റെ ധിഷണയുടെ മൂർച്ചകൂട്ടി. തന്റെ പഠനമികവിനും ഗവേഷണബുദ്ധിക്കും യൂണിവേഴ്സിറ്റി നൽകിയ ബഹുമതി, അർഹിക്കുന്ന വ്യക്തിയിൽ വന്നു ചേർന്ന അംഗീകാരം തന്നെയാണ്. ഡോക്ടറേറ്റ് നേടുന്നതോടെ പലരും അവസാനിപ്പിക്കുന്ന തുടർപഠനങ്ങൾക്ക് അപവാദമാണ് പക്കോമിയോസ് പിതാവ്. തന്റെ വിജ്ഞാനത്വര കെട്ടടങ്ങാൻ അനുവദിക്കാതെ വായനാലോകത്തു വ്യാപരിച്ച പിതാവ് ലഭിക്കുന്ന വേദികളിലാകെ ദൈവശാസ്ത്രവിഷയങ്ങൾ സംസാരിച്ചു; എഴുത്തിലൂടെ

അറിവുപങ്കുവച്ചു. ദൈവശാസ്ത്രം, സഭാചരിത്രം എന്നിവയിലൊക്കെ ആധികാരികമായി സംസാരിക്കാൻ സഭയ്ക്ക് ഒരു നാവുണ്ടായി. ആശ്രമസ്ഥർ കുറേക്കൂടി ഗവേഷണബുദ്ധിയോടെ പഠനങ്ങളിൽ ഏർപ്പെടണമെന്ന ആഗ്രഹം പിതാവു പലപ്പോഴും പ്രകടിപ്പിക്കുന്നതു ശ്രദ്ധിച്ചിട്ടുണ്ട്.

പ്രഗത്ഭനായ ഒരു ദൈവശാസ്ത്രജ്ഞൻ സിനഡിൽ ഉണ്ടാകണമെന്നത് നമ്മുടെ പരിശുദ്ധ സുന്നഹദോസിന്റെ ഒരാവശ്യമായിരുന്നു എന്നുവേണം കരുതാൻ. ഇനി സഭയെ പ്രതിനിധീകരിച്ച് പല ദൈവശാസ്ത്ര ചർച്ചാവേദികളിലും പക്കോമിയോസ് മെത്രാപ്പോലീത്തയെ കാണാൻ കഴിയുമെന്നു വിശ്വസിക്കുന്നു. മറ്റു സഭകളെ ദൈവശാസ്ത്രജ്ഞരുമായുള്ള സൗഹാർദ്ദം അവരുമായി സംവദിക്കാനുള്ള കഴിവും സഭാന്തര സംവാദവേദികളിലെ സ്ഥിരസാന്നിദ്ധ്യമായി പക്കോമിയോസ് പിതാവിനെ മാറ്റുമെന്നാണ് പ്രതീക്ഷ.

തന്റെ ലളിതജീവിതം, എം.സി.എം., എം.സി.വൈ.എം ഡയറക്ടർ ആയിരുന്ന കാലം മുതൽ അത്മായ നേതാക്കളോടു പുലർത്തിവരുന്ന ആത്മബന്ധം രൂപതാദ്ധ്യക്ഷന്മാരുമായുള്ള അടുപ്പം, കുടുംബപാരമ്പര്യമായി ലഭിച്ച സഭാശുശ്രൂഷയിലെ തീക്ഷ്ണത ഇവയൊക്കെ നവാഭിഷിക്തന്റെ ഇടയനടുത്ത പ്രവർത്തനങ്ങളെ ഫലവത്താക്കും.

Cenobitic monastic life (സംഘാതമായുള്ള സന്ന്യാസജീവിതക്രമം)ന്റെ സമാരംഭകനായ വി.പക്കോമിയോസിന്റെ നാമമാണല്ലോ പുതിയ മെത്രാൻ സ്വീകരിക്കുന്നത്. സംഘാത്മകതയെ (Synadality) ക്കുറിച്ച് സഭയിൽ വ്യാപകമായി വിചിന്തനം നടക്കുന്ന ഈ അവസരത്തിൽ, സന്ന്യാസത്തിന്റെ കൂട്ടജീവിതം ആസ്വദിച്ച വ്യക്തിയെന്ന നിലയിൽ സർവ്വരേയും ചേർത്തു പിടിച്ചുകൊണ്ടുള്ളതും, സന്ന്യാസാദർശങ്ങളിൽ അടിയുറപ്പിച്ചുകൊണ്ടുള്ളതുമായ ഒരു ശുശ്രൂഷാമണ്ഡലത്തിലേക്കു താൻ പ്രവേശിക്കുന്നു എന്നുള്ളതിന്റെ വിളംബരമാകട്ടെ, ഈ നാമകരണം.

വളരെ ശ്രമകരമായ ഒരു ദൗത്യനിർവ്വഹണത്തിനാണ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ വിളിക്കപ്പെട്ടിരിക്കുന്നത്. മിഷൻ പ്രവർത്തനം സുഗമമായി നടത്താൻ മതതീവ്രവാദികൾ സൃഷ്ടിക്കുന്ന തടസ്സം, വിശാലമായ മിഷൻ മേഖലയിൽ ശുശ്രൂഷ ചെയ്യാൻ പര്യാപ്തമായ ആളുകളെ കണ്ടെത്താനുള്ള ബുദ്ധിമുട്ട്; രൂപതയുടെ വിവിധ ആവശ്യങ്ങളും മിഷൻ പ്രവർത്തനങ്ങളും നടത്തിക്കൊണ്ടുപോകാനുള്ള സാമ്പത്തിക പ്രശ്നങ്ങൾ... നമ്മുടെ പ്രാർത്ഥനയുടെ വലിയ പിന്തുണ പിതാവിനു നൽകാം.

സഭയുടെ വളർച്ചയിൽ കൂടെനിന്ന് ത്യാഗപൂർവ്വം പ്രവർത്തിക്കുന്ന പ്രേഷിതരാണ് ബഥാന്യർ. ബഥനിയിലൂടെ വളർന്നുവന്ന പിതാവ് അവരുടെ ബലവും ബലഹീനതയും തിരിച്ചറിഞ്ഞ്, വേണ്ട പ്രോത്സാഹനങ്ങളും ക്രിയാത്മകമായ തിരുത്തലുകളും നൽകി അവരെ ഇത്തേജിപ്പിക്കുമ്പോൾ ബഥനിയും രൂപതയും ഒപ്പം വളരുകയാണെന്നറിയുക.

പുതിയ ശുശ്രൂഷാവേദിയിൽ പിതാവിനു നന്നായി ശോഭിക്കാൻ കഴിയട്ടെ എന്ന ആശംസയും പ്രവർത്തനപന്ഥാവിൽ എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു.

# ജനമനസ്സുകളിൽ ഇടമുള്ള ഇടയൻ

ഫാ. ജോൺ കൃപാനന്ദ് ഒ.ഐ.സി.

"അവൻ ശിഷ്യന്മാരോടു പറഞ്ഞു: വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ 9:37-38). നമ്മുടെ സമൂഹത്തിൽ ആവശ്യത്തിന് വൈദികർ ഇല്ലാതിരുന്ന സമയത്താണ് ജെയിംസച്ചൻ വൈദികനായിത്തീർന്നത്. അച്ചൻ വന്നതോടുകൂടി സമൂഹത്തിന്റെ പല മേഖലകളിലെയും പ്രതിസന്ധി മാറിക്കിട്ടി എന്നു ഞാൻ കരുതുന്നു. കാരണം, ഏതു ജോലിയും അച്ചനെ ഏല്പിക്കാം. അതുപോലെ എവിടെ വേണമെങ്കിലും അച്ചനെ അയയ്ക്കാം. ഞങ്ങൾ ആശ്രമത്തിൽ വന്ന വർഷമാണ് ജെയിംസച്ചൻ ഒരു വൈദികനായി കർത്താവിന്റെ മുന്തിരിത്തോപ്പിലേക്ക് ഇറങ്ങുന്നത്.

സുറിയാനി അദ്ധ്യാപകനായും, വൈദിക വിദ്യാർത്ഥികളുടെ ഗുരുനാഥനായിട്ടും പ്രൊകൃുറേറ്ററായിട്ടും ധ്യാനഗുരുവായിട്ടും കൺവെൻഷൻ പ്രസംഗകനായിട്ടും ആശ്രമസുപ്പീരിയറായിട്ടും ഇടവക വികാരിയായിട്ടും ജനറൽ കൗൺസിലറായിട്ടും പ്രൊവിൻഷ്യൽ കൗൺസിലറായിട്ടുമൊക്കെ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സമൂഹത്തിന്റെ ആവശ്യാനുസരണം ഏതു സാഹചര്യത്തിലും ഏതു സ്ഥലത്തും വൈമനസ്യം കൂടാതെ കടന്നുചെന്ന് ശുശ്രൂഷകൾ ചെയ്യുവാൻ അച്ചനു പ്രത്യേകം താല്പര്യമായിരുന്നു. ഇന്നത്തെ സ്ഥാപിതപ്രദേശങ്ങളായ ബോംബെ, പൂനാ, പഞ്ചാബ്, ഹൈദരാബാദ്, ഭിലായ്, ഡൽഹി, കൽക്കട്ട എന്നീ സ്ഥലങ്ങളിൽ എല്ലാം ആദ്യകാല ബാലാരിഷ്ടകളും സഹിച്ചുകൊണ്ട് അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഇതുപോലെയുള്ള സ്ഥലങ്ങളിൽ മിഷൻ പ്രവർത്തനത്തിന് അദ്ദേഹം കാണിച്ച സന്മനസിന് നാം അദ്ദേഹത്തോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. അതുപോലെ കേരളത്തിലുള്ള നമ്മുടെ മിക്കവാറും എല്ലാ ആശ്രമങ്ങളിലും അദ്ദേഹം സുപ്പീരിയറായും അതിനോടു ചേർന്നുള്ള ഇടവകകളിലും പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ആരോടും വിരോധമോ, അദ്ദേഹത്തോട് ആർക്കും വിരോധമോ ഉണ്ടെന്ന് തോന്നുന്നില്ല. ആരേയും ഉപദ്രവിച്ചിട്ടില്ലാത്ത ഒരു നിർമ്മലമായ മനസ്സിന് ഉടമയാണ് അദ്ദേഹം.

ജനറൽ കൗൺസിലറായും, പ്രൊവിൻഷ്യൽ കൗൺസിലറായും പ്രവർത്തിച്ച കാലയളവിൽ പല പ്രശ്നങ്ങളിലും മദ്ധ്യസ്ഥ ശ്രമങ്ങൾക്ക് സമൂഹം അദ്ദേഹത്തെയാണ് അയച്ചിരുന്നത്. കാരണം, എല്ലാവരാലും അംഗീകരിക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ഒരു സന്ന്യാസ വൈദികൻ എന്ന നിലയിൽ പ്രാർത്ഥനാചൈതന്യവും, പ്രേഷിതചൈതന്യവും മാതൃകാപരമായ ജീവിതവും അച്ചന് ഉണ്ടായിരുന്നു. തത്വശാസ്ത്രം, ദൈവശാസ്ത്രം എന്നീ വിഷയങ്ങൾ നല്ലവണ്ണം കൈകാര്യം ചെയ്തിരുന്നു. നല്ല വായനാശീലമുള്ള ആളായതുകൊണ്ട് എല്ലാ വിഷയങ്ങളിലും നല്ല അറിവുണ്ടായിരുന്നു. രാഷ്ട്രീയം മുതൽ ക്രിക്കറ്റുവരെയുള്ള വിഷയങ്ങളിൽ അദ്ദേഹം അഭിപ്രായം പറഞ്ഞിരുന്നു. നല്ല ആത്മവിശ്വാസമുള്ള ആളായിരുന്നു. കാരണം, അദ്ദേഹത്തിന്റെ ഒരു ശൈലിയായിരുന്നു, 'വിമാനം വേണമെങ്കിലും ഞാൻ ഓടിക്കാം' എന്നുള്ളത്. ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഫ്രഞ്ച് എന്നീ ഭാഷകൾ അദ്ദേഹം കൈകാര്യം

ചെയ്തിരുന്നു. തന്റെ രോഗാവസ്ഥയിൽപോലും ഏതുസമയത്തും കുമ്പസാരത്തിനും, വി.കുർബാനയ്ക്കും അദ്ദേഹം തയ്യാറായിരുന്നു. സ്വന്തം ആരോഗ്യംപോലും നോക്കാതെ ഏതുസമയത്തും മറ്റുള്ളവർക്ക് സംലഭ്യമാകുന്ന പ്രകൃതക്കാരനായിരുന്നു. സഭയേയും, സമൂഹത്തേയും നല്ലവണ്ണം സ്നേഹിച്ച ഒരു വ്യക്തിയായിരുന്നു. ആരോടും പ്രത്യേകിച്ച് പിണക്കമോ, പരിഭവമോ ഇല്ലാത്ത ആത്മാർത്ഥ സ്നേഹത്തിന്റെ വിളനിലമായിരുന്നു അദ്ദേഹം. തനിക്ക് പല അസുഖങ്ങൾ ഉണ്ടെങ്കിലും, അതൊന്നും ആരേയും അറിയിക്കാതെ, ഭക്ഷണത്തിൽപോലും ഒരു പ്രത്യേകതയുമില്ലാതെ, ഏതു ഭക്ഷണവും കഴിച്ച്, ആരേയും ബുദ്ധിമുട്ടിക്കാതെ സമൂഹജീവിതം ആസ്വദിച്ചും കർത്താവിന്റെ വചനം നല്ലവണ്ണം നിറവേറ്റപ്പെട്ട ഒരു വ്യക്തിയായിരുന്നു അദ്ദേഹം. "ഇതുപോലെ തന്നെ നിങ്ങളും കല്പിക്കപ്പെട്ടവയെല്ലാം ചെയ്തതിനുശേഷം, ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാരാണ്; കടമ നിർവ്വഹിച്ചതേയുള്ളു എന്നു പറയുവിൻ" (ലൂക്കാ 17:10) ഇതായിരുന്നു അച്ചന്റെ മനോഭാവം. ശാന്തശീലനും, വിനീതഹൃദയവും ഉള്ളവനാകയാൽ പ്രത്യേകിച്ച്, ഈ നോമ്പുകാലത്ത് അദ്ദേഹത്തിൽനിന്ന് പലതും നമുക്ക് കണ്ടുപഠിക്കുവാനായിട്ട് പരിശ്രമിക്കാം.

# നന്മമാത്രം പറയുന്ന മാമ്മൂട്ടിലച്ചനും നിഷ്ഠാജീവിതം നയിച്ച ലാസറച്ചനും

**ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.**

ബഹുമാനപ്പെട്ട ജെയിംസ് മാമ്മൂട്ടിലച്ചൻ, ലാസറച്ചൻ എന്നിവരോടൊപ്പം പഠനകാലയളവിലും അല്ലാതെയും താമസിക്കുവാനും അടുത്തു ബന്ധപ്പെടുവാനും സാധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള പങ്കുവയ്ക്കലാണ് ഈ ലേഖനം.

**ജെയിംസ് മാമ്മൂട്ടിലച്ചൻ**

ഞങ്ങൾ വൈദികവിദ്യാർത്ഥികളായിരിക്കുമ്പോഴേ ജെയിംസച്ചനെപ്പറ്റി കേട്ടിട്ടുണ്ട്. അച്ചനെ കാണുന്നതിനുമുമ്പുതന്നെ അച്ചന്റെ ലേഖനങ്ങളിലൂടെയാണ് അച്ചനെ അറിയാനിടയായത്. ക്രൈസ്തവകാഹളം, ഐക്യദീപം മുതലായ പ്രസിദ്ധീകരണങ്ങളിലും ബഥനിശബ്ദത്തിലുമൊക്കെ അച്ചന്റെ ചിന്തകൾ നിറഞ്ഞുനിന്നു. വലിയ സഭാസ്നേഹിയും മനുഷ്യസ്നേഹിയുമായിരുന്ന മാമ്മൂട്ടിലച്ചന്റെ സ്നേഹപ്രകടനങ്ങളായിരുന്ന പല ലേഖനങ്ങളും.

ആരുടെയും നന്മ പറയാൻ സന്നദ്ധനായിരുന്ന അച്ചൻ, അക്കാരണത്താൽതന്നെ വ്യക്തികളെപ്പറ്റി എഴുന്നതിൽ ഒട്ടും ലോഭം കാട്ടിയിരുന്നില്ല. സഭയോടും ബഥനി ആശ്രമത്തോടുമുള്ള ജെയിംസച്ചന്റെ സ്നേഹം ചിലപ്പോഴൊക്കെ അദ്ദേഹത്തെ താർക്കികനാക്കി; പലപ്പോഴും Apologetic (വിശ്വാസ വിഷയങ്ങളെ ന്യായീകരിച്ചു സംസാരിക്കുന്ന ആൾ) ആക്കി

വിവിധ രൂപതകളിലെ പിതാക്കന്മാരുമായി അടുത്ത ബന്ധം സ്ഥാപിച്ചിരുന്ന അച്ചൻ, സഭയുടെ വളർച്ചയ്ക്കുവേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകാൻ മടികാട്ടിയിരുന്നില്ല.

നിസ്സംഗത, പിന്മാറൽ... ഇവയൊന്നും ജെയിംസച്ചന്റെ പ്രകൃതമായിരുന്നില്ല. സമൂഹനന്മയ്ക്കായി ഭീതിയും പക്ഷവുമില്ലാതെ തനിക്കു പറയാനുള്ളതു പറയുകയും എന്നാൽ കടുംപിടിത്തമേതുമില്ലാതെ ജീവിക്കയും ചെയ്യാൻ അച്ചനു കഴിഞ്ഞിരുന്നു.

സഭാചരിത്രം, രാഷ്ട്രീയം എന്നിവയെപ്പറ്റി സംവേദിക്കാൻ ജെയിംസച്ചനു വലിയ താല്പര്യമായിരുന്നു. മലങ്കര കത്തോലിക്കാസഭയെപ്പറ്റി മാത്രമല്ല, സഹോദരീസഭകളെക്കുറിച്ചും അച്ചൻ നന്നായി പഠിച്ചിരുന്നു.

തന്റെ വാദങ്ങൾ വ്യക്തതയോടെ അവതരിപ്പിച്ചിരുന്ന അച്ചൻ അഭിപ്രായവ്യത്യാസങ്ങളുള്ള വിഷയങ്ങളെ പ്രതി അസഹിഷ്ണു ആയിരുന്നില്ല. അധീശത്വം സ്ഥാപിക്കുക ആയിരുന്നില്ല അച്ചന്റെ ഉദ്ദേശ്യം. തന്റെ കാഴ്ചപ്പാടുകൾ സുവ്യക്തമാക്കുകയായിരുന്നു.

തന്റെ ജീവിതാദർശത്തിന്റെ നിദർശനംപോലെ 'yes' എന്ന ഒരു സ്റ്റിക്കർ അച്ചൻ വസിക്കുന്ന ആശ്രമങ്ങളിലെ അച്ചന്റെ മുറിയുടെ കതകിൽ പതിപ്പിച്ചിരിക്കുന്നതു കണ്ടിട്ടുണ്ട്. വി.കുർബാനയ്ക്കോ, അനുരഞ്ജനകൂദാശയ്ക്കോ പ്രസംഗത്തിനോ ആര് ആവശ്യപ്പെട്ടാലും അതു പൊടുന്നനെ പറയുന്നതാണെങ്കിലും ജെയിംസച്ചൻ 'yes' പറയും. തനിക്കുണ്ടാകുന്ന അസൗകര്യങ്ങൾ ജയിംസച്ചൻ കാര്യമാക്കിയിരുന്നില്ല.

ലോകത്തും സഭയിലും രാജ്യത്തും ഒക്കെ നടക്കുന്ന സംഭവ വികാസങ്ങളെ അച്ചൻ സൂക്ഷ്മമായി അപഗ്രഥനം ചെയ്തിരുന്നു. വാർത്താമാധ്യമങ്ങളിലൂടെ ആനുകാലികമായ വിഷയങ്ങൾ ഗ്രഹിക്കാനും അവയെപ്പറ്റി അഭിപ്രായം പറയാനും വാർത്താവിശകലനത്തിലൂടെ സുഹൃദ് ഭാഷണങ്ങളിലൂടെയും കൂട്ടായ്മ ജീവിതത്തെ ജീവസ്സുറ്റതാക്കി മാറ്റാനും അച്ചൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു. പരിശീലനകേന്ദ്രങ്ങളിലായിരുന്നപ്പോൾ അർത്ഥികളുടെ ധിഷണയെ ഉണർത്തുവാൻ എന്തെങ്കിലും ചോദ്യങ്ങളുമായിട്ടാവും അച്ചൻ പലപ്പോഴും ഭക്ഷണശാലയിൽ എത്തുക.

വ്യത്യസ്തങ്ങളായ മണ്ഡലങ്ങളിൽ അച്ചന്റെ ശുശ്രൂഷ ബഥനിക്കു ലഭിച്ചു. ആശ്രമപ്രൊക്യുറേറ്റർ, ദൈവശാസ്ത്ര അദ്ധ്യാപകൻ, കൗൺസിലർ, സുപ്പീര്യർ, മിഷനറി, ഇടവക വികാരി, പ്രസംഗകൻ, എഴുത്തുകാരൻ എന്നിങ്ങനെ പല മേഖലകളിൽ തന്റെ ഊർജ്ജം വ്യയം ചെയ്ത അച്ചൻ എല്ലാ ജോലികളും ഒരേ മനസ്സോടെ സന്തോഷപൂർവ്വം നിർവ്വഹിച്ചു.

രോഗം അച്ചനെ ഭീതിപ്പെടുത്തിയില്ല. അതേക്കുറിച്ച് ആശങ്കപ്പെടാതെ വരുന്നിടത്തുവച്ചുകാണാം എന്ന മട്ടിൽ കൂളായി അച്ചൻ നേരിട്ടു. ആശ്രമജീവിതത്തിൽ തികഞ്ഞ സംതൃപ്തിയോടെ ജീവിതം നയിച്ച് തന്റെ കർമ്മം പൂർത്തിയാക്കി നമ്മെ വിട്ടുപോയ ജെയിംസച്ചൻ, അച്ചൻ അറിയുന്നവരുടെ ഹൃദയത്തിൽ ചിരംവാഴുകതന്നെ ചെയ്യും.

## ലാസറസ് അച്ചൻ

കുടുംബപരമായിതന്നെ സഭാകാര്യങ്ങളിൽ തല്പരരാണ് ലാസറച്ചന്റെ വീട്ടുകാർ എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ഞാൻ കല്ലിശ്ശേരി വികാരി ആയിരുന്നപ്പോൾ ലാസറച്ചന്റെ സഹോദരനും, സഹോദരപുത്രരുമൊക്കെ സഭാശുശ്രൂഷയിൽ പുലർത്തിയിരുന്ന ശുഷ്കാന്തി വളരെ മാതൃകാപരമായി അനുഭവപ്പെട്ടിട്ടുണ്ട്. ഒരു സഹോദരപുത്രി (സി. കാരുണ്യ എസ്.ഐ.സി.) സമർപ്പിതയായി ശുശ്രൂഷ ചെയ്യുന്നതും ഈ സഭാസ്നേഹത്തിന്റെ പ്രത്യക്ഷ അടയാളമായി കാണാവുന്നതാണ്.

ലാസറച്ചനെപ്പറ്റി ഓർക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്നത് അച്ചന്റെ വളരെ നിഷ്ഠയോടുകൂടിയ ജീവിതമാണ്. 'Order is heaven's first law' (ക്രമമാണ് സ്വർഗത്തിന്റെ ആദ്യനിയമം) എന്നൊരു ചൊല്ലുണ്ട്. ക്രമമില്ലാതെ ആത്മീയമോ ഭൗതികമോ ആയ പുരോഗതി പ്രാപിക്കാൻ സാധ്യമല്ല. ലാസറച്ചന് എല്ലാറ്റിനും ഒരു ക്രമം ഉണ്ടായിരുന്നു. പ്രാർത്ഥനയ്ക്കും ഭക്ഷണത്തിനും വായനയ്ക്കും വിശ്രമത്തിനുമെല്ലാം... ദീർഘായുഷ്മാനായി അച്ചൻ കഴിഞ്ഞതു തന്നെ ചിട്ടയായ ജീവിതത്തിന്റെ ഫലമാകണം.

രോഗവും പ്രായമുമെല്ലാം അലട്ടിയിരുന്നപ്പോഴും പ്രാർത്ഥനാ കാര്യങ്ങളിൽ അച്ചൻ വിട്ടുവീഴ്ച ചെയ്തിരുന്നില്ല. Walker-നെയും ഊന്നുവടിയെയും ആശ്രയിച്ച് ചാപ്പലിൽ മുടക്കം കൂടാതെ പ്രാർത്ഥിക്കാൻ വന്നിരുന്ന ലാസറച്ചൻ നൽകിയിട്ടുള്ള മാതൃക മഹത്തരമാണ്.

പല രൂപതകളിൽ, വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്തിട്ടുള്ള ലാസറച്ചൻ നല്ല ഒരു ഇടവകവികാരി എന്ന നിലയിൽ ദൈവജനത്തിന്റെ ആദരവു പിടിച്ചു പറ്റിയിട്ടുണ്ട്. വലിപ്പ ചെറുപ്പഭേദമില്ലാതെ എല്ലാവർക്കും സംലഭ്യനായിരുന്ന ലാസറച്ചൻ.

ഏറ്റെടുക്കുന്ന ജോലി വലുതോ ചെറുതോ എന്നതല്ല, എത്രമാത്രം വിശ്വസ്തതയോടും സ്നേഹത്തോടുംകൂടി അതു നിർവ്വഹിക്കുന്നു എന്നതാണല്ലോ പ്രധാനം. പുഷ്പഗിരി

ആശുപത്രിയിൽ തന്റെ ആയുസ്സിന്റെ നല്ലവാക്ക് – രണ്ടു പ്രാവശ്യമായി ഏതാണ്ട് കാൽനൂറ്റാണ്ട് – ചാപ്ലെയിനായി അദ്ദേഹം സേവനം ചെയ്തു. ആവർത്തനം മടുപ്പുളവാക്കുമെങ്കിലും തീരെ വയ്യാതാവുന്നതുവരെ സന്തോഷപൂർവ്വം അച്ചൻ പ്രവർത്തിച്ചു. അനേകർക്ക് പ്രാർത്ഥനയിലൂടെയും സാന്ത്വനത്തിലൂടെയും യേശുവിന്റെ സൗഖ്യദായക അനുഭവമാകാൻ അച്ചനു കഴിഞ്ഞു. ആശ്രമം ചുമതലപ്പെടുത്തിയ വലുതും ചെറുതുമായ ജോലികളിലും അച്ചൻ ഇതേ മനോഭാവം പുലർത്തി.

അശ്രദ്ധയോ, അലംഭാവമോ മൂലം ആശ്രമത്തിനു ചെറിയൊരു നഷ്ടംപോലും സംഭവിക്കരുതെന്ന് അച്ചന് നിർബന്ധബുദ്ധി ഉണ്ടായിരുന്നു. അതുകൊണ്ട്, പലതും സാധാരണ ശ്രദ്ധിക്കാതെ പോകുന്ന കാര്യങ്ങൾ ലാസറച്ചന്റെ ശ്രദ്ധയിൽപെടുമായിരുന്നു. സാധനസാമഗ്രികൾക്കു കേടും നഷ്ടവും സംഭവിക്കാതിരിക്കാൻ അച്ചൻ ശ്രദ്ധാലു ആയിരുന്നു. ആരെങ്കിലും അശ്രദ്ധയോടെ വസ്തുക്കൾ കൈകാര്യം ചെയ്താൽ അതു തിരുത്തിക്കൊടുക്കാനും അച്ചൻ മുതിർന്നിരുന്നു.

പ്രായം അച്ചന്റെ ഓർമ്മശക്തിയെ കാര്യമായി ബാധിച്ചിരുന്നില്ല. കാണുമ്പോഴൊക്കെ ആശ്രമവിശേഷങ്ങൾ താല്പര്യപൂർവ്വം അദ്ദേഹം അന്വേഷിക്കാമായിരുന്നു.

പ്രായമേറുന്നതോടെ രോഗപീഢകൾ മനുഷ്യരെ വല്ലാതെ അസ്വസ്ഥരാക്കാറുണ്ട്. എന്നാൽ കഠിനരോഗാവസ്ഥയിലും ശാന്തതയോടും സംയമനത്തോടും ദൈവാശ്രയബോധത്തിലും കഴിഞ്ഞ ലാസറച്ചൻ സഹനങ്ങളെ നാം എങ്ങനെ അഭിമുഖീകരിക്കണമെന്ന് നമ്മെ പഠിപ്പിച്ചു.

തന്റെ കർമ്മമണ്ഡലങ്ങളിൽ വിശ്വസ്തതാപൂർവ്വം ശുശ്രൂഷ ചെയ്ത ഈ ആചാര്യനെ ദൈവം തന്റെ സ്വർഗീയസമ്മാനം നൽകി അനുഗ്രഹിക്കട്ടെയെന്നു നമുക്ക് പ്രാർത്ഥിക്കാം.

# എപ്പോഴും എവിടെയും സംലഭ്യനായിരുന്ന ബഹു.ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി അച്ചൻ

**ഫാ. തോമസ് സജീവ് തെക്കേച്ചരുവിൽ ഒ.ഐ.സി.**

2024 ജനുവരി 8-ാം തിയതി അതിരാവിലെ നമ്മിൽ നിന്നും സ്വർഗ്ഗീയ ഭവനത്തിലേക്ക് യാത്രയായ ജെയിംസ് മാമ്മൂട്ടിൽ അച്ചൻ ബഥനിക്കും മലങ്കര കത്തോലിക്കാ സഭയ്ക്കും എപ്പോഴും എവിടെയും സംലഭ്യനായിരുന്ന നിഷ്കപടനായ ഒരു ബഥാന്യൻ ആയിരുന്നു.

1952 സെപ്റ്റംബർ 18-ന് ജനിച്ച ജെയിംസച്ചൻ 71 വർഷവും മൂന്നുമാസവും 21 ദിവസവും ഈ ലോകത്തിൽ ജീവിച്ച് കർത്താവു നൽകിയ ജീവിതം ധന്യമാക്കിത്തീർത്തു. ഒരു ബാലനായി ഭവനത്തിൽ എല്ലാവർക്കും ഇഷ്ടപ്പെട്ടവനായി ജീവിക്കുകയും, ഒരു യുവാവായി സന്ന്യാസ സമർപ്പണം നടത്തുകയും, ഒരു പൂർണ്ണവ്യക്തിയായി ശുശ്രൂഷാപൗരോഹിത്യം സ്വീകരിക്കുകയും ചെയ്ത് ഒരു യഥാർത്ഥ സന്ന്യാസ വൈദികനായി ജീവിച്ച് തന്റെ ദൗത്യം പൂർത്തിയാക്കി. ജെയിംസച്ചന്റെ ജീവിതത്തെ നോക്കി കാണുമ്പോൾ ഒരു കാര്യം വ്യക്തമാണ്. തന്റെ ജീവിതത്തിൽ തന്റേതായ പദ്ധതികളോ ക്രമീകരണങ്ങളോ നടപ്പിലാക്കുന്നതിലുപരി ദൈവത്തിന്റെ പദ്ധതികൾക്കായി വിട്ടുകൊടുക്കുന്ന ഒരു മനോഭാവമായിരുന്നു ജെയിംസച്ചനുണ്ടായിരുന്നത്.

തന്റെ പ്രായവും ആരോഗ്യവും കണക്കിലെടുക്കാതെ ദൈവീകപദ്ധതികൾക്ക് തന്റെ ജീവിതം സമർപ്പിക്കുവാൻ ജെയിംസച്ചൻ സന്നദ്ധനായിരുന്നു. ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് നാലാഞ്ചിറ ആശ്രമത്തിൽ വിശ്രമജീവിതത്തിനായി നിയമിതനായ ജെയിംസച്ചൻ ഏതാനും മാസങ്ങൾക്കുശേഷം അധികാരികളുടെ അനുവാദത്തോടെ വീണ്ടും പ്രേഷിതവേലയിലേക്ക് പ്രവേശിക്കുന്ന രംഗമാണ് കുളപ്പട ധ്യാനാശ്രമത്തിന്റെ സുപ്പീര്യർ ആയി സേവനം ചെയ്തതിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്.

“അച്ചോ, ഡോക്ടേഴ്സ് നിർദ്ദേശിച്ചതല്ലേ വിശ്രമിക്കണം” എന്ന് ജെയിംസച്ചനോട് പറഞ്ഞപ്പോൾ അച്ചന്റെ മറുപടി “സാരമില്ലെന്നേ അതൊക്കെ ദൈവം നോക്കിക്കൊള്ളും” എന്നായിരുന്നു. തന്റെ ആരോഗ്യത്തെപ്പറ്റി ആകുലപ്പെടാതെ എല്ലാം ദൈവേഷ്ടത്തിന് വിട്ടുകൊടുത്ത ജെയിംസച്ചന്റെ ജീവിതം ദൈവാശ്രയത്തിന് ഒരു നല്ല മാതൃകയായി നിലകൊള്ളുന്നു. ഒരു വ്യക്തിയുടെ ജീവിതം വിലയിരുത്തുന്നത് എത്രനാൾ ജിവിച്ചു എന്നതിലുപരി ജീവിച്ച നാളുകൾ എപ്രകാരം ജീവിച്ചു എന്നതിലാണല്ലോ. ജെയിംസച്ചൻ ജീവിച്ച അത്രയുംനാൾ ഒരു നല്ല സന്ന്യാസവൈദികനായി ജീവിച്ചു.

ജെയിംസച്ചനെ ഞാൻ ആദ്യമായി പരിചയപ്പെടുന്നത് 1973 മെയ് മാസത്തിൽ കറ്റാനം ആശ്രമത്തിൽ ദൈവവിളി ധ്യാനത്തിൽ പങ്കെടുത്തപ്പോഴായിരുന്നു. പൂനായിൽ പഠനം നടത്തിയിരുന്ന ജെയിംസ് ബ്രദർ അവധിക്കാലത്ത് നാട്ടിൽ വന്നപ്പോൾ ധ്യാനത്തിലായിരുന്ന ഞങ്ങൾക്ക് ക്ലാസ് എടുക്കുവാൻ വന്നതായിരുന്നു. ഞങ്ങൾ രാത്രി ഉറങ്ങിയിരുന്നത് കറ്റാനം സ്കൂളിലെ ക്ലാസ് മുറിയിലായിരുന്നു. ഞങ്ങൾക്ക് കിടക്കകൾ ഒരുക്കി തന്നതിനുശേഷം ജെയിംസ്ബ്രദർ പറഞ്ഞു, “വേഗം ഉറങ്ങിക്കൊള്ളുക. രാവിലെ 5.30-ന് എഴുന്നേൽക്കണം.

പ്രാർത്ഥനയും വി.കുർബാനയും ഉണ്ട്.” എന്നിട്ട് ബ്രദർ പറഞ്ഞു “ഞാൻ ചില കഥകൾ പറയുവാൻ പോകുകയാണ് ശ്രദ്ധിച്ച് കേൾക്കണം. നാളെ ക്ലാസിൽ ഞാൻ ഇതേപ്പറ്റി ചോദിക്കും.” തുടർന്ന് വിശുദ്ധ ഡോമിനിക് സാവിയോ, വിശുദ്ധ കൊച്ചുത്രേസ്യാ എന്നിവരുടെ കഥകൾ പറഞ്ഞതായി ഓർക്കുന്നു. ഉറങ്ങിപ്പോയതിനാൽ ബ്രദർ എപ്പോഴാണ് നിർത്തിയതെന്ന് ഓർമ്മയില്ല. ഏതായാലും കുട്ടികൾ സംസാരിക്കാതെ കിടന്നുറങ്ങാൻ ജെയിംസ്ബ്രദർ കണ്ടുപിടിച്ച നല്ല ഒരു കാര്യമായി ഇതിനെ മനസ്സിലാക്കുന്നു.

ധ്യാനദിവസങ്ങളിൽ വ്യക്തിപരമായി എന്നെ പരിചയപ്പെട്ടപ്പോൾ എന്നോട് കൂടുതൽ താല്പര്യം പ്രകടിപ്പിച്ചു. തെക്കേച്ചരുവിൽ ബഹു.ജോഷ്വാച്ചന്റെ സഹോദരപുത്രനാണ് ഞാനെന്നറിഞ്ഞപ്പോൾ എന്റെ പിതാവിനെ അറിയാമെന്നും എന്റെ പിതാവ് തേക്കുതോട് പള്ളിയിൽവച്ച് ജെയിംസ് ബ്രദറിനെ വേദോപദേശം പഠിപ്പിച്ചിട്ടുണ്ടെന്നും പറഞ്ഞു. എന്റെ പിതാവിന് വേദപുസ്തകത്തെപ്പറ്റിയും സഭാചരിത്രത്തപ്പെറ്റിയും നല്ല അറിവുണ്ടെന്നും എന്നോട് പറഞ്ഞു. വർഷങ്ങൾക്കുശേഷം ജെയിംസച്ചന്റെ പിതൃസഹോദരന്റെ മകൾ വിവാഹ ബന്ധത്തിലൂടെ ഞങ്ങളുടെ കുടുംബത്തിലേക്ക് കടന്നുവന്നതും ജയിംസച്ചനെ കൂടുതൽ പരിചയപ്പെടുവാൻ സാധിച്ചു.

ഞാൻ വൈദികവിദ്യാർത്ഥിയായിരുന്നപ്പോൾ പൂനാ ആശ്രമത്തിൽ ഒരു വർഷത്തോളം ജെയിംസച്ചനോടൊത്ത് ജീവിക്കുവാൻ സാധിച്ചു. വൈദികനായ ശേഷം ഏതാനുംവർഷങ്ങൾ നാലാഞ്ചിറ ആശ്രമത്തിലും ഒന്നിച്ച് ഉണ്ടായിരുന്നു. മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുവാനും വളർത്തുവാനും ജെയിംസച്ചൻ തല്പരനായിരുന്നു. ജെയിംസച്ചൻ നാലാഞ്ചിറ പള്ളിയുടെ വികാരി ആയിരുന്നപ്പോൾ പലപ്പോഴും ഇടവകയിൽ വി.കുർബാന അർപ്പിക്കുവാനും ഭക്തസംഘടനകൾക്ക് ചെറിയ ഉപദേശങ്ങൾ നൽകുവാനും മറ്റും എന്നെ ക്ഷണിക്കുമായിരുന്നു. ചില അവസരങ്ങളിൽ ഞാൻ ഒഴിഞ്ഞുമാറാൻ ശ്രമിച്ചപ്പോൾ അച്ചൻ പറയുമായിരുന്നു. നമുക്കു ലഭിക്കുന്ന അവസരങ്ങൾ നാം ശരിയായി വിനിയോഗിക്കണം. എങ്കിൽ മാത്രമേ നമുക്ക് വിജയിക്കുവാൻ കഴിയൂ.

2006 ജൂൺ 4 മുതൽ 2012 മെയ് 27 വരെ ആറുവർഷക്കാലം ഞാൻ നാലാഞ്ചിറ ഇടവകയുടെ വികാരി ആയിരുന്നപ്പോൾ ബഹു.ജയിംസച്ചനെ മുൻവികാരി എന്ന നിലയിൽ പല ആഘോഷാവസരങ്ങളിലും ഇടവകയിലേക്ക് ക്ഷണിച്ചപ്പോൾ സന്തോഷത്തോടെ അദ്ദേഹം കടന്നുവന്നിട്ടുണ്ട്. ആ അവസരങ്ങളിൽ ഇടവക വിശ്വാസികളുടെ മുമ്പാകെ എന്നെപ്പറ്റി നല്ല വാക്കുകൾ പറയുവാനും പ്രോത്സാഹിപ്പിക്കുവാനും അച്ചൻ സന്മനസ്സ് കാണിച്ചിട്ടുണ്ട് എന്നത് നന്ദിയോടെ സ്മരിക്കുന്നു.

ബഹു.ജെയിംസച്ചന്റെ ജീവിതത്തിന്റെ വിജയം അദ്ദേഹത്തിന് ലഭിച്ച അവസരങ്ങളെല്ലാം ദൈവേഷ്ടമായി കരുതി ഏറ്റെടുത്തു എന്നതാണ്. ഏത് ആശ്രമത്തിൽ ആയിരുന്നാലും ജെയിംസച്ചന്റെ സാന്നിദ്ധ്യം സജീവമായിരുന്നു. തന്റെ ആശയങ്ങളും അഭിപ്രായങ്ങളും തുറന്നു പറയുന്ന വ്യക്തിയായി അദ്ദേഹം കാണപ്പെട്ടു.

വായനാശീലം ജെയിംസച്ചന്റെ അറിവിനെയും ആശയങ്ങളെയും പരിപോഷിപ്പിച്ചിരുന്നു. സ്വയം വായിക്കുകയും വായിക്കുവാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രീതി ജെയിംസച്ചനുണ്ടായിരുന്നു. ഒന്നാംവർഷ വൈദിക വിദ്യാർത്ഥികളുടെ പരിശീലകനായിരുന്ന കാലത്ത് ബ്രദേഴ്സിനെക്കൊണ്ട് ധാരാളം പുസ്തകങ്ങൾ വായിപ്പിക്കുകയും അതിന്റെ സംഗ്രഹം

എഴുതിപ്പിക്കുകയും ചെയ്തിരുന്നതായി ജെയിംസച്ചന്റെ ശിഷ്യന്മാർ സാക്ഷ്യപ്പെടുത്തുന്നു. ധാരാളം പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വായിക്കുന്നതിൽ അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. പൊതുവിജ്ഞാനത്തിൽ അദ്ദേഹം മുൻപന്തിയിലായിരുന്നു. ഏതാനും പുസ്തകങ്ങളും ധാരാളം ലേഖനങ്ങളും എഴുതി പ്രസിദ്ധീകരിക്കുവാൻ ജെയിംസച്ചന് സാധിച്ചിട്ടുണ്ട്.

മലങ്കര കത്തോലിക്കാ സഭയെപ്പറ്റിയുള്ള അറിവും ആഗോളകത്തോലിക്കാ സഭയെപ്പറ്റിയുള്ള അറിവും തന്റെ പുസ്തകങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും ജെയിംസച്ചൻ വ്യക്തമാക്കിയിരുന്നു. അകത്തോലിക്കാ സഭകളെപ്പറ്റി അറിയുവാനും അവരുടെ പ്രത്യേകതകൾ മനസ്സിലാക്കുവാനും അവരുമായി സഹോദരഭാവേന ഇടപെടുവാനും ജെയിംസച്ചന് കഴിഞ്ഞിരുന്നു.

പാവപ്പെട്ടവരോടും രോഗികളോടും മറ്റുസഹായം അർഹിക്കുന്നവരോടും പരിഗണനയും കരുതലും ജെയിംസച്ചനുണ്ടായിരുന്നു. തനിക്ക് ലഭിച്ചിരുന്ന സംഭാവനകൾ എല്ലാം അച്ചൻ ഇതിനായി വിനിയോഗിച്ചിരുന്നു. ആശ്രമത്തിന്റെയും സഭയുടെയും ജീവകാരുണ്യ പ്രവർത്തനങ്ങളിൽനിന്നും സഹായം അർഹിക്കുന്നവർക്ക് അവ സംലഭ്യമാക്കാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു.

എപ്പോഴും കർമ്മനിരതനായിരുന്ന ഒരു സന്ന്യാസിയായിരുന്നു ബഹു.ജെയിംസച്ചൻ. തന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനോടൊപ്പം മറ്റുള്ളവർക്ക് സഹായം ചെയ്യുവാനും അച്ചൻ ഉത്സാഹിയായിരുന്നു. വിശുദ്ധ കുർബാന അർപ്പിക്കുവാൻ ആവശ്യപ്പെട്ടാൽ ഏതു സമയത്തും അച്ചൻ സന്നദ്ധനായിരുന്നു. ഇടദിവസങ്ങളിൽ പോലും രണ്ടും മൂന്നും വി.കുർബാന അർപ്പിക്കേണ്ടി വന്നപ്പോൾ ജെയിംസച്ചൻ പറഞ്ഞത് ''വി.കുർബാന അർപ്പിക്കുവാൻ വൈദികർക്കല്ലേ സാധിക്കുകയുള്ളു. അതിനാൽ നാം അത് മുടക്കരുത്'' എന്നായിരുന്നു.

മറ്റുള്ളവർക്ക് തന്നാൽ കഴിയുന്ന ഏതു സഹായവും ഏതു നേരത്തും ചെയ്തു കൊടുക്കുവാനുള്ള സന്മനസ്സ് ജെയിംസച്ചനുണ്ടായിരുന്നു. ഇപ്രകാരം തന്റെ കഴിവനുസരിച്ച് എല്ലാവരേയും സഹായിക്കുകയും തന്റെ ജീവിതംവഴി ബഥനി ആശ്രമത്തിനും മലങ്കര കത്തോലിക്കാ സഭയ്ക്കും നിരവധിയായ അനുഗ്രഹങ്ങൾ സംലഭ്യമാക്കുകയും ചെയ്ത ബഹു.ജെയിംസ് മാമ്മൂട്ടിൽ അച്ചന്റെ ജീവിതം നമുക്കൊരു വെല്ലുവിളിയായി, ഒരു പ്രചോദനമായി ദൈവസന്നിധിയിൽ ആയിരിക്കുന്നു.

ജെയിംസച്ചൻ ദൈവസന്നിധിയിൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുമെന്ന വിശ്വാസത്തിലും നമ്മുടെ പ്രാർത്ഥനകൾ ജെയിംസച്ചനുവേണ്ടി സമർപ്പിച്ചുകൊണ്ടും ജെയിംസച്ചന്റെ ഓർമ്മ നമുക്കു നിലനിർത്താം.

# വലിയ ജെയിംസച്ചനും പ്രായമാകാത്ത ലാസറച്ചനും

**ഫാദർ വില്യം നെടുംപുറത്ത് ഒ. ഐ. സി.**

മാമൂട്ടിൽ ജെയിംസച്ചനെ ബഥനിയിലെ വലിയ ജെയിംസച്ചൻ എന്ന് വിളിക്കാനാണ് എനിക്കിഷ്ടം; കാരണമുണ്ട്. കുഴിനാപ്പുറത്ത് ജോൺ ഒ. ഐ. സി അച്ചൻ ഫോൺ വിളിക്കുമ്പോൾ സ്വയം പരിചയപ്പെടുത്തുന്നത് 'ആശ്രമത്തിലെ ജോണച്ചൻ' എന്നായിരുന്നു. 'ഹലോ ഇത് കുഴിനാപ്പുറത്ത് ജോൺ ഒ.എ.സി ഹിയർ' എന്ന് അദ്ദേഹത്തിന് പറയാമായിരുന്നു. അന്നൊക്കെ ആശ്രമത്തിൽ ഒരു ജോൺ അച്ചനേ ഉണ്ടായിരുന്നുള്ളൂ എന്ന് ന്യായം പറയാം. എന്നാലും ആശ്രമത്തിലെ ജോണച്ചൻ എന്നു പറയുന്നതിൽ ഒരു പ്രത്യേകതയുണ്ടായിരുന്നു എന്നുവേണം നിരീക്ഷിക്കാൻ, എന്നു പറഞ്ഞതുപോലെ മാമൂട്ടിൽ അച്ചൻ എന്ന് പറയുന്നതിനേക്കാൾ ഒരു പ്രത്യേക സ്വത്വബോധമുണ്ട് ആശ്രമത്തിലെ ജെയിംസച്ചൻ എന്നു പറയുന്നതിൽ എന്നൊരു തോന്നൽ. അതിൽ എന്തോ ഒരു 'ആശ്രമ സന്ന്യാസം' ഒളിഞ്ഞു കിടക്കുന്നതുപോലെ. ഇനിയും 'വലിയ'യുടെ കാരണം. ജെയിംസച്ചന് ഈ 'വലിയ'-യോട് ഒരു പ്രത്യേക പ്രതിപത്തി ഉണ്ടായിരുന്നു. 'വലിയ പള്ളി', 'വലിയ മെത്രാപ്പോലീത്ത', 'വലിയ ഭദ്രാസനം' തുടങ്ങിയ പലതിനും അദ്ദേഹം ഈ 'വലിയ' ധാരാളമായി ചാർത്തി കൊടുത്തിട്ടുണ്ട്. നാലാഞ്ചിറ സെന്റ് തോമസ് വലിയപള്ളി അതിനൊരു ഉദാഹരണമാണ്. ഇതെല്ലാംകൊണ്ടും ഇന്ന് ന്യൂജൻ വിളിക്കുന്ന മാമൂട്ടിലച്ചനെ 'ആശ്രമത്തിലെ വലിയ ജെയിംസച്ചൻ' എന്ന് ഞാനൊന്നു വിളിച്ചോട്ടെ!

സന്ന്യാസം സഭയുടെ ചങ്കാണെന്ന എക്ക്ളസിയോളജി ഹൃദിസ്ഥമാക്കിയ ഒരു സന്ന്യാസ വൈദികനാണ് ജെയിംസ് അച്ചൻ. സഭയെയും സഭാ പിതാക്കന്മാരെയും വിട്ടൊരു കളിയില്ല ജെയിംസച്ചന്. സഭാപിതാക്കന്മാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തത് എന്തെങ്കിലും കാര്യസാധ്യത്തിനോ സ്വാർത്ഥ താൽപര്യങ്ങളെ പ്രീണിപ്പിക്കാനോ ആയിരുന്നില്ല. അതൊരു വെറും സഭാസ്നേഹം, അത്രമാത്രം. നാലാഞ്ചിറ സെന്റ് തോമസ് പള്ളിയെ വലിയ പള്ളിയും സഭയിലെ ചില മെത്രാപ്പോലീത്തമാരെ വലിയ മെത്രാപ്പോലീത്തയാക്കിയതും ജെയിംസ് അച്ചനായിരുന്നു. കാര്യകാരണങ്ങൾ ചോദിച്ചാൽ പറയും, പ്രത്യേകിച്ച് കാര്യമൊന്നുമില്ല, നമ്മൾ തുടങ്ങിവച്ചാൽ പലതും അങ്ങ് ആയിക്കൊള്ളും.

എക്യുമെനിസം പഠിച്ചിരുന്ന ജെയിംസ് അച്ചൻ അകത്തോലിക്കാ സഹോദരങ്ങളെ ഐക്യത്തിലും അനുസരണത്തിലും തിരിച്ചു കൊണ്ടുവരാൻ ചില പൊടിക്കൈകളൊക്കെ ചെയ്തിട്ടുണ്ട്. ഇതുകൊണ്ടൊക്കെ തന്നെ സഭാപിതാക്കന്മാർക്ക് ജെയിംസച്ചനെ വലിയ ഇഷ്ടമായിരുന്നു. എന്നാൽ സഭയിൽ കാലാകാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരുന്ന ചില മൂല്യച്യുതികളെ സഭാധികാരികൾ സമക്ഷം അവതരിപ്പിക്കാനും തിരുത്താനും ചിലപ്പോൾ ജെയിംസച്ചൻ ഒരു തിരുത്തൽ വാദിയായിട്ടുണ്ട്. ഈ നിലപാടിൽ അത്ര സുഖം കണ്ടെത്താത്തവരും ഉണ്ടായിരുന്നു എന്നു വേണം കരുതാൻ. അതിനൊന്നും അച്ചന് ഒരു പരിഭവവും ഉണ്ടായിരുന്നില്ല.

ഒത്തിരി വായിക്കണമെന്നും എഴുതണമെന്നും കലശലായി ആഗ്രഹിച്ചിരുന്ന വ്യക്തിയായിരുന്നു ബഹുമാനപ്പെട്ട ജെയിംസ് അച്ചൻ. പാരീസിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴേ സഭാ മാഗസി

നുകളിൽ തുടർ ലേഖനങ്ങൾ എഴുതിയിരുന്നു. അച്ചൻ അവസാനമായി എഴുതിയ പുസ്തകം ആശ്രമത്തിലെ വലിയ ഗീവർഗീസ് അച്ചന്റെ ജീവചരിത്രം ആയിരുന്നു. കഴിഞ്ഞ നവംബർ മാസത്തിലെ വാർഷിക ധ്യാനത്തിൽ ഒന്നിച്ചു കണ്ടപ്പോൾ എന്നോടു ചോദിച്ചു 'എന്റെ പുതിയ പുസ്തകം വായിച്ചോ?' ഞാൻ പറഞ്ഞു മുഴുവനായില്ല, വായിച്ചിടത്തോളം നന്നായിരിക്കുന്നു. നമ്മുടെ പഴയ വല്യച്ചന്മാർ എല്ലാവരുടെയും ജീവചരിത്രം എഴുതണം, ഞാൻ പറഞ്ഞു. 'ആ... നോക്കാം' ഒരു ഒഴുക്കൻ ഭാഷയിൽ മറുപടി തന്നു.

ജെയിംസ് അച്ചൻ ആരോടും പിണങ്ങിയിരിക്കുന്നതായി നാം കാണാറില്ല. വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോഴും 'വരട്ടെ നമുക്ക് കാണാം' എന്നൊരു മനോഭാവം വച്ചുപുലർത്തിയിരുന്നു. പഠിക്കുന്ന കാലത്ത് സ്വിസ്തിയോളജിയനും എഴുത്തുകാരനുമായ ഹാൻസ് കുങ് ആയിരുന്നു ജെയിംസച്ചന്റെ ആരാധകൻ. ആരാധന മൂത്ത് സഹപാഠികൾ അദ്ദേഹത്തിന്റെ തന്നെ ആ പേര് ജയിംസ് അച്ചനു ചാർത്തി കൊടുത്തിരുന്നു ഹാൻസ് കുങ്. സാമ്പത്തിക ശാസ്ത്രത്തോട് ഒരു 'നിഷ്കാമ കർമ്മ' മനോഭാവമായിരുന്നു എന്നു പറയാം. അദ്ദേഹം ചിലപ്പോൾ ഒരു നിസ്സംഗ മനോഭാവത്തോടെ പറയുമായിരുന്നു, 'പണം ചെലവഴിക്കാനുള്ളതല്ലേ, ഇതിന്റെയെല്ലാം കണക്കെഴുതിക്കൊണ്ടിരുന്നാൽ പിന്നെ ജീവിതത്തിൽ മറ്റൊന്നും ചെയ്യാൻ സമയം കിട്ടിയെന്നു വരില്ല'.

ഈ നിസംഗതയ്ക്ക് മറ്റൊരു ഉദാഹരണം, പൂന ആശ്രമത്തിലെ പ്രൊക്യുറേറ്റർ ആയിരുന്ന കാലം. ആകെയുള്ള ഒരു നാലുചക്ര വാഹനം ഓട്ടമോടോട്ടം. ആരോ ഒരിക്കൽ അച്ചനോട് ചോദിച്ചു, "ജയിംസച്ചാ, ഈ വണ്ടി സർവീസ് ചെയ്തിട്ട് എത്രകാലമായി കാണും? എണ്ണയും പിണ്ണാക്കും അതിലുണ്ടോ?"

ഉത്തരം ഉടൻ വന്നു, "എന്തുവാണെന്നേ, വണ്ടി ഓടുന്നിടത്തോളം അങ്ങോട്ട് ഓടട്ടെ, നിൽക്കുമ്പോൾ നന്നാക്കാം."

മറ്റൊരു സന്ദർഭം അതും പൂനെയിലാണ്. ബ്രദേഴ്സിനെ കൂട്ടി എവിടെയോ പോയി തിരിച്ചു വരുമ്പോൾ സ്വതവേ കാഴ്ചയ്ക്ക് ബുദ്ധിമുട്ടുണ്ടായിരുന്ന ജെയിംസ് അച്ചൻ വണ്ടി റോഡിന്റെ ഡിവൈഡറിൽ കൊണ്ട് കയറ്റി ഇടിച്ചു നിർത്തിയിട്ട് പിറകിലേക്കു തിരിഞ്ഞ് ഞങ്ങളോടു പറയുകയാണ്, "ഇത് എന്ത് ഇടപാടാണ്, ഈ ഡിവൈഡർ നമ്മൾ അങ്ങോട്ടു പോയപ്പോൾ ഇല്ലായിരുന്നല്ലോ!" ഇങ്ങനെ ഒരു രസികൻ കൂടിയായിരുന്നു അച്ചൻ.

ജെയിംസ് അച്ചനുള്ള കമ്മ്യൂണിറ്റി എപ്പോഴും 'ലൈവ്‌ലി' ആണ് എന്ന് ഞങ്ങൾ പറയാറുണ്ടായിരുന്നു. മറ്റുള്ളവരുടെ പോരായ്മകൾ മനസ്സിലാക്കി അവർക്ക് ഒരു കൈത്താങ്ങ് കൊടുക്കാൻ എപ്പോഴും സന്നദ്ധനായിരുന്നു. സെമിനാരികൾ, മഠങ്ങൾ, ആശ്രമങ്ങൾ എല്ലായിടത്തും ക്ലാസുകൾ എടുക്കുകയും പുതിയ ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്ന ഒരു അക്കാഡെമിഷൻ കൂടിയായിരുന്നു അദ്ദേഹം. ബഥനിയുടെ മുഖമുദ്രയായ ലളിതജീവിതം, പ്രാർത്ഥനയോടുള്ള ആഭിമുഖ്യം, കർമ്മ നിരതത്വം എന്നിവയ്ക്കെല്ലാം ജയിംസ് അച്ചൻ മുന്നിൽ തന്നെയായിരുന്നു. വിവിധ ആശ്രമങ്ങളിൽ സുപ്പീരിയർ, പ്രൊക്യുറേറ്റർ, ജനറൽ കൗൺസിലർ തുടങ്ങി ആശ്രമത്തിന്റെ ഒട്ടുമിക്ക തസ്തികകളിലെല്ലാം അച്ചൻ വിരാജിച്ചിട്ടുണ്ട്. ശാരീരികമായി എന്തെല്ലാം രോഗപീഡകൾ ഉണ്ടായിരുന്നിട്ടും ഇതൊന്നും തന്റെ കർമ്മനിരതയെ ബാധിക്കില്ല എന്ന നിശ്ചയ

ദാർഢ്യത്തെ നാം മാനിക്കണം. സമൂഹത്തിലെ, അത് പൊതു സമൂഹമാണെങ്കിലും ആശ്രമമാണെങ്കിലും മൂല്യച്യുതികളെ പരാമർശിക്കാനും വിമർശിക്കാനും ജെയിംസ് അച്ചൻ മടിക്കാറില്ലായിരുന്നു. ക്രിയാത്മക വിമർശനം അദ്ദേഹത്തിന് ഒരു ആഡംബരുമായിരുന്നില്ല. സഭയുടെ മിഷനറി സ്വഭാവം ഇടവക നടത്തിപ്പിലൂടെയും സഭാ കാര്യങ്ങളിലുള്ള ഇടപെടലുകളിലൂടെയും അദ്ദേഹം നിർവിഘ്നം തുടർന്നുകൊണ്ടിരുന്നു. എന്തിനേറെ, ഒരു യഥാർത്ഥ ബഥാനിയന്റെ സ്വത്വബോധം എപ്പോഴും ബഹുമാനപ്പെട്ട ജെയിംസ് അച്ചനെ ഭരിച്ചിരുന്നു, നയിച്ചിരുന്നു.

ബഥനിയുടെ വലിയ ജെയിംസ് അച്ചാ, നമോവാകം. സമാധാനത്തിൽ വസിക്കുക!

ആശ്രമത്തിലെ ലാസറച്ചന് ഒരു ഭവനമേ ഉണ്ടായിരുന്നിട്ടുള്ളൂ, അത് ബഥനി. അച്ചൻ കല്ലിശ്ശേരി, പാലനിൽക്കുന്നതിലെ ആളാണെന്ന് ആദ്യകാലങ്ങളിലൊന്നും ഞങ്ങൾക്ക് അറിയുകയില്ലായിരുന്നു. കാരണം ബഥനിയിൽ ആദ്യതലമുറക്കാർ സന്ന്യാസ നാമത്തിന്റെ കൂടെ വീട്ടുപേര് ചേർക്കാറില്ലായിരുന്നു. ബഥനിയിൽനിന്ന് സ്വഭവനത്തിൽ ലഭിച്ചിരുന്ന സ്നേഹവും കരുതലും കുറഞ്ഞുവന്നപ്പോൾ പുതിയ പുതിയ തലമുറ ഉപേക്ഷിച്ച് പോരുന്ന സ്വന്തം ഭവനത്തെയും വീട്ടുകാരെയും വീട്ടുമുതലിനെയും ആശ്രയിക്കാൻ തുടങ്ങിയതിൽ അത്ഭുതപ്പെടാനില്ല എന്ന് സാന്ദർഭികമായി പറഞ്ഞു കൊള്ളട്ടെ.

പ്രായം കണക്കിലെടുക്കാതിരുന്നാൽ ബഹുമാനപ്പെട്ട ലാസറച്ചനെ ഒരു വല്യച്ചനായി കണക്കാക്കാൻ പറ്റുകയില്ല. കാരണം ഒരച്ചനെ വല്യച്ചനായി കണക്കാക്കാൻ തക്ക വിശേഷതകളൊന്നും ലാസറച്ചനിൽ ഇല്ലായിരുന്നു. തന്റെ 80-കളിലും ഒരു 55 കാരന്റെ ചുറുചുറുക്കോടെ പുഷ്പഗിരിയുടെ വാർഡുകളും മുറികളും നിരന്തരം കയറിയിറങ്ങി രോഗികൾക്ക് ആശ്വാസത്തിന്റെ ലേപനം നടത്തുന്ന ലാസറച്ചനെ വല്യച്ചൻ എന്ന് വിളിക്കാൻ തോന്നുകയില്ല.

കണക്കെഴുത്തിലുള്ള കണിശം കൊണ്ടാകാം ലാസറച്ചൻ ആജീവനാന്തം ഒരു പ്രൊക്യുറേറ്റർ ആയിരുന്നു എന്നു പറയാം. 1970-കളിൽ തിരുവല്ല ദയറായുടെ പ്രൊക്യുറേറ്ററായിട്ടാണ് ഞാൻ അച്ചനെ പരിചയപ്പെടുന്നത്. അന്നുമുതൽ 1980-കളിൽ പൂന പഠന ഗ്രഹത്തിന്റെ പ്രൊക്യുറേറ്ററായിട്ടാണ് ആ മഹനീയ പദം അദ്ദേഹം അവസാനിപ്പിക്കുന്നത് എന്ന് തോന്നുന്നു. 2000 ആണ്ടിന്റെ പൂർവാർത്ഥത്തിൽ ലാസറച്ചൻ തിരുവല്ല ദയറായിൽ ചേക്കേറിയതാണ്. തുടർന്ന് ഏതാണ്ടു കാൽനൂറ്റാണ്ട് ദയറാ ജീവിതത്തിൻെറ മധുരിമ നുണഞ്ഞുകൊണ്ട് അങ്ങനെ അച്ചൻ ഒരു മഹത് വ്രതക്കാരനെ പോലെ സന്ന്യാസം ജീവിച്ചു. അതൊരു നേട്ടമായിരുന്നു. ഈ കാലഘട്ടത്തിൽ കാലാകാലങ്ങളിൽ തുടർന്നുവന്ന സുപ്പീര്യർമാരെയും പ്രോക്യുറേറ്റർമാരെയും 'കുർബാന കണക്കെഴുത്തുകാരൻ' എന്ന തസ്തികയിൽ അവരെ സഹായിച്ചു കൊണ്ടേയിരുന്നു. ആ കൃത്യം ജീവിതാന്ത്യം വരെ തുടർന്നു എന്നാണ് അറിവ്. സത്യസന്ധതയും കൃത്യനിഷ്ഠതയും ലാസറിച്ചന്റെ കൈമുതലായിരുന്നു. അതൊക്കെ കണ്ടു പഠിച്ചവരാണ് ഞങ്ങൾ. പൂന പഠനഗൃഹത്തിലെ പ്രൊക്യുറേറ്ററായി സേവനമനുഷ്ഠിക്കുന്ന കാലം. വിദ്യാർഥികളായിരുന്ന ഞങ്ങളെ സഹായികളായി നിശ്ചയിച്ച് അച്ചന്റെ ജോലികളെ ലഘൂകരിച്ച് ഞങ്ങളെ കണക്കെഴുത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിക്കുമായിരുന്നു. കണക്കെഴുതി ജീവിതം ആഹൂതി ചെയ്യുന്നതിനിടയിൽ ക്യാമ്പസിലുള്ള എൻ.വി.എസ്.സി.യിൽ പോയി ചില കോഴ്സുകൾ പഠിക്കുന്നതിന് ലാസറച്ചൻ സമയം കണ്ടെത്തിയിരുന്നു. കുട്ടികളെ സുറിയാനി പഠിപ്പിക്കാനും മറ്റും അച്ചൻ വിദഗ്ധനായിരുന്നു. വായനയിൽ താല്പര്യമുണ്ടായിരുന്ന ലാസച്ചന്റെ പ്രൈവറ്റ് ഗ്രന്ഥശേഖരത്തിൽ പല പുരാതന

പുസ്തകങ്ങളും അവസാനം വരെ അച്ചൻ സൂക്ഷിച്ചിരുന്നു. അവസാന കാലഘട്ടത്തിൽ തനിക്ക് സംഭാവനയായി കിട്ടിയിരുന്ന പണം സ്വരൂപിച്ച് ആശ്രമാധ്യക്ഷന്റെ നിർദ്ദേശപ്രകാരം ആശ്രമത്തിലെ പല നല്ല കാര്യങ്ങൾക്കും അദ്ദേഹം അത് ചെലവഴിച്ചിരുന്നു.

ബഥനിയിലെ ലാസറച്ചൻ പുഷ്പഗിരിയിലെ സർവ്വ രോഗികൾക്കും ഒരുകാലത്ത് തുണയും അത്താണിയുമായിരുന്നു. ആശുപത്രി അധികൃതർ അതിനു നന്ദിയായി അച്ചന്റെ ആജീവനാന്തമുള്ള മെഡിക്കൽ കെയർ സ്വയമായി ഏറ്റെടുത്തിരുന്നു. ഇങ്ങനെ ലാസറച്ചന് കൊടുത്തതൊക്കെ കൊല്ലത്തും കിട്ടി.

വൈകിട്ടുള്ള കുളിക്കുമുമ്പ് ദേഹത്ത് എണ്ണ പുരട്ടാറുണ്ടായിരുന്നു അച്ചൻ. ബ്രദേഴ്സ് ആരെങ്കിലും അച്ചനെ അനുകരിക്കാൻ നോക്കിയാൽ ഒരു ഉപദേശമുണ്ട്: എണ്ണ പുരട്ടുകയാണെങ്കിൽ ശരീരത്തിന്റെ നവദ്വാരങ്ങളിലും പുരട്ടണം. പലരും നവദ്വാരങ്ങൾ തപ്പി പിടിക്കാൻ പെട്ട പാട് നാട്ടിൽ പാട്ടായിരുന്നു.

വാർദ്ധക്യത്തിൽ ദൈവചിന്തയിലും ദൈവാശ്രയ ബോധത്തിലും ജീവിക്കാനുള്ള കരുണ ദൈവം ലാസറച്ചന് കൊടുത്തു. പരസഹായം കൂടാതെ ഏതാണ്ട് അന്ത്യംവരെ ജീവിക്കാൻ അച്ചന് സാധിച്ചു. എന്നാൽ അത് ആവശ്യമുള്ളപ്പോൾ ചോദിച്ചു വാങ്ങാനുള്ള ലാളിത്യവും എളിമയും അദ്ദേഹത്തിന് ഉണ്ടായിരുന്നു. തന്റെ അനാരോഗ്യത്തെക്കുറിച്ചോ രോഗാവസ്ഥയെകുറിച്ചോ ലാസറച്ചൻ ഒരു പരാതിയും പരിഭവവും പറഞ്ഞു കേട്ടിട്ടില്ല. 'അച്ചോ, എങ്ങനെയുണ്ട്?' എന്ന് ആരെങ്കിലും ചോദിച്ചാൽ തൻെറ സ്വതസിദ്ധമായ 'കിടു കിടാ' ചിരിയോടെ 'കുഴപ്പമില്ല അങ്ങനെ പോകുന്നു' എന്നൊരു മറുപടിയായിരിക്കും ലഭിക്കുക.

ഒരു ബഥാനിയന് അർഹതപ്പെട്ട ശാന്തസുന്ദരമായ ഒരു ജീവിതം ലാസറച്ചന് ലഭിച്ചു. എല്ലാവർക്കും എല്ലാമായി ബഥനിയിൽ സന്ന്യാസ ജീവിതം പൂർത്തിയാക്കി പുതിയ തലമുറയ്ക്ക് മാതൃക കോറിയിട്ട് നടന്നു നീങ്ങിയ പ്രിയ ലാസറച്ചാ, നമോവാകം!

ഇനിയും അവിടെ ഒന്നിച്ച് കാണാം എന്നുള്ള പ്രതീക്ഷയിൽ, നിർത്തട്ടെ.

# ഗുരുതുല്യനായ ജ്യേഷ്ഠസഹോദരൻ ബ.ജയിംസ് മാമ്മൂട്ടിലച്ചൻ - ഒരനുസ്മരണം

**ഫാ. ജോഷ്വാ കുറ്റിയിൽ ഒ.ഐ.സി.**

ബ.ജെയിംസ് മാമ്മൂട്ടിലച്ചൻ നമ്മെ വിട്ടു പിരിഞ്ഞു തന്റെ നിത്യസമ്മാനത്തിനായി യാത്രയായിട്ട് ഏതാണ്ട് രണ്ടുമാസത്തോളമാകുന്നു. ജെയിംസച്ചൻ ഇന്ന് നമ്മുടെ ഇടയിൽ ഇല്ല എന്നുള്ളത് ഒരു സത്യവും യാഥാർത്ഥ്യവുമാണെങ്കിലും അതുൾക്കൊള്ളാൻ നമുക്ക് പ്രയാസമാണ്. കാരണം അദ്ദേഹം ഇപ്പോഴും തന്റെ ജീവിത കാലത്തിലെ നന്മയുടെ സമർപ്പണ പുരോഹിത സാക്ഷ്യത്തിലൂടെ നമ്മുടെ ഇടയിൽ വസിക്കുന്നു. ജെയിംസച്ചനെക്കുറിച്ചുള്ള എന്റെ ജീവിതാനുഭവസാക്ഷ്യമാണ് ഞാനിവിടെ അനുസ്മരിക്കുന്നത്.

ഞാൻ ജെയിംസച്ചനെ 1978-ൽ ആശ്രമത്തിൽ ചേരുവാൻ വരുമ്പോൾ മുതൽ കണ്ടു പരിചയപ്പെട്ടിരുന്നു. പട്ടംകിട്ടി ഇറങ്ങിയ ഒരു കൊച്ചച്ചൻ ഞങ്ങളുടെ അസിസ്റ്റന്റ് വൊക്കേഷൻ പ്രൊമോട്ടർ ആശ്രമത്തിലെടുക്കുവാനുള്ള ഇന്റർവ്യൂ ബോർഡിൽ ബ.അഗസ്റ്റിൻ കൈലാത്തച്ചനോടൊപ്പം ജെയിംസച്ചനും ഉണ്ടായിരുന്നു. തുടർന്ന് കോട്ടയം ജനറലേറ്റിൽ ഞങ്ങളുടെ ആദ്യവർഷപരിശീലനത്തിന്റെ അസിസ്റ്റന്റ് റെക്ടർ (ഫോർമേറ്റർ) എന്നും ഞങ്ങൾക്ക് ഒരു പ്രചോദനമായിരുന്നു അച്ചന്റെ സാന്നിധ്യവും, ക്ലാസുകളും സംഭാഷണവും. അത് ഇന്നും ഞങ്ങളുടെ സന്ന്യാസ പൗരോഹിത്യജീവിതത്തിന് വെളിച്ചമായി നില്ക്കുന്നു. അന്ന് ആദ്യവർഷത്തിൽ എന്നോടു പറഞ്ഞ രണ്ടു വചനങ്ങൾ ഇന്നും മാർഗ്ഗദർശനമായി നിലനില്ക്കുന്നു.

"Joshua, Nothing is impossible if God wishes and we try for it.'' രണ്ടാമതായി "Joshua, Don't say No to others, if we can possible'' ഈ രണ്ടു വാകൃങ്ങളും അന്നെനിക്ക് മനസ്സിലായില്ലെങ്കിൽ പോലും പില്ക്കാലത്ത് അച്ചന്റെ ജീവിതത്തിലൂടെ അതിന്റെ അർത്ഥം ഞാൻ കണ്ടു മനസ്സിലാക്കി. അതൊരു ഗുണപാഠമായി ഇന്നും എന്നിൽ നിലനിൽക്കുന്നു. അച്ചനെക്കൊണ്ട് ഏതെങ്കിലും വിധത്തിൽ ചെയ്യാവുന്ന ഏതൊരു കാര്യത്തിനും ആരോടും ഒരിക്കലും 'No' പറഞ്ഞിട്ടില്ല. ''പറ്റുകയില്ല, ഒക്കുകയില്ല, അസാധ്യം'' എന്നൊന്നും' ജെയിംസച്ചന്റെ ഡിക്ഷ്ണറിയിൽ ഇല്ലായിരുന്നു.

ഒരു കറകളഞ്ഞ ഉത്തമ ബഥാന്യനും വിശ്വസ്തനായ ഒരു സഭാസ്നഹിയുമായിരുന്നു അദ്ദേഹം. 'ബഥനി എന്നും മലങ്കര എന്നും' പറയുമ്പോൾ ജെയിംസച്ചൻ വാചാലനാകുമായിരുന്നു. ബഥനിയിലെ എല്ലാ തലമുറകളും അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. സന്ന്യാസത്തോടും പൗരോഹിത്യത്തോടും ഒരുപോലെ വിശ്വസ്തത പുലർത്തിയ ഒരു അപൂർവ്വ ബഥാനൃനായിരുന്നു ജെയിംസച്ചൻ. ബഥനിയുടെ ഭാരതമാനസാന്തരവും ഭാരതസുവിശേഷീകരണവും അദ്ദേഹം കർമ്മപഥത്തിലെത്തിക്കാൻ അക്ഷീണം പ്രയത്നിച്ചിരുന്നു, ശ്രമിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹം കേരളംവിട്ട് മഹാരാഷ്ട്ര, പഞ്ചാബ്, ഹരിയാന, ഛത്തീസ്ഗഡ്, ഒറീസ എന്നീ സംസ്ഥാനങ്ങളിൽ ഒരു തീക്ഷ്ണമതിയായ മിഷനറിയായി പ്രവർത്തിച്ചത്.

ബഥനിയിലെ തന്റെ സഹസന്ന്യാസികളുടെ നന്മകൾ എവിടെയും പ്രഘോഷിച്ചിരുന്നു. അതിൽ അഭിമാനം കൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം ഒരു നന്മയുടെ സുവിശേഷകനായിരുന്നു. സുവിശേഷ പ്രഘോഷണ മേഖലയിൽ പ്രവർത്തിക്കുന്നതിന് എന്നും അഭിമാനം കൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം ഒരു നന്മയുടെ സുവിശേഷകനായിരുന്നു. സുവിശേഷപ്രഘോഷണ മേഖലയിൽ പ്രവർത്തിക്കുന്നതിന് എന്നും അഭിമാനംകൊണ്ടിരുന്നു. മറ്റുള്ളവരുടെ നന്മകളെയും കഴിവുകളെയും അദ്ദേഹം പ്രശംസിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. 1985-ൽ എന്റെ റീജൻസി കാലത്ത് തിരുവല്ലായിൽ എന്റെ സുപ്പീരിയർ ആയിരുന്നു അച്ചൻ. അന്ന് പ്രസംഗം നടത്തുവാനും ക്ലാസുകൾ എടുക്കുവാനും ഇടവക പ്രേഷിതപ്രവർത്തനങ്ങളിലും എന്നെ പ്രോത്സാഹിപ്പിക്കുകയും എനിക്ക് അവസരങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. എന്നെ എന്നും സഭയോടു ചേർത്തുനിർത്തുന്നതിന് ബ.ജെയിംസച്ചൻ ശ്രദ്ധാലുവായിരുന്നു; പരിശ്രമിച്ചിട്ടുണ്ട്. ഇത് നന്ദിയോടെ ഞാനോർക്കുന്നു. ബ.ജെയിംസച്ചൻ ഒരു ദൈവവിളി പ്രോത്സാഹകനായിരുന്നു. അദ്ദേഹത്തിൽ നിന്നാണ് ഞാൻ ദൈവവിളി പ്രോത്സാഹനം (Vocation Fecilitation) കണ്ടു പഠിച്ചത്.

ബ.ജെയിംസച്ചൻ ഒരിക്കലും മറ്റുള്ളവരെ ഇകഴ്ത്തി സംസാരിക്കാറില്ലായിരുന്നു. മറ്റുള്ളവരുടെ കുറ്റം പറയുവാനോ കേൾക്കുവാനോ ഇടം കൊടുക്കാത്ത ഒരു അസാധാരണ വ്യക്തിത്വത്തിന് ഉടമയായിരുന്നു അദ്ദേഹം. ആർക്കും ഏതവസരത്തിലും സംലഭ്യനായിരുന്നു. ജെയിംസച്ചൻ.

മലങ്കരസഭയിലെ ഇതര സഭകളിലെ, മറ്റു കത്തോലിക്കാ കൂട്ടായ്മയിലെ പട്ടക്കാരോടും, മേല്പട്ടക്കാരോടും സന്ന്യസ്ഥരോടും ഒരു നല്ല വ്യക്തിബന്ധം പുലർത്തി ഭരിക്കുകയും ചെയ്തിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം.

ആഴമേറിയ വായനയുടേയും പഠനത്തിന്റേയും വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വായനയ്ക്കും പഠനത്തിനും പ്രത്യേകം - Selected Topics - വിഷയങ്ങളില്ലായിരുന്നു. ഏതു കാര്യവും അറിയുവാനും പഠിക്കുവാനും എടുക്കുവാനും അദ്ദേഹം ശ്രമിച്ചിരുന്നു.

തന്റെ മുൻഗാമികളേയും പിൻഗാമികളേയും ഒരുപോലെ സ്നേഹിക്കുകയും പരിഗണിക്കുകയും ചെയ്തിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. പിൻതലമുറക്കാരെ എന്നും അദ്ദേഹം അവരുടെ ദൈവവിളി പരിപാലിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും ശ്രമിച്ചിരുന്നു. പ്രായഭേദമെന്യേ ആരോടും ബഹുമാനവും ആദരവും അദ്ദേഹം സമൂഹത്തിലും സഭയിലും കാണിച്ചിരുന്നു.

ഇങ്ങനെ അനേകം നന്മകളുടെ വഴികൾ ബഥനിയിൽ തുറന്നിട്ട ബ.ജെയിംസച്ചാ, അങ്ങ് മരിച്ചാലും ജീവിക്കുന്നു. നിത്യതയുടെ രാജ്യത്ത് അങ്ങ് സമാധാനത്തോടെ വസിച്ചാലും.

# വിളക്കണഞ്ഞെങ്കിലും പ്രകാശം പരക്കുന്നു....

**ഫാ. ഡാനിയേൽ കല്ലിൽ ഒ.ഐ.സി.**

പ്രിയപ്പെട്ട ജയിംസ് അച്ചാ,

അങ്ങ് യാത്രയാവുകയാണ് അല്ലേ...

പറഞ്ഞതും, പറഞ്ഞുതീർക്കാത്തതുമായ ചെയ്തതും ചെയ്തു തീർക്കാത്തതുമായ, ചിന്തിച്ചതും ചിന്തിച്ചു തീർക്കാത്തതുമായ, എഴുതിയതും എഴുതി തീർക്കാത്തതുമായ എന്തൊക്കെയോ ബാക്കിവെച്ച്, ആറടി മണ്ണിന്റെ തണുപ്പിലേക്ക് അങ്ങ് ചായുറങ്ങാൻ പോകുമ്പോൾ ഓർമ്മകളുടെ ശ്രീകോവിലിൽ നിറംമങ്ങാതെ കോറിയിടുവാൻ സ്നേഹംകൊണ്ടും കരുതലുകൊണ്ടും ലാളിത്യംകൊണ്ടും അങ്ങ് വരച്ചിട്ടിരിക്കുന്ന അങ്ങയുടെ ജീവിതചിത്രം ധാരാളമാണ്... കാരണം സങ്കീർണതകൾ ഒന്നുമില്ലാതെ ആർക്കും വായിച്ചു തീർക്കുവാൻ സാധിക്കുന്ന ലളിതമായ ഒരു പുസ്തകം ആയിരുന്നു ഈ ജീവിതം... ശാന്തിഗിരിയുടെ മുറ്റത്ത് ചെറുപുഞ്ചിരിയോടെ കാർക്കശ്യങ്ങൾ ലവലേശം ഇല്ലാത്ത ഒരു വൃദ്ധ സാധു പുരോഹിതന്റെ കുമ്പസാരക്കൂട് തേടിയെത്തുന്ന ജീവിതങ്ങൾക്ക് അങ്ങ് ഒരു ആശ്വാസമായിരുന്നു... സന്ന്യാസ വൈദിക ശുശ്രൂഷക്ക് ഒരു പ്രത്യേക നിയോഗിക്കപ്പെട്ട സമയമില്ലെന്ന് അങ്ങ് പഠിപ്പിച്ചു... ദിവസത്തിന്റെ 24 മണിക്കൂറും, വർഷത്തിന്റെ 365 ദിവസങ്ങളും ദൈവ ശുശ്രൂഷയ്ക്ക് ഉള്ളതാണ്... അത് സ്വയം ശുശ്രൂഷക്കുള്ള സമയമല്ല അപരനിലേക്ക് ക്രിസ്തുവിനെ എത്തിക്കുവാനും, ക്രിസ്തുവിലേക്ക് അപരനെ എത്തിക്കുവാനുമുള്ള ശുശ്രൂഷയുടെ സമയമാണ്... സ്വയം ശുശ്രൂഷയ്ക്ക് ശേഷം ദൈവ ശുശ്രൂഷ അല്ല മറിച്ച് ദൈവ ശുശ്രൂഷയ്ക്ക് ശേഷം സ്വയം ശുശ്രൂഷിക്കുക.

(ഉച്ചയ്ക്ക് ഉറങ്ങുന്ന മൂന്ന് മണി നേരത്തും ഉമ്മറത്തെ കുമ്പസാര ബെല്ല് കേട്ടാൽ പരിഭവങ്ങൾ ഇല്ലാതെ കുമ്പസാരക്കൂട്ടിൽ ഓടിയെത്തുന്ന അങ്ങയുടെ ചിത്രം മാത്രം മതി ദൈവജനത്തോടുള്ള അങ്ങയുടെസ്നേഹവും, ദൈവീക ശുശ്രൂഷയോടുള്ള ആത്മാർത്ഥതയും, ദൈവത്തോടുള്ള വിശ്വസ്തതയും തിരിച്ചറിയാൻ) എത്ര മനോഹരമായി അങ്ങയുടെ ഈ സമർപ്പണ ജീവിതത്തെ സംലഭ്യതയോടെയുള്ള നിസ്വാർത്ഥ ശുശ്രൂഷ എന്ന വർണ്ണ ചരടിൽ അങ്ങ് കോർത്തിണക്കി...

എനിക്ക് തിരക്കാണ് എന്ന് നിരന്തരം പരസ്പരം വിളിച്ചുപറയുന്ന ഈ കാലത്ത്, ആർക്കുവേണ്ടിയും ആർക്കും സമയം ചെലവഴിക്കുവാൻ ഇല്ലാത്ത ഈ കാലത്ത് ഇത്രയും നിസ്വാർത്ഥതയോടെ ഇതിനപ്പുറം ആർക്കും മറ്റൊരാളുടെ ആവശ്യങ്ങളിൽ സംലഭ്യനാകുവാൻ സാധിക്കില്ല... അച്ചനോട് ഒരു ചോദ്യം അങ്ങയുടെ സന്ന്യാസ പൗരോഹിത്യ ശുശ്രുഷയിൽ 'No' എന്ന വാക്ക് അറിയാത്തതാണോ, അതോ മറന്നു പോയതാണോ? രണ്ടുവർഷത്തിലധികം ഒരുമിച്ച് പ്രാർത്ഥിച്ചതിന്റെയും, ജീവിച്ചതിന്റെയും ഒക്കെ വെളിച്ചത്തിൽ പലപ്രാവശ്യം ഞാൻ ചോദിക്കാതെ ചോദിച്ച ചോദ്യം ഇതു തന്നെയായിരുന്നു... കാരണം നേരിട്ടോ അല്ലാതെയോ സഹായം ചോദിച്ചിട്ടുള്ള ആരോടും 'No' എന്ന വാക്ക് പറയുന്നത് ഞാൻ കേട്ടിട്ടില്ല... അതിനാൽ അച്ചാ 'You are no more' എന്ന യാഥാർത്ഥ്യം ഇടനെഞ്ചിൽ ഒരു നോവ് ഉളവാക്കുന്നു... എങ്കിലും എല്ലാ സങ്കീർണ്ണതകൾക്ക് നടുവിലും, പ്രതിസന്ധികൾക്ക് നടുവിലും ദൈവത്തിൽ അടിയുറച്ച് ആത്മവിശ്വാസത്തോടെ അങ്ങ് പറയാറുള്ള ഈ വാക്കുകൾ വേർപാടിന്റെ ഉൾച്ചൂടിൽ എന്റെഹൃദയനിലത്ത് ആശ്വാസമഴയായി പെയ്തിറങ്ങുന്നു...

"അതൊന്നും സാരമില്ലെന്നേ... നമുക്ക് ശരിയാക്കാം... ദൈവം ശരിയാക്കുമെന്നെ..." കാരണം ഏകദേശം 5 പതിറ്റാണ്ടിലധികം നീണ്ടു നിന്ന അങ്ങയുടെ ബഥാന്യൻ ശുശ്രൂഷ മേഖലകളിൽ ഈ വാക്കുകൾ അനേകം ജനങ്ങൾക്ക് ജീവിത യാഥാർത്ഥ്യങ്ങളെ തരണം ചെയ്യുവാൻ പ്രാർത്ഥനയിൽ ചാലിച്ചെടുത്ത സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ഉണർത്തുപാട്ട് ആയിരുന്നു... ഉള്ളിൽ പ്രചോദനം ഉള്ളവൻ മറ്റുള്ളവർക്ക് ഒരു പ്രചോദനം ആയിരിക്കുമെന്ന് ജീവിതം കൊണ്ട് അങ്ങ് സാക്ഷ്യപ്പെടുത്തി... വളരെ പ്രത്യേകിച്ച് എഴുത്തിന്റെയും വായനയുടെയും മേഖലയിൽ ഒരു പ്രചോദനം ആവോളം അനുഭവിച്ച് അറിയുവാൻ സാധിച്ചു... ഭക്ഷണമേശയിലും, ഒരുമിച്ചുള്ള യാത്രകളിലും, ഉല്ലാസവേളകളിലും സമകാലീന വിഷയങ്ങൾ (സഭയെക്കുറിച്ചും, ലോകത്തെക്കുറിച്ചും, അനുദിന സംഭവങ്ങളെക്കുറിച്ചും) ഇടം പിടിച്ചപ്പോൾ പങ്കുവെക്കപ്പെട്ട വിജ്ഞാനത്തിന്റെ പുതിയ അധ്യായങ്ങൾ എന്റെ അറിവിന്റെ അക്ഷരമുറ്റത്ത് പുതിയ പാഠങ്ങൾ രചിച്ചു... ഇനിയും പങ്കുവയ്ക്കുവാൻ മധുരമുള്ള ഓർമ്മകളും, മാതൃകയാക്കുവാൻ ചില ജീവിതശൈലികളും പറഞ്ഞുതന്ന് അങ്ങ് യാത്രയാകുമ്പോൾ... ശാന്തിഗിരിയിലെ രണ്ടാമത്തെ മുറിയും, ഭക്ഷണമേശയിലെ ഒന്നാമത്തെ കസേരയും, പള്ളിയിൽ നമസ്കാരമേശയോട് ചേർന്നു കിടക്കുന്ന കസേരയും, കൈയിലെ വിയർപ്പുകൊണ്ടൊക്കെ നിറം മങ്ങിപ്പോയ പ്രാർത്ഥനാ പുസ്തകങ്ങളും, ഇനിയും മറ്റാരും തുറക്കാൻ ഇടയില്ലാത്ത വ്യത്യസ്തമായ ചില മാഗസിനുകളും, ഒക്കെ ചേർന്ന് ഒരു ശൂന്യതയെ സൃഷ്ടിക്കുന്നുണ്ട്... പക്ഷേ ആ ശൂന്യത ഒരു ഓർമ്മപ്പെടുത്തലാണ്... ഇനിയും മരിക്കാത്ത ചില ഓർമ്മകൾ സമ്മാനിക്കുന്ന ഓർമ്മപ്പെടുത്തലുകൾ... അച്ചാ അങ്ങയിൽ ഏറെ നന്മയുണ്ടായിരുന്നു. അത് ആവോളം അങ്ങ് പങ്കുവെച്ചു... അതിനാൽ ദൈവം സ്വർഗം അങ്ങേക്കായി പങ്കുവെക്കട്ടെ... പ്രകാശങ്ങളുടെ മണവറയിൽ അങ്ങയെ കാണുവാൻ ഞങ്ങൾക്കിടയാകട്ടെ... അങ്ങ് കൂദാശകൾ അർപ്പിച്ച ബലിപീഠങ്ങൾ അങ്ങയെ ദൈവസന്നിധിയിൽ ഓർത്തിരിക്കട്ടെ....

കർത്താവിന്റെ പരിശുദ്ധ ബലിപീഠമേ സമാധാനത്തോടെ വസിക്കുക, എന്നെക്കുറിച്ചുള്ള സ്മരണ ഒരിക്കലും നിന്നിൽ നിന്നു മാഞ്ഞു പോകാതിരിക്കാൻ കർത്താവ് യേശു മിശിഹായോട് എനിക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

# ബഥനിയുടെ നല്ലിടയൻ

**ആൻസി തോമസ് കുളപ്പട**
(മുൻ വികാരി അച്ചനെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പ്)

"ഞാൻ നന്നായി പൊരുതി. എന്റെ ഓട്ടം പൂർത്തിയാക്കി. വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ് ആ ദിവസം അത് എനിക്ക് സമ്മാനിക്കും" (2 തിമോത്തിയോസ് 4:7).

സ്വർഗ്ഗസ്ഥനായ പിതാവിന്റെ സ്നേഹവും വാത്സല്യവും നാളിതുവരെയും ഏറ്റുവാങ്ങി... കണ്ടുമുട്ടിയവർക്കെല്ലാം അത് പകർന്നു കൊടുത്ത്.... മാലാഖമാരോടൊപ്പം സ്വർഗീയ മണവറയിൽ നിത്യാനന്ദം അനുഭവിക്കാൻ വിളിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട ജെയിംസ് മാമൂട്ടിൽ അച്ചൻ. ജീവനും ജീവിതവും തമ്പുരാനു സമർപ്പിച്ച ആ വന്ദ്യ വൈദികന്റെ കരങ്ങളാൽ മാമോദീസ സ്വീകരിക്കാൻ സാധിച്ചതും... വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ ഉൾക്കൊള്ളാൻ ആയതും ഏറെ അനുഗ്രഹപ്രദമായി കണക്കാക്കുന്നു. ബഹുമാനപ്പെട്ട അച്ചൻ വിശ്രമ ജീവിതം നയിച്ച ശാന്തിഗിരിയുടെ മണ്ണ് ഏവർക്കും എപ്പോഴും ഓടി അടുക്കാവുന്ന കുമ്പസാര കൂടായിരുന്നു. ഏതു മഴയത്തും... മഞ്ഞത്തും... പരിശുദ്ധ കുർബാന അർപ്പിക്കാനായി ദേവാലയത്തിലേക്ക് കടന്നുവരുന്ന അച്ചനെ പലപ്പോഴും ഞങ്ങൾ അത്ഭുതത്തോടെ നോക്കി നിന്നിട്ടുണ്ട്. പ്രായാധിക്യരോഗങ്ങൾ ശരീരത്തെ തളർത്തിയപ്പോഴും ദൈവസ്നേഹത്താൽ ജ്വലിക്കുന്ന ആ മനസ്സിനെ തളർത്തുക അത്ര എളുപ്പമായിരുന്നില്ല. ശാന്തിഗിരി ചാപ്പലിന്റെ ബലിപീഠത്തിൽ തീക്ഷ്ണതയോടെ.... ആവേശത്തോടെ.... ഓടിയടുക്കുന്ന അച്ചന്റെ ജീവിതം ഞങ്ങൾക്ക് എന്നും മാതൃകയായിരുന്നു. പ്രിയപ്പെട്ട അച്ചാ... ആരോടും പരിഭവം ഇല്ലാതെ.. പരാതികളില്ലാതെ.... അങ്ങ് പൂർത്തീകരിച്ച പൗരോഹിത്യ ജീവിതം തികച്ചും ശ്രേഷ്ഠമായിരുന്നു...

ചില ജീവിതങ്ങളെ വർണ്ണിക്കാൻ വാക്കുകൾ അപൂർണ്ണമാണ്...

വന്ദ്യ പുരോഹിതാ, കുളപ്പടയുടെ മക്കൾക്ക് വാക്കുകൾക്ക് അധികമാണ് അങ്ങയുടെ അകമഴിഞ്ഞ ശുശ്രൂഷ. നിറകണ്ണുകളോടെ അല്ലാതെ... നന്ദി നിറഞ്ഞ ഹൃദയത്തോടെ അല്ലാതെ അങ്ങയെ ഞങ്ങൾക്ക് ഓർക്കാൻ സാധിക്കുകയില്ല. കണ്ണീരിൽ കുതിർന്ന അപ്പത്തോട് ഞങ്ങളെയും ചേർത്തുവച്ച്... സ്വയം ഉരുകിതീർന്ന വന്ദ്യ വൈദികാ...

ഇനിയും സ്വർഗ്ഗീയ ഗണങ്ങൾക്ക് മുന്നിൽ വാണരുളുന്ന ദൈവത്തോട് ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥം അപേക്ഷിക്കണമേ.

# ലാസറച്ചൻ: ഒരു യഥാർത്ഥ ദൈവസഹായകൻ

ഫാ. ഫ്രാൻസിസ് തെക്കേപ്പൂക്കളം ഒ.ഐ.സി.

സങ്കീർത്തകൻ ആലപിച്ചു "എനിക്ക് സഹായം കർത്താവിൽ നിന്ന് വരുന്നു ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൽ നിന്ന്." കർത്താവിൽ നിന്ന് സഹായം ലഭിച്ചതിന്റെ സന്തോഷം പേറി 92 നാൾ ഈ ഭൂമിയിൽ ജീവിച്ച ഒരു യഥാർത്ഥ ബഥാനിയൻ നമ്മെ വേർപിരിഞ്ഞിട്ട് ഇന്നേക്ക് ഏതാനും നാളുകൾ മാത്രം.

ഒരു പകൽ അവസാനിക്കുന്നത് ഒരു രാത്രിക്ക് വാതിൽ തുറന്നിട്ടുകൊണ്ടാണ്. ലാസർ അച്ചന്റെ ഈ ഭൂമിയിലെ ജീവിതം ഒരു പകലിനോട് ഉപമിച്ചാൽ സ്വർഗീയ അനുഗ്രഹത്തിന്റെ ഒരു രാത്രി അദ്ദേഹം നമുക്കായി തുറന്നിട്ടിരിക്കുന്നു എന്ന് മനസ്സിലാക്കാം. കർത്താവിന്റെ കരവേലയെ പ്രകടമാക്കുന്ന ആകാശത്തട്ടിൽ മിന്നിത്തിളങ്ങുന്ന അനേകം നക്ഷത്രങ്ങളോടൊപ്പം ചേരാൻ, സ്വർഗ്ഗസ്ഥനായവന്റെ സന്നിധിയിൽ സ്തുതികൾ ആലപിക്കുന്ന വാനാരൂപികളോടൊപ്പം ചേരാൻ, മരണത്തിന്റെ ഭീതി നിറഞ്ഞ താഴ്വരയിൽ നിന്ന് നിത്യതയുടെ ആനന്ദത്തിന്റെ ലഹരിയിൽ അമരാൻ, മാനുഷിക സങ്കല്പങ്ങളിൽ നിറഞ്ഞുനിൽക്കുന്ന നിത്യതയെ പറ്റിയുള്ള മേൽപ്പറഞ്ഞ അനേകം ദർശനങ്ങളിലെ യാഥാർത്ഥ്യത്തെ പുണരാൻ, ഒരു സമറായന്റെ യാത്ര.....

ലാസർ എന്ന വാക്കിന്റെ അർത്ഥം 'ദൈവം സഹായിച്ചു' എന്നാണല്ലോ. ദൈവത്തിന്റെ 'സഹായം' അതിന്റെ പൂർണതയിൽ സ്വീകരിച്ച ലാസർ അച്ചൻ, ആ സഹായത്തിന്റെ ആഴവും പരപ്പും മനസ്സിലാക്കി ആ സഹായം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാൻ അക്ഷീണമായി പ്രയത്നിച്ചു എന്നുമാത്രമല്ല അതിൽ വിജയിക്കുകയും ചെയ്തു.

അതെ, ഭൂമിയിൽ അദ്ദേഹം എല്ലാവർക്കും ഒരു സഹായം ആയിരുന്നു. അത്യുന്നതനായ ദൈവം തനിക്ക് നൽകിയ വലിയ കൃപകൾക്ക് നന്ദി പറഞ്ഞുകൊണ്ട് സന്തോഷത്തോടെ, സംതൃപ്തിയോടെ വളരെ സാധാരണക്കാരനായി അച്ചൻ നമുക്കിടയിൽ ജീവിച്ചു. ആരവങ്ങളുടെയും ആർഭാടങ്ങളുടെയും അകമ്പടിയില്ലാതെ അദ്ദേഹം തന്റെ ജോലി പൂർത്തിയാക്കി. പകലിന്റെ ഊർജ്ജത്തിൽ അനേകർക്ക് തണലേകിയ അച്ചൻ രാത്രിയുടെ യാമത്തിൽ കർതൃ സന്നിധിയിൽ നിശബ്ദനായി... താൻ കണ്ടുമുട്ടിയവർക്കെല്ലാം അനുഗ്രഹം വാങ്ങി നൽകുവാൻ അദ്ദേഹം മറന്നില്ല.

പുഷ്പഗിരി ഹോസ്പിറ്റലിൽ ഒരു നല്ല സമറായനായി അച്ചന്റെ ജീവിതത്തിന്റെ ദീർഘനാളുകൾ പരിമളം വീശി. രോഗികൾക്ക് ആശ്വാസം നൽകിക്കൊണ്ട് യഥാർത്ഥ ബഥനി അഥവാ ആശ്വാസത്തിന്റെ ഭവനം എന്താണെന്ന് ജീവിതത്തിലൂടെ അന്വർത്ഥമാക്കി. രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും എല്ലാം ജാതിമതഭേദമെന്യേ അദ്ദേഹം തണലായി മാറി. തന്റെ ദാരിദ്ര്യത്തിൽ നിന്ന് തനിക്കുള്ളതെല്ലാം നൽകിയതിനാൽ ദൈവം അച്ചനെ അനേകം കൃപകളാൽ നിറച്ചു. ചെറിയ കാര്യങ്ങളിൽ പോലും വിശ്വസ്തനായിരുന്നതിനാൽ അനേകം കാര്യങ്ങൾ അദ്ദേഹത്തെ ദൈവം ഭരമേൽപ്പിച്ചു, അതെ അനേകം ആത്മാക്കളുടെ കാവൽക്കാരൻ ആകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആവശ്യക്കാർക്കായി അധിക ദൂരം നടന്ന, ചോദിക്കുന്നതിലും അധികം നൽകാൻ മനസ്സു കാട്ടിയ,

പരിധിയില്ലാതെ നന്മ ചെയ്തു കടന്നുപോയ, അദ്ദേഹത്തിന് ചുറ്റും എപ്പോഴും ഒരു ജനസമൂഹം ഉണ്ടായിരുന്നു.

ലാസർ അച്ചൻ ഒരു യഥാർത്ഥ ബഥാനിയൻ ആയിരുന്നു. ബാല്യത്തിന്റെ നിഷ്കളങ്കതയും യൗവനത്തിന്റെ തീഷ്ണതയും വാർദ്ധക്യത്തിന്റെ വിവേകവും ചേർത്ത് ചാലിച്ച വിശുദ്ധമായ ആ സാന്നിധ്യം സമൂഹത്തിൽ എല്ലാവർക്കും ആശ്വാസമേകിയിരുന്നു. രോഗം ശരീരത്തെ കീഴടക്കിയപ്പോഴും മനസ്സ് തളരാതെ വളരെ ശാന്തതയോടെ പ്രസന്നതയോടെ അച്ചൻ കാണപ്പെട്ടു. പ്രാർത്ഥനാ ജീവിതത്തിലും കൂട്ടക്രമങ്ങളിലും നിയമപാലനത്തിലും, കൃത്യതയും നിഷ്ഠയും പുലർത്തിയിരുന്ന അച്ചന്റെ ജീവിതം ഏറെ അനുകരണാർഹമാണ്. തന്റെ ഈ ലോകജീവിതത്തിന്റെ അവസാന നാളുകളിൽ അച്ചൻ ജീവിച്ച തിരുവല്ലാ ദയറായിൽ എല്ലാവർക്കും അച്ചന്റെ സാന്നിധ്യം ഒരു അനുഗ്രഹമായിരുന്നു. അതെ ഈശോ സ്നേഹിച്ച, ഈശോയെ സ്നേഹിച്ച ബഥനിയിലെ ഈ ലാസർ സഹോദരങ്ങളുടെയും പ്രിയങ്കരൻ ആയിരുന്നു. ബഥനിയുടെ നവജ്യോതിയിൽ പരിമളം പരത്തിയ ആ ധന്യജീവിതം ഇവിടെ നമ്മോടു വിട പറഞ്ഞപ്പോൾ സ്വർഗ്ഗത്തിൽ നമുക്കായി ഒരു വാതിൽ തുറന്നു തന്നു. ഭൂമിയിലെ സഹായം സ്വർഗ്ഗത്തിലേക്ക് ചേക്കേറി അവിടെ നിന്നും നമുക്കായി അനുഗ്രഹങ്ങൾ നേടിത്തരുന്നു.

ഈ ഭൂമിയിൽ ആയിരിക്കുവാൻ ദൈവം അനുവദിച്ച സമയം മുഴുവൻ അദ്ദേഹം എല്ലാവർക്കും തന്റെ സഹായഹസ്തങ്ങൾ നീട്ടി കൊടുത്തു. അദ്ദേഹത്തിന് അരികിൽ എത്തിയവർ ആരും തന്നെ നിരാശരായി പോകുവാൻ ഇടയായിട്ടില്ല എന്നതാണ് സത്യം. തനിക്ക് ദൈവം നൽകിയ അനുഗ്രഹങ്ങൾ ഹൃദയപൂർവ്വം അനുസ്മരിച്ച് നന്ദി അർപ്പിച്ചിരുന്ന അച്ചൻ തന്റെ സ്നേഹവലയത്തിൽ നിന്നും ആരെയും മാറ്റിനിർത്തിയിരുന്നില്ല.

ആവശ്യത്തിലിരിക്കുന്നവരിലേക്ക് കണ്ണു തുറന്നിരുന്ന ആ ജീവിതം ഇന്നും സ്വർഗ്ഗത്തിൽ നിന്നും അനുഗ്രഹങ്ങൾ വർഷിക്കുന്നതിൽ വിരാമം ഇട്ടിട്ടില്ല... ശാന്തമായി ഒഴുകുന്ന ഒരു പുണ്യനദി പോലെ.... ഇന്നും തന്റെ പ്രാർത്ഥനയുടെ പിൻബലം നൽകി കരുത്തു പകരുന്ന വന്ദ്യ പുരോഹിതാ... സമാധാനത്തോടെ വസിക്കുക... അങ്ങേയ്ക്ക് ഒരായിരം ബാഷ്പാഞ്ജലി...

# സൗഖ്യദായകനായ ലാസറച്ചൻ

**ഫാ. അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി.**

പുഷ്പഗിരി ആശുപത്രിയിൽ ഒരു വല്ല്യച്ചനെയും കൊണ്ട് 'Detailed check up'-ന് വന്നതാണ്. ഇടയ്ക്ക് ഒരു കപ്പ് കാപ്പി കുടിച്ചേക്കാം എന്ന് കരുതി കാന്റീനിലേക്കു ചെന്ന് അവിടെയുള്ള ചില്ലലമാരിയിലെ ഓരോ ഐറ്റം സ്കാൻ ചെയ്തു കൊണ്ടിരിക്കുമ്പോൾ പുറകിൽ നിന്നും അവിടുത്തെ ഒരു ജീവനക്കാരി വിളിച്ചു. "അച്ചാ, നമ്മുടെ ലാസറച്ചൻ പോയല്ലേ?". എന്റെ കൂടെയുണ്ടായിരുന്ന മൈക്കിളച്ചൻ ആ അമ്മയോട് കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുമ്പോൾ ഞാൻ അവരുടെ മുഖത്തു തളം കെട്ടി നിന്ന ദുഃഖഭാവമാണ് ശ്രദ്ധിച്ചത്.... "എന്റെ ജീവിതത്തിലെ പല പ്രതിസന്ധി ഘട്ടങ്ങളിലും തുണയായിരുന്നു അച്ചൻ... വരാൻ പറ്റിയില്ല..." നിറകണ്ണുകളോടെ അത് പറയുമ്പോൾ അവരുടെ സ്വരം ഇടറി.

താൻ കണ്ടുമുട്ടിയ അനേകം വ്യക്തികളുടെ ജീവിതത്തിലെ വേദനയുടെ മുറിപ്പാടുകൾ തന്റെ സാഖ്യദായകമായ ശുശ്രൂഷ വഴി സുഖമാക്കിയ വ്യക്തിയാണ് ബഹു. ലാസറച്ചൻ. പുഷ്പഗിരി ആശുപത്രിയിലെ ചെറുതും വലുതുമായ ശുശ്രൂഷകൾ ചെയ്യുന്നവർക്ക് ലാസറച്ചനെ കുറിച്ച് പറയാൻ ധാരാളം കാര്യങ്ങൾ ഉണ്ട്. അത്രമാത്രം സഭ തന്നെ ഭരമേൽപ്പിച്ച ഈ ശുശ്രൂഷ കുറവുകൾ കൂടാതെ നടത്താൻ അദ്ദേഹം ശ്രദ്ധാലുവായിരുന്നു.

ലാസർ എന്ന പേരിന്, ദൈവം സഹായിക്കുന്നു, ദൈവത്തിന്റെ സഹായം എന്നൊക്കെയാണ് അർത്ഥം. അതിന് തത്തുല്യമായ എലയാസർ എന്ന വാക്കിന് ഹീബ്രു ഭാഷയിൽ ദൈവത്തിൽ ആശ്രയിച്ചു ജീവിക്കുന്നവൻ എന്നാണ് അർത്ഥം. ബഹുമാനപ്പെട്ട ലാസർ അച്ചന്റെ ജീവിതം ഇതിൽ നിന്നും വിഭിന്നമല്ല. പൂർണ്ണമായ ദൈവാശ്രയബോധത്തോടെയാണ് അച്ചൻ ജീവിച്ചത്. തന്റെ ആരോഗ്യസ്ഥിതിക്കനുസരിച്ച് അദ്ദേഹം പൊതുവായ പ്രാർത്ഥനകളിലും വി.കുർബാനയിലും സംബന്ധിച്ചിരുന്നു. അതിനു സാധിക്കാത്തപ്പോൾ മുറിയിൽ തന്നെ കാനോന നമസ്കാരം മുടക്കം കൂടാതെ നടത്താൻ, ജപമാല ചൊല്ലുവാൻ, അദ്ദേഹം തീക്ഷ്ണവാനായിരുന്നു. അച്ചന്മാർ ആരെങ്കിലും വല്ല്യച്ചന്മാരുടെ അടുക്കൽ കുമ്പസാരിക്കാൻ വന്നാൽ ലാസറച്ചനെ സമീപിക്കുമ്പോൾ അച്ചൻ ഒരിക്കലും വിമുഖത കാണിക്കുകയോ ആരോഗ്യ പ്രശ്നങ്ങൾ പറഞ്ഞ് ഒഴിയുകയോ ചെയ്തിട്ടില്ല. യൽദായുടെ ശുശ്രൂഷയ്ക്കു മുമ്പ് എനിക്ക് ആവശ്യമായ നിർദേശങ്ങൾ നൽകിയതും, ആഘോഷമായ കുർബാനയ്ക്കുടനീളം കൂടെയായിരുന്നതും നന്ദിയോടെ ഓർക്കുന്നു.

അഗതികളും പാവങ്ങളും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായവരെ ഉൾക്കൊള്ളുന്നൊരു വിശാല മനസ്സിന്റെ ഉടമയായിരുന്നു അച്ചൻ. പുഷ്പഗിരി ആശുപത്രിയിൽ അച്ചൻ സേവനം ചെയ്ത നീണ്ട വർഷങ്ങൾ, പാവങ്ങളോടും പാർശ്വവത്ക്കരിക്കപ്പെട്ടവരോടും രോഗികളോടും നിസംഗത കാട്ടാതെ, ഇല്ലായ്മയിൽ കഴിയുന്നവരെ തിരിച്ചറിയാനും, അവരെ തേടിയെത്താനും കണ്ടെത്താനും അവർക്കാവശ്യമായ സഹായം നൽകാനും അദ്ദേഹം സദാ ഉത്സുകനായിരുന്നു. പാവപ്പെട്ടവരെ സഹായിക്കാൻ നാം മാറ്റിവയ്ക്കുന്ന സമയം ക്രിസ്തുവിനായി മാറ്റി വയ്ക്കപ്പെട്ട സമയമാണ്. എളിയവരോടു കാണിക്കുന്ന സ്നേഹം ക്രിസ്തുവിനോടു തന്നെയാണ് കാണിക്കുന്നത് എന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു.

എന്തെങ്കിലുമൊക്കെ ഭാരമായി അച്ചന്റെ മുമ്പിൽ ചെന്നാൽ ചോദിക്കും, "കൊച്ചച്ചന്റെ മുഖം എന്താ വല്ലാതിരിക്കുന്നത്. ജോലി കൂടുതൽ ഉണ്ടോ എന്നൊക്കെ." അച്ചൻ രോഗകിടക്കയിൽ കിടക്കുമ്പോഴും സന്ദർശിക്കാൻ എത്തുന്ന നമ്മുടെ കാര്യങ്ങളാണ് അച്ചൻ കൂടുതൽ ചോദിച്ചറിഞ്ഞിരുന്നത്. രോഗീലേപനം സ്വീകരിക്കുമ്പോൾ പോലും വളരെ ആത്മീയമായ ആനന്ദമാണ് അച്ചനിൽ കണ്ടത്. ഭയമോ, നിരാശയോ അല്ല, പ്രത്യാശയുടെ തിളക്കമായിരുന്നു ആ കണ്ണുകളിൽ. കെട്ടി പിടിച്ച് നന്ദി പറഞ്ഞ് ഉമ്മയും തന്ന് ഞങ്ങളെ യാത്രയാക്കുമ്പോൾ ഞങ്ങൾ അറിഞ്ഞില്ല അച്ചൻ യാത്രയാവുകയായിരുന്നു എന്ന്.

പ്രിയ ലാസറച്ചാ, അങ്ങയുടെ വേർപാട് വേദനാജനകമെങ്കിലും, വീണ്ടെടുക്കപ്പെട്ട സംഘങ്ങളിൽ അങ്ങയെ കാണാമെന്ന പ്രത്യാശയിൽ ഞങ്ങൾ ആശ്രയിക്കുന്നു.

പ്രകാശ മണവറയിൽ അങ്ങയെ കാണുന്നതിന് ഞങ്ങൾക്ക് ഇടയാകട്ടെ...!

# എനിക്ക് അറിയാവുന്ന ലാസറച്ചൻ

**ഫാ. പീറ്റർ ജോൺ ഒ.ഐ.സി.**

എന്റെ ബാല്യകാലം. ഞാൻ വി.കുർബാന ശുശ്രൂഷകനായിരിക്കുന്ന കാലം - വി.കുർബാന അർപ്പിക്കാൻ വന്നിരുന്ന ലാസറച്ചന്റെ കുട്ടിശുശ്രൂഷകനായിരുന്നു ഞാൻ. അങ്ങനെയാണ് ഞാൻ ബഹു.ലാസറച്ചനെ ആദ്യമായി കാണുന്നത്. അന്നു തുടങ്ങിയ ബന്ധം ഞാൻ ആശ്രമത്തിൽ ചേർന്നപ്പോൾ അത് കൂറേക്കൂടി ഊഷ്മളമായി. അച്ചന് എന്റെ മാതാപിതാക്കളോടും സഹോദരങ്ങളോടും നല്ല ബന്ധമായിരുന്നു. അച്ചൻ വീട്ടിൽ വരികയും, അച്ചനുമായി ഞങ്ങൾ തമ്മിലുള്ള സ്നേഹവും സന്തോഷവും പങ്കുവെയ്ക്കുമായിരുന്നു. ഞാൻ ആശ്രമത്തിൽചേർന്ന ശേഷം പലപ്പോഴും എന്റെ മാതാപിതാക്കളെക്കുറിച്ചും ബാംഗ്ലൂർ-പൂനായിലുള്ള സഹോദരന്മാരെക്കുറിച്ചും അന്വേഷിക്കുമായിരുന്നു. ബഹു.ലാസറച്ചന്റെ ശാന്തസ്വഭാവവും സൗമ്യതയും എന്നെ ആകർഷിച്ചിട്ടുണ്ട്. അച്ചൻ ദേഷ്യപ്പെട്ട് ഒരിക്കലും ഞാൻ കണ്ടിട്ടില്ല. എന്തെങ്കിലും ആവശ്യപ്പെട്ടാൽ അത് അച്ചന്റെ കൈയ്യിലുണ്ട്. ഉദാഹരണം ഒരു ബട്ടൺ.

അച്ചനോടൊപ്പം കല്ലിശ്ശേരി വഴി യാത്ര ചെയ്യുമ്പോൾ ഓർത്തഡോക്സ് പള്ളി ചൂണ്ടിക്കാണിച്ചുകൊണ്ട് അച്ചൻ പറയും, “പീറ്ററച്ചാ-ഈ പള്ളിയിലാണ് ഞാൻ മാമോദീസാ സ്വീകരിച്ചത്.” അച്ചന്റെ വീട്ടിൽ ഞാൻ പോയിട്ടുണ്ട്. അച്ചന്റെ മൂത്തജ്യേഷ്ഠനുമായി നല്ല പരിചയമാണ് എനിക്കുള്ളത്. അച്ചന്റെ സന്ന്യാസനിഷ്ഠ ഒരു മാതൃക തന്നെയായിരുന്നു. അച്ചൻ ഒരു യാമപ്രാർത്ഥനയിൽ സംബന്ധിക്കാൻ സാധിച്ചില്ലെങ്കിൽ അച്ചൻ ആ നമസ്കാരം തനിയെ നടത്തുമായിരുന്നു. രാത്രി സമയങ്ങളിൽ അച്ചൻ സാക്രിസ്റ്റിയിൽ നിന്നുകൊണ്ട് യാമ പ്രാർത്ഥനകൾ ചൊല്ലുന്നത് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്, ഞാൻ തിരുവല്ലാ ആശ്രമത്തിൽ ആയിരുന്നപ്പോൾ. ലളിതമായ സന്ന്യാസജീവിതമായിരുന്നു അച്ചന്റേത്. ഒന്നും അച്ചനുവേണ്ടി കരുതിയതായി കരുതുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ബനിയനും കൈലിയും ധരിച്ചു നിൽക്കുന്ന ലാസറച്ചനെ കാണുമ്പോൾ ഒരു തനിനാടൻ ചേട്ടൻ - ഒരു ഗ്രാമീണ പരിവേഷം.

സന്ന്യാസത്തിന്റെ ലാളിത്യം കാത്തുസൂക്ഷിച്ച ഒരു മുനിവര്യൻ. ഏല്പിക്കുന്ന ഉത്തരവാദിത്വങ്ങൾ സത്യസന്ധതയോടെ നിർവ്വഹിച്ച ഒരു വിശ്വസ്തദാസൻ. രോഗികളെയും ആവശ്യക്കാരെയും സ്നേഹിച്ചു ശുശ്രൂഷിച്ച ഒരു മനുഷ്യസ്നേഹി. കാര്യഗൗരവമുള്ള ഒരു വ്യക്തിത്വത്തിന്റെ ഉടമ. സുവിശേഷത്തിൽ കാണുന്ന ബഥനിയിലെ ലാസർ. മുണ്ടൻമലയിൽ സ്ഥാപിതമായ ബഥനിയിലേക്ക് വന്ന പുനർജന്മം. ബാല്യകാലംമുതൽ ഞാൻ കണ്ടുപരിചയപ്പെട്ട ബഥനിയുടെ ലാസറച്ചന്റെ കൂടെ ബഥനിയിൽ ഒന്നിച്ചാകാൻ സാധിതമായത് ഒരു അനുഗ്രഹമായി ഞാൻ കാണുന്നു. എല്ലാ ആത്മീയ നൽവരങ്ങളും ഏറ്റുവാങ്ങി നിത്യതയിലേക്ക് പറന്നുയർന്ന ലാസറച്ചാ, എന്റെ മനോമുകരത്തിൽ അല്ല ബഥനിയുടെ ഓർമ്മചിപ്പിയിൽ എന്നുമുണ്ടായിരിക്കും. സ്വർഗ്ഗത്തിൽനിന്ന് ബഥനി സഹോദരങ്ങളുടെമേൽ അനുഗ്രഹപുഷ്പം വർഷിക്കണമെന്ന് അപേക്ഷിക്കുന്നു. കുറേ ഓർമ്മകൾ ബഥനിക്കു തന്നിട്ടുപോയ ലാസറച്ചാ, അങ്ങയുടെ മായാത്ത ചിരിക്കും പുഞ്ചിരിക്കും എന്നും അങ്ങ് ശുശ്രൂഷ ചെയ്ത ഇടവകകളിലും ബഥനി ആശ്രമങ്ങളിലും ഒളി മങ്ങാതെ നിലനിൽക്കുന്നു. Fr Lazar was a flowering Graceful and a blessed member of Bethany Congregation.

സന്ന്യാസി ആചാര്യാ സമാധാനത്താലെ വസിക്കുക!

# ലാസർ അച്ചൻ ഇന്നും പുഷ്പഗിരിയിൽ ജീവിക്കുന്നു

**ഫാ. ജോസ് കല്ലുമാലിക്കൽ**

ജീവിതത്തിന് അർത്ഥമില്ല എന്ന് പറയുന്നവർക്കും ജീവിതത്തിന് അർത്ഥം തേടുന്നവർക്കും എന്നും ഒരു ചൂണ്ടുപലക ആയിരുന്നു ബഹുമാനപ്പെട്ട ലാസറച്ചൻ.

തന്റെ രോഗങ്ങളെയോ തന്റെ പ്രായത്തിന്റെ അരിഷ്ടതകളോയോ ഗൗനിക്കാതെ ഏതുസമയത്തും തന്റെ ശുശ്രൂഷ ആവശ്യമുള്ളവരുടെ മുൻപിൽ ദൈവസാന്നിധ്യമായി (proximity of God) പ്രത്യാശയുടെ തിരിനാളം കൊളുത്തി കൊടുത്ത ആചാര്യനെ പുഷ്പഗിരിക്ക് മറക്കാനാവില്ല.

പുഷ്പഗിരിയുടെ ഒരു വാർഡിൽ അച്ചന് ഒരു മുറി ഉണ്ടായിരുന്നു. പലപ്പോഴും ക്ഷീണിച്ച് അവശനായി ആ മുറിയിൽ കിടക്കുന്ന അച്ഛനെ കാണുവാൻ ഇടയായിട്ടുണ്ട്. അച്ചൻ കിടക്കുന്ന കട്ടിലിന് അരികിൽ സൂക്ഷിച്ചിരിക്കുന്ന മരുന്നുകൾ ഒരു ചെറിയ ഫാർമസിക്ക് തുല്യമായിരുന്നു. ശ്രദ്ധയോടെ അത് ഓരോന്നും തിരിച്ചുവച്ച് ഓരോ നേരവും കഴിക്കുന്നത് കാണുമ്പോൾ അതിശയം തോന്നിയിട്ടുണ്ട്. പലതരം രോഗങ്ങൾക്കുള്ള മരുന്നുകൾ. എല്ലാം കഴിക്കുമ്പോഴും ശാരീരിക ക്ഷീണം വകവയ്ക്കാതെ, ഏതു രോഗിക്ക്, ഏതു വാർഡിൽ, തന്റെ ശുശ്രൂഷ ആവശ്യമാണോ അവിടെയെത്തി കൂദാശകൾ പരികർമ്മം ചെയ്യുന്നതും, രോഗിക്ക് ക്രിസ്തീയ പ്രത്യാശ പകർന്നു നൽകുന്നതും, നല്ല മരണത്തിനായി ഒരുക്കുന്നതും അച്ചനേറെ ഇഷ്ടപ്പെട്ടിരുന്ന ശുശ്രൂഷയാണ്.

ലാസർ അച്ചനിൽ ഏറെ പ്രകടമായിരുന്ന രണ്ട് സവിശേഷതകൾ ആത്മീയ ചൈതന്യവും, അസാധാരണമായ മര്യാദയും ആണ്. ദീർഘനേരം ആരാധന ചാപ്പലിലും ഇരുന്ന് പ്രാർത്ഥിക്കുന്ന അച്ചന്റെ മുഖം, ദൈവത്തെ കണ്ടിറങ്ങിവരുന്ന മോശയുടെ മുഖം പോലെ പ്രശോഭിതമായിരുന്നു.

അച്ചന്റെ അസാധാരണമായ മര്യാദ ധാർമിക അടിത്തറയുടെ ബാഹ്യമായ പ്രകടനമായിരുന്നു.

സ്നേഹം പ്രവർത്തിയിൽ കാണുന്നതാണ് മര്യാദ, കാപട്യം ഇല്ലാത്ത സ്നേഹമാണ് മര്യാദ, മറ്റുള്ളവരോടുള്ള ആന്തരിക പരിഗണനയാണ് മര്യാദ, എന്ന് ജീവിതം കൊണ്ട് ഏവരെയും പഠിപ്പിച്ച വ്യക്തിയായിരുന്നു ബഹുമാനപ്പെട്ട ലാസർ ഒ.ഐ.സി അച്ചൻ.

ഓരോ വൈദികനും പട്ടത്വശുശ്രൂഷയിലൂടെ ലഭിക്കുന്നത് ആചാര്യത്വത്തിന്റെ താക്കോലാണ്.

ഈ താക്കോൽകൊണ്ട് ആചാര്യത്വത്തിന്റെ നന്മകൾ ഏറെ സ്വീകരിച്ചുകൊണ്ട് സഹജീവികളോടൊത്ത് പുണ്യജീവിതം നയിക്കുവാൻ ആണ് ഓരോ പുരോഹിതനും നിയുക്തനായിരിക്കുന്നത്. അക്ഷരാർത്ഥത്തിൽ ഇത് നിർവഹിച്ചു കാണിച്ചുതന്ന ഒരു ഗുരുവും, മാർഗ്ഗദർശിയുമായ ആചാര്യൻ ആയിരുന്നു ലാസർ അച്ചൻ.

പുണ്യവാനായ ആചാര്യ സമാധാനത്തോടെ പോവുക... അങ്ങയെപ്പോലെ മറ്റൊരാളെ കണ്ടെത്തുവാൻ പുഷ്പഗിരിക്ക് ആവതില്ല...

സ്വർഗീയ മധ്യസ്ഥത്താൽ ഞങ്ങളെ എന്നും അനുഗ്രഹിച്ചാലും...

# ഹൃദയശുദ്ധിയുള്ള ലാസറച്ചൻ

**ഫാ. ജോസഫ് മേനാക്കളീക്കൽ ഒ.ഐ.സി.**

ശാന്തിയുടെ തീരത്തു വന്നടിഞ്ഞ മുത്തേ നിനക്കു പ്രണാമം! പ്രകൃതിയുടെ വരദാനമേ നിനക്കു നന്ദി! പൗരോഹിത്യത്തിന്റെ വെൺശോഭയെ നിനക്കു വന്ദനം!

നിന്റെ സൗന്ദര്യം ഞങ്ങൾ ദർശിക്കുന്നത് നിന്റെ മുഖകാന്തിയിലല്ല. മറിച്ച്, ദിവ്യനാഥന്റെ ചൈതന്യം അതിന്റെ സ്നഹപാളികൾ പ്രതിബിംബിപ്പിക്കുന്നതുകൊണ്ടാണ്. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും. അതുകൊണ്ടുതന്നെ ഞങ്ങൾ വിശ്വസിക്കുന്നു. അവന്റെ മുഖകാന്തി പ്രസാദിപ്പിക്കുന്നത് ദിവ്യനാഥന്റെ സാന്നിദ്ധ്യമാണ്. ഞങ്ങളുടെ ഹൃദയങ്ങളെയും ജീവിതത്തെയും അത് പ്രശോഭിപ്പിക്കുന്നു. ശാന്തമായി കടന്നുവന്ന്, ശാന്തിയിൽ ജീവിച്ച്, ശാന്തമായി കടന്നുപോകുന്ന നിന്നെ ശാന്തിയുടെ പ്രവാചകനായിട്ടല്ലാതെ മറ്റൊന്നായിട്ടാണ് കാണാൻ കഴിയുക? നീ പ്രസരിപ്പിക്കുന്ന പ്രകാശം നിന്റെ സൗന്ദര്യമായി ഞങ്ങൾക്കനുഭവപ്പെടുന്നു. നിരുപദ്രവകാരിയും സ്നേഹത്തിന്റെ പ്രകാശവും നിന്റെ സാന്നിദ്ധ്യമായി ഞങ്ങൾക്കനുഭവവേദ്യമാകുന്നു.

1976 ആഗസ്റ്റ് 6-ാം തീയതി ഒരുകൂട്ടം സന്ന്യസ്തർ ആരെയോ കാത്ത് ആശ്രമ ഭൂമുഖത്ത് നിൽക്കുകയാണ്. ആ നിരയുടെ ഏറ്റവും മുൻപിൽ ആശ്രമത്തിന്റെ തലവനായ റവ.ഫാ.ലാസറസ് ഒ.ഐ.സി ആണ് നിന്നിരുന്നത്. അവിടേക്ക് കടന്നുവന്നിരിക്കുന്ന ആരെയോ പ്രതീക്ഷിച്ചാണ് ആ നിൽപ്പ്. വൈദികവിദ്യാർത്ഥികൾ കളിച്ചും ചിരിച്ചും അവിടവിടെ നിൽക്കുന്നു. അവരുടെ ഇടയിലേക്ക് ഒരു വാഹനത്തിൽ കുറേപ്പേർ വന്നിറങ്ങി. ആശ്രമത്തലവൻ റവ.ഫാ.ലാസറസ് തന്റെ സ്വതസിദ്ധമായ പുഞ്ചിരിയോടെ അവരെ സ്വീകരിച്ചു. ആശ്രമത്തിൽ ചേരാൻ വന്നവരാണോ അവർ? ആരോ ഒരാൾ ചോദിക്കുന്നതുകേട്ടു.

അന്ന് ആ വന്നവരിൽ രണ്ടുപേർ ജെയിംസ് ഇല്ലിത്തറയിൽ ഒ.ഐ.സി.യും ഞാനുമായിരുന്നു. ആശ്രമാദ്ധ്യക്ഷനെന്ന നിലയിൽ ഞങ്ങളുടെ കൈകളിൽ പിടിച്ചുനടന്ന് ആശ്രമത്തിന്റെ മുക്കംമൂലയും അച്ചൻ ഞങ്ങൾക്ക് കാട്ടിത്തന്നു.

ഇന്ന് 2024 ഫെബ്രുവരി 15-ാം തീയതി സ്വർഗത്തിന്റെ വാതിൽക്കൽ കൈകൾ വിരിച്ച് അവിടേക്ക് എനിക്ക് സ്വാഗതം അരുളി നിൽക്കുന്ന ലാസറച്ചൻ എന്റെ മനസ്സിൽ ഒരു മിന്നലായി കടന്നുപോയി.

അദ്ദേഹം മനുഷ്യസ്നേഹി മാത്രമല്ല, ഒരു പ്രകൃതിസ്നേഹിയും ആയിരുന്നു. ഒരുദിവസം നട്ടുച്ച നേരത്ത് കുറെ അതിഥികൾ ആശ്രമത്തിലെത്തി. ആശ്രമത്തിലന്ന് മീൻവളർത്തൽ ഉള്ളകാലം. ജന്തുജാലങ്ങൾപോലും ലാസറച്ചന്റെ കരുതൽ അനുഭവിച്ചിരുന്നു. അതിഥികൾ ചോദിച്ചു, "അച്ചാ, ആ മീൻകുളം ഞങ്ങൾ ഒന്നു കണ്ടോട്ടെ?" അപ്പോൾ രഹസ്യമെന്നോണം അച്ചൻ ഞങ്ങളോടു പറയുകയാണ്, "മീനുകൾ ഉറക്കമായിരിക്കും. അവ ഉറങ്ങട്ടെ, അവയെ ശല്യപ്പെടുത്തരുത്.'' എത്രമാത്രം സ്നേഹവും കരുതലുമാണ് അച്ചന്റെ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്നതെന്ന് തിരിച്ചറിഞ്ഞ നിമിഷമായിരുന്നു അത്.

മറ്റൊരിക്കൽ ഒരു പുള്ളിപൂങ്കുയിൽ കൊച്ചുശെമ്മാശന്മാരുടെ കൈയിലകപ്പെട്ടു. മുറിവും ചതവുമുള്ള നിലത്തുവീണ പുള്ളിപൂങ്കുയിലിനെ സുപ്പീര്യർ അച്ചന്റെ സവിധേ എത്തിച്ചു. നിങ്ങൾ അതിനെ എന്തിനാണു പിടിച്ചതെന്നായിരുന്നു ആദ്യചോദ്യം.

പിന്നീട് പറഞ്ഞു, അതിന്റെ മുറിവുകളിൽ ഡെറ്റോൾ പുരട്ടുക. ആ സാഹസത്തിനൊടുവിൽ ഡെറ്റോൾ വീണ പൂങ്കുയിൽ കുതറിപ്പറന്നകന്നു. "അവൻ പോകട്ടെ, പോയി രക്ഷപെടട്ടെ" എന്ന അച്ചന്റെ വാക്കുകൾകേട്ട് ശെമ്മാശന്മാർ വിഷമിച്ചു. അതുകണ്ട് അച്ചൻ വീണ്ടും പറഞ്ഞു, "നന്നായി, അതു രക്ഷപെട്ടല്ലോ" നിരാശരായ അവരെ ആശ്വസിപ്പിച്ച് അദ്ദേഹം പറഞ്ഞു, "നമ്മളെ കൂട്ടിലിട്ടാൽ നമുക്ക് പറന്നുപോകാൻ ആഗ്രഹമില്ലേ? അതു പോകട്ടെ." ഇന്ന് ആ കാഴ്ചകളൊക്കെ കൺമുമ്പിൽ കാണുന്നതുപോലെ ആ ചിരി ഇപ്പോഴും മാഞ്ഞിട്ടില്ലാത്തതുപോലെ!

അടുത്ത കാലത്ത് എന്റെ സഹവാസം അച്ചന്റെ മുറിയോടു ചേർന്നായിരുന്നു. തന്റെ മുറിയിൽ വരുന്നവർക്കൊക്കെ അച്ചൻ മിഠായി കൊടുക്കുമായിരുന്നു. എനിക്കായി അച്ചൻ കൂടുതൽ മിഠായി കരുതിവച്ചിരുന്നു. മരണ സമയത്തിനടുത്ത് സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നവരോട് അദ്ദേഹം പറഞ്ഞിരുന്നു മിഠായിയും വാങ്ങണമെന്ന്. 'എന്തിനാണെന്നു ചോദിച്ചപ്പോൾ' അദ്ദേഹം പറഞ്ഞു, 'അത് ജോസഫച്ചനുള്ളതാണെന്ന്.' അതേസമയം ഞാൻ ആ മുറിയിലേക്ക് കടന്നുചെല്ലുന്നു. എന്നോടച്ചൻ പറഞ്ഞു, "വിഷമിക്കേണ്ട, മിഠായി വാങ്ങിക്കാൻ പറഞ്ഞിട്ടുണ്ടെന്ന്." പിന്നീട് ഹൃദയം തുറന്നൊരു ചിരി, സ്നേഹത്തിന്റെ കരുതലിന്റെ, വാത്സല്യത്തിന്റെ അടയാളങ്ങൾ! ശാന്തതയുടെ മുത്തേ, അങ്ങേക്ക് പ്രണാമം!

# വന്ദ്യ ലാസറച്ചനെ അനുസ്മരിക്കുമ്പോൾ

**ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.**

92-ാം വയസ്സിൽ 'വളരെ ഭാഗ്യമോടെ കടന്നുപോയി' എന്ന് വന്ദ്യലാസറച്ചനെപ്പറ്റി സംശയലേശമെന്യേ പറയാൻ സാധിക്കും. അപ്രകാരമായിരുന്നു എല്ലാ അർത്ഥത്തിലും അച്ചന്റെ ജീവിതത്തിന്റെ അന്ത്യനാളുകൾ. തന്റെ രോഗത്തിന്റെ അസ്വാസ്ഥ്യങ്ങളെ യാഥാർത്ഥ്യ ബോധത്തോടും സന്ന്യാസചൈതന്യത്തോടും അദ്ദേഹം സ്വീകരിച്ചു. ജീവിതാവസാനം വരെ ബഥാന്യൻ ജീവിതശൈലിയുടെ ഒരു തെളിവുറ്റ ദൃഷ്ടാന്തമായിരുന്നു ലാസറച്ചൻ. തന്റെ പൗരോഹിത്യത്തെയും സന്ന്യാസത്തെയും വളരെ വിലപ്പെട്ട ജീവിതാവസ്ഥയായി അദ്ദേഹം കണ്ടിരുന്നു. അതിൽ വലിയ അഭിമാനം അച്ചനുണ്ടായിരുന്നു. ദൈവം തനിക്കു നൽകിയ വലിയ ദാനമായി അതിനെ മനസ്സിലാക്കുകയും അതനുസരിച്ച് ചെറിയ കാര്യങ്ങളിൽ പോലും വിശ്വസ്തതാപൂർവ്വം ജീവിക്കുകയും ചെയ്യാൻ പ്രയത്നിച്ചുപോന്നു. സന്ന്യാസത്തെയും പൗരോഹിത്യത്തെയും സമഞ്ജസമായി ഏകോപിപ്പിച്ച് കോർത്തിണക്കിയ ഒരു ജീവിതശൈലിയാണ് അച്ചൻ അനുധാവനം ചെയ്തിരുന്നത്. കല്ലിശേരി പാലനിൽക്കുന്നതിൽ കുടുംബാംഗമായി ജനിച്ച് സുറിയാനി അദ്ധ്യാപകനായിരിക്കുമ്പോഴാണ് അദ്ദേഹം ബഥനി ആശ്രമത്തിലേക്കുള്ള ദൈവവിളി സ്വീകരിക്കുന്നതും സന്ന്യാസ വൈദികപരിശീലനം പൂർത്തീകരിച്ച് വൈദികനായിത്തീരുന്നതും. 1964-ലെ ബോംബെ ദിവ്യകാരുണ്യ കോൺഗ്രസിൽവച്ച് ഡിസംബർ 2-ാം തീയതി പോൾ ആറാമൻ മാർപാപ്പായുടെ സാന്നിദ്ധ്യത്തിലാണ് അച്ചൻ തന്റെ പൗരോഹിത്യപട്ടം സ്വീകരിച്ചത്.

ബഥനിയുടെ ലളിതജീവിതം അതിന്റെ എല്ലാ അർത്ഥത്തിലും ബാഹ്യവും ആന്തരികവുമായി ഉൾക്കൊണ്ടുകൊണ്ട് ബ.ലാസറച്ചൻ ജീവിച്ചു. വസ്തുവകകളുടെ ഉപയോഗത്തിലും മറ്റുള്ളവരോടുള്ള ഇടപെടലിലും തന്റെ ജീവിതശൈലിയിലും കാഴ്ചപ്പാടുകളിലും ലാളിത്യത്തിന്റെ പരിവേഷം പ്രകടമായി നിലനിന്നിരുന്നു. അതുപോലെ വളരെ നിഷ്ഠാപരമായ ഒരു ജീവിതരീതിയായിരുന്നു അച്ചന്റേത് എന്ന് എടുത്തു പറയേണ്ടതായിട്ടുണ്ട്. എവിടെ ആയിരുന്നാലും ഏതു ജോലിയിൽ വ്യാപൃതനായിരുന്നാലും രോഗാവസ്ഥയിലായിരുന്നാലും തന്റെ സന്ന്യാസജീവിതനിഷ്ഠകൾക്ക് (Religious discipline) മുടക്കം വരുത്താതിരിപ്പാൻ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വെറുതെ ചില കാര്യങ്ങൾ കൃത്യമായി അനുഷ്ഠിച്ചുപോരുക എന്നതിലല്ല നിഷ്ഠാജീവിതത്തിന്റെ പിന്നിലെ സന്ന്യാസദർശനങ്ങൾ വേണ്ടവിധം മനസ്സിലാക്കി ഗൗരവമായി എടുത്തുകൊണ്ട് അച്ചൻ തന്റെ കടമകൾ ചെയ്തുജീവിച്ചു. തന്റെ ജീവിതത്തെ അതിനനുസരണം അച്ചൻ രൂപപ്പെടുത്തിയിരുന്നു. നിഷ്ഠാജീവിതം അച്ചനൊരു ഭാരമായി തോന്നിയിരുന്നില്ല. സ്വാഭാവികമായും അനായാസമായും അതിനെ സ്വീകരിച്ചു ജീവിച്ചു. ഇന്നത്തെ ജീവിതസാഹചര്യങ്ങളിൽ അച്ചൻ ഈ വിഷയത്തിൽ വലിയൊരു മാർഗ്ഗദർശിയാണെന്നതിൽ സംശയമില്ല. അതുപോലെ ശക്തമായ പ്രാർത്ഥനാ ജീവിതത്തിനുടമയുമായിരുന്നു ലാസറച്ചൻ. പൊതുപ്രാർത്ഥനകളിൽ മുടക്കം വരുത്താതെ കൃത്യമായും സജീവമായും പങ്കുചേർന്നിരുന്നു. വി.കുർബാന വ്യക്തിപരമായി ചൊല്ലുന്ന വേളയിലും ആരാധന ക്രമാനുഷ്ഠാനങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാണദ്ദേഹം അർപ്പിച്ചിരുന്നത്. മലങ്കര ആരാധനക്രമാനുഷ്ഠാനങ്ങളെപ്പറ്റി നല്ല അറിവുണ്ടായിരുന്ന ലാസറച്ചൻ

അവ കൃത്യമായി പാലിക്കപ്പെടണമെന്ന് നിർബന്ധിച്ചിരുന്നു. ഇവയോടൊപ്പം വ്യക്തിപരമായ പ്രാർത്ഥനകൾ, ജപമാല, പരിശുദ്ധ ദൈവമാതാവിനോടുള്ള പ്രത്യേക ഭക്തി ഇവയെല്ലാം അച്ചന്റെ ശക്തിസങ്കേതങ്ങളായിരുന്നു. നിരവധി ആളുകൾ അച്ചന്റെ പ്രാർത്ഥനകൾ അപേക്ഷിച്ചും അനുഗ്രഹങ്ങൾ തേടിയും അച്ചനെ സമീപിച്ചിരുന്നു. ഒരു നല്ല കുമ്പസാരകൻ കൂടിയായിരുന്ന ലാസറച്ചൻ ധാരാളം ആളുകളുടെ കുമ്പസാരകനായിരുന്നു. ആളുകൾ എപ്പോൾ ആവശ്യപ്പെട്ടാലും അവരെ കുമ്പസാരിപ്പിക്കുവാൻ അച്ചൻ കാണിച്ചിരുന്ന സന്നദ്ധത നമുക്കെന്നും വലിയൊരു മാതൃകയാണ്.

വന്ദ്യ ലാസറച്ചന്റെ ഈ ദൈവോന്മുഖത അതിന്റെ പൂർണ്ണതയിലെത്തിയത് മനുഷ്യരോടുള്ള അച്ചന്റെ സ്നേഹവും കരുതലിലൂടെയുമാണ്. മറ്റുള്ളവരെ അവരുടെ ചെറുതും വലുതുമായ ആവശ്യങ്ങളിൽ, ബുദ്ധിമുട്ടുകളിൽ എപ്പോഴും സഹായിക്കുവാനുള്ള ഒരു മഹാമനസ്കത അച്ചന്റെ കൂടെപ്പിറപ്പായിരുന്നു. ഇത് സമൂഹാംഗങ്ങളും പുറത്തുള്ളവരും അനുഭവിച്ചറിഞ്ഞിട്ടുള്ള വസ്തുതയാണ്. അച്ചൻ താമസിക്കുന്ന ആശ്രമത്തിലെ മറ്റംഗങ്ങൾ ഇത് ധാരാളമായി അനുഭവിച്ചറിഞ്ഞിട്ടുള്ളവരാണ്. അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് വേണ്ട സഹായങ്ങൾ നല്കുന്നതിന് അച്ചൻ അതീവശ്രദ്ധ നല്കിയിരുന്നു. എന്നും എല്ലാവരോടും സുഖാന്വേഷണം നടത്തുമായിരുന്നു. കഴിഞ്ഞ പത്തിലേറെ വർഷങ്ങളായി ഞാൻ അച്ചന്റെ അടുത്ത മുറിയിൽ താമസിക്കുന്ന ആളാണ്. എല്ലാ ദിവസവും എന്റെ മുറിയിൽ വന്നു ക്ഷേമം അന്വേഷിക്കുകയും അച്ചന്റെ വിവരങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുമായിരുന്നു. തീരെ കിടപ്പായതിനുശേഷമാണ് ആ പതിവ് നിന്നത്. ലാസറച്ചന്റെ മുറിയിൽ ആർക്കും എപ്പോഴും കടന്നുചെല്ലാം. അച്ചനോടു സംസാരിക്കാം. അച്ചനു സന്തോഷമേയുള്ളു. ഏതു പ്രയാസവും അച്ചനോടു പറയാം. ഒരു പുഞ്ചിരിയോട് അച്ചൻ അതെല്ലാം കേൾക്കുകയും നമ്മെ സമാശ്വസിപ്പിക്കുകയും പ്രാർത്ഥന വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു. അച്ചനോടുള്ള സംസർഗ്ഗം ആർക്കും എപ്പോഴും ഒരു അനുഗ്രഹമായിരുന്നു എന്നുതന്നെ പറയാം.

ആശ്രമത്തിനു പുറത്തുള്ള ധാരാളം ആളുകളെ അവരുടെ ആവശ്യങ്ങളിലും ബുദ്ധിമുട്ടിലും പ്രയാസങ്ങളിലും അച്ചൻ അകമഴിഞ്ഞു സഹായിച്ചിട്ടുണ്ട്. മറ്റുള്ളവർ അച്ചനു നല്കുന്ന സാമ്പത്തിക സഹായങ്ങൾ വാങ്ങി ഔദാര്യപൂർവ്വം ധാരാളം ആളുകളെ സഹായിച്ചിട്ടുണ്ടെന്ന് പലരും നന്ദിനിറഞ്ഞ ഹൃദയങ്ങളാലും കണ്ണുനീരോടുകൂടെയും ഇന്നും ഇക്കാര്യങ്ങൾ പങ്കുവയ്ക്കുന്നുണ്ട്. തന്റെ സന്ന്യാസ-പൗരോഹിത്യജീവിതത്തിന്റെ വിലപ്പെട്ട ധർമ്മമായിട്ടാണ് അച്ചൻ ഇതു കണ്ടിരുന്നത്.

സഭാ പ്രേഷിതരംഗത്ത് ലാസറച്ചൻ മലങ്കര കത്തോലിക്കാസഭയിലെ ധാരാളം ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അച്ചൻ ഒരു തികഞ്ഞ മിഷനറിയായിരുന്നു. ഇടവക പ്രവർത്തനങ്ങൾ അച്ചന് ഒരു ഇഷ്ടവിഷയമായിരുന്നു. രൂപതകളോടും രൂപതാദ്ധ്യക്ഷന്മാരോടുംചേർന്നുനിന്ന് അച്ചൻ ഈ ശുശ്രൂഷ ശ്രേഷ്ഠമായ രീതിയിൽ നിർവ്വഹിച്ചിരുന്നു. ബഥനിയുടെ മിഷൻ ചൈതന്യത്തിന്റെ പ്രതിഫലനമായിരുന്നു ബ.അച്ചന്റെ ഇടവകശുശ്രൂഷകൾ. ജനങ്ങളെ ആദ്ധ്യാത്മികമായും ഭൗതികമായും ഉയർത്തുവാൻ അച്ചൻ സർവ്വാത്മനാ പരിശ്രമിച്ചിട്ടുണ്ട്. പ്രവർത്തിച്ച സ്ഥലങ്ങളിലെല്ലാം ഒരു വിശ്വാസി സമൂഹം രൂപപ്പെടുത്തുവാനും വിശ്വാസത്തിലും സഭാപാരമ്പര്യങ്ങളിലും ആരാധനക്രമാനുഷ്ഠാന ങ്ങളിലും വളർത്തിയെടുക്കുവാനും ഏറെ അദ്ധ്വാനിച്ചിട്ടുണ്ട്. അച്ചൻ പ്രവർത്തിച്ച സ്ഥലങ്ങളിലെല്ലാം അവിടുത്തെ ജനങ്ങളുടെ ഹൃദയത്തിൽ ഒരു പ്രത്യേക സ്ഥാനം അച്ചനു

ലഭിച്ചിരുന്നു. അനേക നാളുകൾ പിന്നിട്ടിട്ടും ഈ സ്ഥലങ്ങളിൽ നിന്നെല്ലാം വിശ്വാസികൾ വന്ന് ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിക്കുന്നതു ശവസംസ്കാരദിവസം നമുക്ക് കാണുവാൻ സാധിച്ചു.

വന്ദ്യ ലാസറച്ചനെ അനുസ്മരിക്കുന്നവരാരും പുഷ്പഗിരി മെഡിക്കൽ കോളേജിൽ അച്ചൻ നടത്തിയിരുന്ന സേവനത്തെ വിസ്മരിക്കുകയില്ല. നീണ്ട 25 വർഷക്കാലത്തോളം അച്ചൻ അവിടത്തെ ചാപ്ലെയിൻ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദിവസവും അവിടുത്തെ രോഗികളെ സന്ദർശിച്ച് അവരുടെ മാനസികവും ആദ്ധ്യാത്മികവുമായ ആവശ്യങ്ങൾ മനസ്സിലാക്കി അവർക്ക് തിരുവചന പശ്ചാത്തലത്തിൽ ആശ്വാസവും സാന്ത്വനവും അനുഗ്രഹവും നൽകുവാൻ അച്ചന്റെ ഈ ശുശ്രൂഷ ഇടയാക്കിയിട്ടുണ്ട്. വി.കുമ്പസാരമാവശ്യമായവരെ കുമ്പസാരിപ്പിക്കുക, വി.കുർബന ആവശ്യമായവർക്ക് വി.കുർബാന നല്കുക, രോഗീലേപനം ആവശ്യമായവർക്ക് ആ ശുശ്രൂഷ നൽകുക ഈ കാര്യങ്ങളെല്ലാം വളരെ കൃത്യമായും ആത്മാർത്ഥതയോടും ലാസറച്ചൻ നിർവ്വഹിച്ചു. ഇതൊരു കടമനിർവ്വഹണം എന്നതിലുപരി ഒരു ആന്തരികാനുഭൂതിയിലാണച്ചൻ ചെയ്തുപോന്നത്. അനേകംപേർ ഇന്നും അവരുടെ നല്ല അനുഭവം പങ്കുവയ്ക്കുന്നുണ്ട്.

ഒരുപക്ഷേ, അധികമാളുകൾ ശ്രദ്ധിക്കപ്പെടാത്ത ഒരു കാര്യമാണ് ലാസറച്ചൻ ഒരു അസാധാരണ വായനക്കാരൻ ആയിരുന്നു എന്ന വസ്തുത. ഇവിടെ വരുത്തിക്കൊണ്ടിരുന്ന പത്രങ്ങളും സഭാപരമായ മാസികകളും മറ്റു പ്രധാനപ്പെട്ട പബ്ലിക്കേഷൻസും അച്ചൻ വായിക്കുമായിരുന്നു. അവ കൂടാതെ ധാരാളം ഗ്രന്ഥങ്ങൾ അച്ചൻ ആവേശത്തോടെ വായിച്ചിരുന്നു. വിശ്രമത്തിലല്ലാത്ത സമയത്തെല്ലാം അച്ചൻ വായനയിൽ മുഴുകിയിരുന്നു. ലാസറച്ചന്റെ ഈ വായനാശീലം എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഞാൻ തിരുവല്ല ആശ്രമത്തിൽ വന്നതിനുശേഷമുള്ള ഏതാണ്ട് പത്തുവർഷങ്ങളിൽ അച്ചൻ വായിച്ചുതീർത്ത പുസ്തകങ്ങൾ എത്രയെന്നതിന്റെ കണക്കു പറയാൻ സാധിക്കുകയില്ല. ഞാനായിരുന്നു ഈ കാലയളവിൽ അച്ചനു പുസ്തകം നല്കിയിരുന്നത്. ഓരോ പുസ്തകവും വായിച്ചു കഴിഞ്ഞു തിരികെ കൊണ്ടുവരുമ്പോൾ അതിനെപ്പറ്റി ഒരു ചെറുവിവരണവും എനിക്കു നല്കിക്കൊണ്ടിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പുസ്തകങ്ങൾ ഒരുപോലെ വായിക്കുമായിരുന്നു. കാഴ്ച അച്ചന് വലിയൊരു പ്രശ്നമായിരുന്നില്ല.

ലളിതവും ശാന്തവുമായ ഒരു ജീവിതമായിരുന്നു വന്ദ്യ ലാസറച്ചന്റേത് എന്ന് നമുക്ക് സന്തോഷപൂർവ്വം അനുസ്മരിക്കാം. വളരെ അനുഗ്രഹപ്രദമായ ഒരു വാർദ്ധക്യം. സ്വന്തം ശാരീരികാസ്വാസ്ഥ്യങ്ങൾക്കിടയിലും മറ്റുള്ളവരോട് സ്നേഹപൂർവ്വം ഇടപെടുന്ന സ്വഭാവം. ഉറച്ച ആദ്ധ്യാത്മികാടിസ്ഥാനമാകുന്ന പാറമേൽ പണിയപ്പെട്ട ഭവനംപോലുള്ള ജീവിതം.

ലാസറച്ചന്റെ പാവനസ്മരണക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# സുവിശേഷം പ്രസംഗിക്കുന്നവരുടെ കാൽപാദം എത്ര മനോഹരം

**ഫാ. ജോസ് കുരുവിള ഒ.ഐ.സി.**

ബഹുമാനപ്പെട്ട ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി. അച്ചനെ ഓർക്കുമ്പോൾ മനസ്സിൽ ആദ്യം കടന്നുവരുന്നത് വിശുദ്ധ ഗ്രന്ഥത്തിലെ ഈ വാക്കുകളാണ്. 1977–ൽ ബഥനി ആശ്രമത്തിൽ അംഗമായി വരുമ്പോൾ ഞങ്ങൾ ചെറുബാലന്മാർക്ക് ദൈവവിളിയുടെ ആദ്യപാഠം പകർന്നുതന്നത് ജെയിംസ് അച്ചന്റെ ഈ വാക്കുകൾ ആയിരുന്നു. അടുത്തുനിന്ന് അദ്ദേഹത്തിന്റെ ജീവിതത്തെ വീക്ഷിച്ച വ്യക്തി എന്ന നിലയ്ക്ക് ഈ വേദവാക്യത്തിന്റെ പൂർത്തീകരണമായിരുന്നു ആ ജീവിതം. സുവിശേഷത്തിനുവേണ്ടി ജീവിതം സമർപ്പിച്ച അദ്ദേഹം വ്യത്യസ്ത കർമ്മ മേഖലയിലൂടെയാണ് സുവിശേഷത്തിന്റെ വെളിച്ചം നമുക്കു പകർന്നു തന്നത്. ഒരു നവ വൈദികനായിരിക്കെ വിവിധങ്ങളായ ദേവാലയങ്ങളിൽ മനോഹരമായി സുവിശേഷം പ്രസംഗിച്ച വൈദികനായിരുന്നു അദ്ദേഹം. ആഴമായ ധ്യാനത്തിലൂടെയും വിചിന്തനത്തിലൂടെയും സരളമായ ഭാഷയിൽ സുവിശേഷത്തിന്റെ പ്രത്യാശ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കാൻ അദ്ദേഹത്തിന് സാധിച്ചു. സുവിശേഷ പ്രഘോഷണത്തിനുപരിയായി സന്ന്യസ്തർക്കും വൈദികർക്കും ഇടവകകൾക്കും മനോഹരമായ ധ്യാനപ്രസംഗങ്ങൾ നടത്തി സുവിശേഷത്തെയും അത് പ്രഘോഷിക്കുന്നവരെയും അദ്ദേഹം ശക്തിപ്പെടുത്തി.

തന്റെ വിദേശ പഠനത്തിനുശേഷം നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം ഗഹനങ്ങളായ ലേഖനങ്ങളിലൂടെ സുവിശേഷചൈതന്യം പകർന്നുനൽകി. മലങ്കരയിലെ വിവിധങ്ങളായ പ്രസിദ്ധീകരണങ്ങളിൽ ഒരു നിറസാന്നിദ്ധ്യമായിരുന്നു ബഹു.അച്ചൻ. ഒരു സുവിശേഷപ്രഘോഷകൻ, ധ്യാനഗുരു, ലേഖനകർത്താവ് എന്നീ നിലകളിലെല്ലാം സ്തുത്യർഹമായി തന്റെ സാന്നിദ്ധ്യം അറിയിച്ചിരുന്ന വ്യക്തിയാണ് ബഹു. ജെയിംസ് മാമ്മൂട്ടിൽ അച്ചൻ. സുവിശേഷം പ്രസംഗിക്കുന്നവരുടെ പാത എത്ര മനോഹരം എന്ന് വായനയിലൂടെ മാത്രമല്ല, സ്വന്തം ജീവിതത്തിലൂടെ ജീവിതം നമുക്ക് മാതൃകയാക്കി കടന്നുപോയ പുരോഹിതനാണ് ബഹു.ജെയിംസ് അച്ചൻ.

**ബഥനിയിലെ സന്ന്യാസജീവിതത്തിന്റെ വക്താവ്**

ഒരു ബഥനി വൈദികൻ എന്ന നിലയിൽ തന്റെ സാന്നിദ്ധ്യം എവിടെയും സംജാതമാക്കിയ വ്യക്തിയാണ് ബഹുമാനപ്പെട്ട ജെയിംസ് അച്ചൻ. ബഥനിക്കാരൻ എന്നതിൽ അഭിമാനം കൊള്ളുക മാത്രമല്ല ബഥനിയുടെ സാന്നിദ്ധ്യം എവിടെയൊക്കെ ആവശ്യമാണോ അവിടെയെല്ലാം കൂസലെന്യേ കടന്നുചെല്ലാൻ ജെയിംസ് അച്ചനു സാധിച്ചു. ബഥനിയുടെ ആദ്യകാല ദയറാകളായ തിരുവല്ലാ ദയറായുടേയും, തിരുവനന്തപുരം ദയറായുടേയും മറ്റ് അനേകം ആശ്രമങ്ങളുടെ സുപ്പീരിയറും ആയിരുന്നു ബഹുമാനപ്പെട്ട അച്ചൻ. എവിടെ നിയോഗിക്കപ്പെട്ടാലും ആ പ്രദേശത്ത് ബഥനിയുടെ സാന്നിദ്ധ്യവും സാക്ഷ്യവുമായി അദ്ദേഹം ജീവിച്ചു. കേരളത്തിനു പുറത്തുള്ള മിക്ക ആശ്രമങ്ങളിലും ഒറ്റപ്പെട്ട സാഹചര്യത്തിൽ അദ്ദേഹം ശുശ്രൂഷ ചെയ്തു. ഐക്യപ്പെടുന്ന ഏതു സ്ഥലത്തും ഒരു വിമുഖതയും കൂടാതെ അദ്ദേഹം കടന്നുചെന്നു. ആശ്രമത്തിന്റെ വലിപ്പചെറുപ്പം നോക്കാതെ പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതുപോലെ ഏതു സാഹചര്യത്തിലും തന്റെ സന്ന്യാസജീവിതം അതിന്റെ പൂർത്തീകരണത്തിൽ ജീവിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. ലുദിയ, കൽക്കട്ട, ഹൈദരാബാദ്

എന്നീ മിഷൻ ഹൗസുകളുടെ ആദ്യകാല ചുമതലക്കാരിൽ ഒരാളായിരുന്നു ബഹുമാനപ്പെട്ട ജെയിംസ് അച്ചൻ. വളരെ പരിമിതമായ സാഹചര്യങ്ങളിൽ ഒരു ബഥനിക്കാരൻ സ്പിരിറ്റോടുകൂടെ മലങ്കരയുടെ ചെറുസമൂഹങ്ങളുമൊത്ത് അദ്ദേഹം തന്റെ ജീവിതം പങ്കുവച്ചു. ബഥനി ഉയർത്തിപ്പിടിച്ച ജീവിതമൂല്യങ്ങളായ ലാളിത്യം, സംലഭ്യശുശ്രൂഷ എന്നിവ വലിപ്പചെറുപ്പം നോക്കാതെ എല്ലാവർക്കും പങ്കുവച്ചു കൊടുക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. രണ്ടു പിഞ്ചുകുഞ്ഞുങ്ങളുടെ ഒരു കുടുംബനാഥൻ മരണപ്പെട്ടപ്പോൾ ആ കുടുംബത്തിന് എല്ലാ ബലവുമേകി ഇടവക സമൂഹത്തെ ഒന്നിപ്പിച്ച് അദ്ദേഹം ബലപ്പെടുത്തി. വിധവയും വയോധികയുമായ സ്ത്രീ ഇന്നും മനസ്സിൽ കരുതുന്നത് അച്ചന്റെ സംരക്ഷണവും പ്രാർത്ഥനയുമാണ് ആ കുടുംബത്തെ മുന്നോട്ട് നയിച്ചത് എന്നാണ്. തന്റെ സന്ന്യാസജീവിതം എപ്പോഴും എളിയവർക്കുവേണ്ടി പങ്കുവയ്ക്കാനുള്ളതാണെന്ന ഉൾബോധ്യം അനുസരിച്ച് ജീവിച്ച വ്യക്തിയാണ് ജെയിംസ് അച്ചൻ. ബഹുമാനപ്പെട്ട ജെയിംസ് അച്ചൻ പ്രൊവിൻഷ്യൽ കൗൺസിലറും ജനറൽ കൗൺസിലറും ആയിരുന്നുകൊണ്ട് ബഥനിയുടെ ചൈതന്യം നിരന്തരം പങ്കുവയ്ക്കുവാൻ പരിശ്രമിച്ചു.

**ദൈവവിളിയുടെ വക്താവും പരിപോഷകനും**

സന്ന്യാസജീവിതത്തിലേക്കും വൈദികജീവിതത്തിലേക്കും വ്യക്തികളെ കണ്ടെത്തി അവരെ വളർത്തിയെടുക്കുവാൻ ജെയിംസ് അച്ചൻ അതിയായ താൽപ്പര്യം കാണിച്ചിരുന്നു. 1980-കാലഘട്ടങ്ങളിൽ സമൂഹത്തിന്റെ വൊക്കേഷൻ പ്രൊമോട്ടർ ആയിരുന്നു ജെയിംസ് അച്ചൻ. അദ്ദേഹത്തോട് ഒപ്പം ഒരു സഹായിയായി പ്രവർത്തിക്കുവാൻ എനിക്ക് സാധിച്ചു. മലങ്കരയിലെ ദേവാലയങ്ങളിൽ കടന്നുചെന്ന് വിശുദ്ധകുർബ്ബാന ചൊല്ലി ദൈവവിളിയുടെ ആവശ്യകതയേയും സാധ്യതകളേയുംകുറിച്ച് ജനത്തെ ഉദ്ബോധിപ്പിച്ച് സന്ന്യാസ-സന്ന്യാസിജീവിതത്തിലേക്കും വൈദിക ജീവിതത്തിലേക്കും കടന്നുവരുവാൻ യുവതി-യുവാക്കളെ പ്രേരിപ്പിച്ചു. ഒരിക്കലും ബഥനി ആശ്രമത്തിലേക്ക് മാത്രമെന്നുള്ള സ്വാർത്ഥതയുടെ മനോഭാവം അദ്ദേഹത്തിന് ഇല്ലായിരുന്നു. സ്വന്തം സഹോദരൻ ദൈവവിളിയുടെ പാത തിരഞ്ഞെടുത്തപ്പോൾ പോലും ആശ്രമത്തിൽ മാത്രമായിരിക്കുമെന്ന് അദ്ദേഹം നിഷ്കർഷിച്ചില്ല. സഹോദരന്റെ ആഗ്രഹപ്രകാരം രൂപതാ സെമിനാരിയിലേക്ക് പോകാൻ നിർദ്ദേശിച്ചു. ദൈവവിളിയുള്ള യുവതീ-യുവാക്കളുടെ ഭവനങ്ങൾ അദ്ദേഹം സന്ദർശിക്കയും ആ യുവതീ-യുവാക്കളുമായി നിരന്തരം സമ്പർക്കം പുലർത്തുകയും ചെയ്തു. അവധിക്കാലത്ത് വ്യത്യസ്ഥങ്ങളായ സ്ഥലങ്ങളിൽ ദൈവവിളിയിൽ താൽപ്പര്യമുള്ള വിദ്യാർത്ഥികളെ ഒരുമിച്ചു കൂട്ടി ക്യാമ്പുകൾ നടത്തിയിരുന്നു. 8 മുതൽ പ്രീഡിഗ്രിവരെയുള്ള 60-ഉം 70-ഉം കുട്ടികൾ ഈ ക്യാമ്പുകളിലും പങ്കെടുത്തിട്ടുണ്ട്. സന്ന്യാസത്തിലോ, പൗരോഹിത്യത്തിലോ പ്രവേശിക്കുന്നതിനുമുമ്പ് മൂന്നുനാല് വർഷങ്ങളിലെ ആത്മബന്ധം ഈ അർത്ഥികളുമായി അദ്ദേഹം സൃഷ്ടിച്ചിരുന്നു. ബഥനിയിലെ വൈദികപരിശീലനത്തിൽ വിദ്യാർത്ഥികളുടെ ഗുരു, അദ്ധ്യാപകൻ, ആത്മീയ പിതാവ്, നവശിഷ്യരുടെ ആത്മീയഗുരു, പ്രൊക്യുറേറ്റർ എന്നീ നിലകളിലെല്ലാം അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. കോട്ടയം, ആലുവ, തപോവനം, പൂന എന്നീ പഠനഗൃഹങ്ങളിലെ നിറസാന്നിദ്ധ്യമായിരുന്നു ജെയിംസ് അച്ചൻ. അദ്ദേഹത്തിന്റെ അനേകം വിദ്യാർത്ഥികൾ വൈദികരായി ഇന്ന് സമൂഹത്തിൽ സേവനം ചെയ്യുന്നു. സന്ന്യാസത്തിലേക്കോ, വൈദിക ജീവിതത്തിലേക്കോ ഒരു വ്യക്തി കടന്നുവരുന്നതിൽ വലിയ അഭിമാനം അദ്ദേഹം കണ്ടിരുന്നു. തന്റെ സഹോദര പുത്രി ബഥനി സന്ന്യാസിനി സമൂഹത്തിൽ പ്രവേശിച്ചത് വലിയ അഭിമാനത്തോടും ആദരവോടുംകൂടെയാണ് അദ്ദേഹം പങ്കുവയ്ക്കുന്നത്. ദൈവവിളിയെ പരിപോഷിപ്പിക്കുവാനും സംരക്ഷിക്കുവാനും അദ്ദേഹം നിരന്തരം പരിശ്രമിച്ചിരുന്നു.

## വൈവിധ്യങ്ങളുടെ കാവൽക്കാരൻ

വ്യക്തിപരമായി എല്ലാവരോടും സ്നേഹവും സൗഹൃദവും കാത്തുസൂക്ഷിച്ച വ്യക്തിയാണ് ബഹു.ജെയിംസ് അച്ചൻ. സമൂഹജീവിത തലത്തിൽ വിവിധങ്ങളായ സമ്മേളനങ്ങളും ചർച്ചകളും നടക്കുമ്പോൾ വളരെ വിശാലമായ മനസ്സോടെ വ്യത്യസ്ഥമായ ഒരു ജീവിതവീക്ഷണവും, കാഴ്ചപ്പാടും നമുക്കാവശ്യമാണെന്ന് അദ്ദേഹം ബോധ്യപ്പെടുത്തുമായിരുന്നു. നടപടികളോ, ശിക്ഷണക്രമങ്ങളോ, വള്ളിപുള്ളി വിടാതെ നിയമ വ്യാഖ്യാനങ്ങളെക്കാളുപരി സ്നേഹവും സഹിഷ്ണതയുമാണ് സമൂഹജീവിതത്തെ കെട്ടിപ്പടുക്കുന്നതെന്ന അദ്ദേഹത്തിന്റെ നിലപാട് പല തീരുമാനങ്ങളെയും സ്വാധീനിച്ചതിന് നാം പലരും സാക്ഷികളാണ്. സന്ന്യാസജീവിതത്തെ ഗൗരവത്തോടും അതേ സമയം വിശാലതയോടും അദ്ദേഹം ദർശിച്ചിരുന്നു. 'പോട്ടെ, അങ്ങനെയൊക്കെയാണെന്നേ, സാരമില്ലെന്നേ' എന്നിങ്ങനെയുള്ള അദ്ദേഹത്തിന്റെ സാന്ത്വന വാക്കുകളും മനോഭാവങ്ങളും പല സംഘർഷങ്ങളും ലഘൂകരിച്ചതായി നമുക്കറിയാം. സമൂഹാംഗങ്ങളെ സംരക്ഷിക്കുന്നതിലും ആശ്വസിപ്പിക്കുന്നതിലും അച്ചൻ പ്രത്യേക താൽപ്പര്യം എടുത്തിരുന്നു. ഏത് അംഗത്തിന്റെയും ഏത് ആവശ്യത്തിലും സഹായിക്കുന്നതിന് അദ്ദേഹത്തിന് സന്മനസ്സായിരുന്നു. മനുഷ്യജീവിതത്തിന്റെ തീരുമാനങ്ങളും അഭിപ്രായങ്ങളും പറയുമ്പോൾ നാം കാണുന്നതിനും പറയുന്നതിനുമൊക്കെ മറ്റൊരു വശമുണ്ടെന്ന് തനിക്ക് ചുറ്റുമുള്ളവരെ ഓർമ്മിപ്പിക്കുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. 'സ്നേഹം ആകർഷിക്കും, വിദ്വേഷം വികർഷിക്കും' എന്ന ജ്ഞാനവചനത്തിന്റെ ഉപാസകനായിരുന്നു ബഹുമാനപ്പെട്ട ജെയിംസച്ചൻ.

സമവായത്തിന്റെ വക്താവ് എന്ന നിലയിൽ സമൂഹജീവിതത്തെ കരുപ്പിടിപ്പിക്കാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. പരിശീലനകാലത്ത് ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരെ കൂടെ താമസിപ്പിച്ച് ശക്തിപ്പെടുത്താൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. ആശ്രമത്തിലെ ജീവിതരീതികളെ അടുത്തറിയാൻ ആഗ്രഹിക്കുന്നവരെ പലപ്പോഴും അദ്ദേഹത്തിന്റെ പക്കലേക്കാണ് അയച്ചിരുന്നത്. സമൂഹത്തിന്റെ പല ആശ്രമങ്ങളുടെയും അദ്ധ്യക്ഷനായിരുന്ന സമയത്ത് പല പ്രതിസന്ധികളിലൂടെയും കടന്നുപോയതായിട്ടറിയാം. ആ സമയം ഒക്കെയും ദീർഘക്ഷമയോടും കരുതലോടും തന്റെ കയ്യിൽ ഉള്ളവരെ അദ്ദേഹം സംരക്ഷിച്ചു. സമവായങ്ങളിലൂടെ പ്രശ്നങ്ങളെ അതിജീവിക്കുന്നതിനും വ്യക്തികളെ സംരക്ഷിക്കുന്നതിനും തുറന്ന മനസ്സുകാണിച്ച ഒരു വലിയ വ്യക്തിത്വമായിരുന്നു ബഹു.ജെയിംസ് അച്ചൻ.

## എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ പ്രവാചകൻ

മലങ്കര കത്തോലിക്കാ സഭ മറ്റു വിവിധ സഭാസമൂഹങ്ങളോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിനുള്ള മധ്യമമാണ് എക്യമെനിസം. നമ്മുടെ സഹോദരസഭകളെയും മലങ്കര ഓർത്തഡോക്സ് സഭ, മലങ്കര യാക്കോബായ സുറിയാനി സഭ, മാർത്തോമ്മാ സഭ, സി.എസ്.ഐ. സഭ എന്നിവിടങ്ങളിലെ വൈദികരോടും മേൽപ്പട്ടക്കാരോടും അൽമായ പ്രമുഖരോടും വ്യക്തിപരമായ അടുപ്പവും ബന്ധവും ജെയിംസ് അച്ചനുണ്ടായിരുന്നു. മേൽപ്പറയുന്ന സഭകളിലെ മേൽപ്പട്ടക്കാരെക്കുറിച്ചുള്ള കൃത്യമായ അറിവും, ധാരണയും എപ്പോഴും അദ്ദേഹം മറ്റുള്ളവർക്കായി പങ്കുവച്ചിരുന്നു. മറ്റു സഭകളെക്കുറിച്ച് ധാരാളം വായിക്കുകയും പഠിക്കുകയും എഴുതുകയും ചെയ്തിരുന്നു. നാലാഞ്ചിറ വികാരിയായിരുന്നപ്പോഴും കാഞ്ഞിരം ആശ്രമത്തിന്റെ സുപ്പീരിയർ ആയിരുന്നപ്പോഴും ബാഹ്യകേരള മിഷനിൽ പ്രവർത്തിച്ചപ്പോഴും വ്യത്യസ്ത സഭകളോടു ചേർന്ന് പ്രവർത്തിക്കാനും ഈ സ്ഥലങ്ങളിലെല്ലാം ഒരു എക്യുമെനിക്കൽ അന്തരീക്ഷവും സഹകരണവും സൃഷ്ടിക്കാനും അദ്ദേഹത്തിന് സാധിച്ചു.

വിവിധ സഭകളെക്കുറിച്ചുള്ള ചരിത്രപരമായ പഠനവും അതിന്റെ പാരമ്പര്യങ്ങളിലെ വ്യത്യസ്തതയും അദ്ദേഹം ആഴത്തിൽ മനസ്സിലാക്കിയിരുന്നു. എല്ലാ സഭകളെയും ഉൾക്കൊള്ളുവാനും എല്ലാവരോടും ക്രിയാത്മകമായ ഒരു സമീപനം കാത്തുസൂക്ഷിക്കുവാനും അദ്ദേഹം പരിശ്രമിച്ചു. തന്റെ ലേഖനങ്ങളിലൂടെയും ക്ലാസുകളിലൂടെയും തന്റെ സഹപ്രവർത്തകർക്കും തന്റെ വിദ്യാർത്ഥികൾക്കും അദ്ദേഹം വിജ്ഞാനം പകർന്നു നൽകി. ചരിത്രത്തിൽ മലങ്കര കത്തോലിക്ക സഭയ്ക്കുള്ള അനന്യമായ സ്ഥാനത്തെക്കുറിച്ച് അദ്ദേഹം വിശാലമായി ലേഖനങ്ങൾ എഴുതി. ക്രിസ്തീയ സഭകൾ ഒന്നിച്ചു നിൽക്കേണ്ടതിന്റെ അനിവാര്യം അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും ലേഖനങ്ങളിലും എപ്പോഴും നിഴലിച്ചുനിന്നു.

**ശുശ്രൂഷ പൗരോഹിത്യത്തിന്റെ ഉദാത്തമായ മാതൃക**

മലങ്കര സഭയിലെ വ്യത്യസ്ത രൂപതകളിലും മിഷൻ പ്രദേശങ്ങളിലും വലുതും ചെറുതുമായ ഇടവകകളിലും അദ്ദേഹം ശുശ്രൂഷ ചെയ്തു. ഇടവകകളുടെ വലുപ്പ-ചെറുപ്പമോ, വ്യക്തികളുടെ വലിപ്പ-ചെറുപ്പമോ അദ്ദേഹത്തിന്റെ പൗരോഹിത്യ ശുശ്രൂഷയെ ഒരു തരത്തിലും സ്വാധീനിച്ചില്ല. ഒരു സുറിയാനി പണ്ഡിതനായിരുന്ന അദ്ദേഹം തന്റെ ശുശ്രൂഷകളിലും ആരാധനകളിലും സുറിയാനി ഭാഷയെ കലർത്തിയ പ്രാദേശിക ഭാഷകൾക്ക് പ്രാമുഖ്യം നൽകി. അവനവന്റെ ദൈവത്തെ അവനവന്റെ ഭാഷയിലാണ് ആരാധിക്കേണ്ടത് എന്ന ഉൾബോധ്യം തന്റെ ശുശ്രൂഷയിൽ അദ്ദേഹം മുറുകെ പിടിച്ചു. ബോംബെ, പൂനാ, ലുധിയാന, കൽക്കട്ട, ഹൈദരാബാദ് എന്നീ പ്രദേശങ്ങളിൽ മിഷൻവേല ചെയ്യുമ്പോൾ യുവാക്കളെയും കുട്ടികളെയും ആകർഷിക്കത്തക്ക വിധത്തിൽ ഹിന്ദിയിലും ഇംഗ്ലീഷിലും അദ്ദേഹം വിശുദ്ധ ബലി അർപ്പിച്ചിരുന്നു. എളിയവരെയും വിഭിന്നമായി നിൽക്കുന്നവരെയും ഇടവകയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ പരിശ്രമിച്ചു. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരെ സാമ്പത്തികശേഷി ഇല്ലാത്തവരെ സഹായിക്കാനുള്ള ക്രമീകരണം വളരെ രഹസ്യമായി അദ്ദേഹം ചെയ്തിരുന്നു. ഒരു ഉത്തമ സഭാസ്നേഹിതനായ വൈദികനായിരുന്നു ബഹു.ജെയിംസ് അച്ചൻ. വടക്കേ ഇന്ത്യൻ മിഷൻ മേഖലകളിൽ പ്രവർത്തിക്കുമ്പോൾ വിദൂരസ്ഥലങ്ങളിൽ താമസിച്ചിരുന്ന മലങ്കര മക്കളെപ്പോലും ശുശ്രൂഷിക്കുവാനും അവരെ സഭയോട് ചേർത്തുനിർത്തുവാനും അദ്ദേഹം പരിശ്രമിച്ചു. താൻ ആയിരുന്ന പ്രദേശത്തെ സന്ന്യാസഭവനങ്ങളിൽ കൃത്യസമയത്ത് വിശുദ്ധ ബലി അർപ്പിക്കുവാനും അവരെ ആത്മീയമായി പ്രബലപ്പെടുത്തുവാനും അദ്ദേഹം പരിശ്രമിച്ചിരുന്നു. റീത്തു വ്യത്യാസങ്ങളൊന്നും നോക്കാതെ മൂന്നുവർഷത്തോളം ലുധിയാനയിൽ ഫ്രാൻസിസ്കൻ സന്ന്യാസി സഹോദരന്മാരോടൊത്ത് താമസിച്ച് അവർക്ക് പൗരോഹിത്യ ശുശ്രൂഷ നൽകി.

ഫ്രാൻസിസ് മാർപാപ്പാ ഉപമിച്ച 'ആടുകളുടെ മണമുള്ള ഇടയൻ' ആയിരുന്നു ബഹു.ജെയിംസ് അച്ചൻ. ആനുകാലിക പ്രസക്തമായ വിഷയങ്ങളെ വിശകലനം ചെയ്യുകയും അപഗ്രഥനം ചെയ്ത് തന്റെ ദൈവവചന ശുശ്രൂഷയിലൂടെ ഇടവക മക്കളോടൊത്ത് പങ്കുവച്ചിരുന്നു. അദ്ദേഹത്തിന്റെ ഞായറാഴ്ചകളിലുള്ള സുവിശേഷ പ്രസംഗങ്ങൾക്ക് വിശ്വാസികൾക്ക്, വിളക്കും വെളിച്ചവും വഴികാട്ടിയുമായിരുന്നു. മലാക്കിയുടെ പുസ്തകത്തിൽ ഓർമ്മിപ്പിക്കുന്നതുപോലെ, "പുരോഹിതൻ അവന്റെ അധരത്തിൽ ജ്ഞാനം സൂക്ഷിക്കുകയും ജനം ജ്ഞാനം ലഭിക്കുന്നതിനുവേണ്ടി അവനെ സമീപിക്കേണ്ടതുമാണ്" ജെയിംസ് അച്ചന്റെ ജീവിതം അർത്ഥപൂർണ്ണമാക്കിയ ഒരു വേദവാക്യമാണിത്. തന്റെ കയ്യിൽ ഭരമേൽപ്പിച്ചിട്ടുള്ള ആടുകളെ വിശ്വാസത്തിന്റെയും വിവേകത്തിന്റെയും ഭോജനം നൽകി ഉത്തമ ഇടയനായ യേശുവിലേക്ക് നയിച്ച വന്ദ്യ പുരോഹിതൻ ആയിരുന്നു ജെയിംസ് അച്ചൻ.

# കാലത്തിന്റെ പുരോഹിതൻ

**സി. നിഷ്ഠ എസ്.ഐ.സി.**

"കാലമേ നീ തോറ്റു
കാരണം നീ മായ്ച്ചു കളഞ്ഞത്
നല്ല ഇന്നലകളെ മാത്രമാണ്
മരിക്കാത്ത ഓർമ്മകൾ ഇന്നും
എന്നിൽ ബാക്കിയാണ്

ആദരണീയനായ ബഹു.ജയിംസ് മാമൂട്ടിലച്ചനെക്കുറിച്ചുള്ള ഓർമ്മകൾ 2000–ൽ നാലാഞ്ചിറ ദേവാലയത്തിൽ അച്ചൻ വികാരിയായിരുന്ന കാലം മുതൽ എന്നിലുണ്ട്. ഇടവക ദേവാലയത്തിലെ ശുശ്രൂഷകൾക്ക് ഭക്തിപൂർവ്വം നേതൃത്വം നൽകി, ദൈവികകാര്യങ്ങൾക്ക് പ്രഥമസ്ഥാനം നൽകുന്ന ഒരു ആത്മീയശൈലി ബഹു.ജയിംസച്ചനു സ്വന്തമായിരുന്നു. ക്രിയാത്മകവും സംഘാതവുമായ ദൈവജനശുശ്രൂഷയിലൂടെ അനേകം വിശ്വാസികളെ പ്രചോദിപ്പിക്കാൻ ബഹു.അച്ചന്റെ നേതൃത്വവും വ്യക്തിപരമായ ഇടപെടലുകളും സഹായിച്ചു എന്നത് നന്ദിപൂർവ്വം ഓർക്കുന്നു. ദൈവജനത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യംവെച്ച് അദ്ദേഹം നടത്തിയ ധീരമായ ചുവടുവയ്പ് ദൈവരാജ്യ വ്യാപനത്തിനുള്ള പ്രേഷിത ശുശ്രൂഷയുടെ മറ്റൊരു ഭാവമായിരുന്നു.

ഞായറാഴ്ചകളിലെ ദേവാലയശുശ്രൂഷയ്ക്കുശേഷം സ്വന്തം വാഹനം ഓടിച്ചു വി.പൗലോസിന്റെ പ്രേഷിത തീക്ഷ്ണതയോടെ ബഹു.അച്ചൻ അനേകം കുടുംബങ്ങൾ കയറിയിറങ്ങി പ്രാർത്ഥനാകൂട്ടായ്മകൾക്ക് നേതൃത്വം നൽകിയിരുന്നു. ഭവനങ്ങളിലേക്ക് കടന്നുചെന്ന് ദൈവവചനം പ്രസംഗിക്കുന്നതിൽ അദ്ദേഹം ആനന്ദം കണ്ടെത്തിയിരുന്നു. ബഹു.അച്ചന്റെകൂടെ മിഷൻ ചെയ്യുന്നത് സന്തോഷവും സംതൃപ്തിയും ആയിരുന്നു.

ബഹു.അച്ചൻ അവസാന നാളുകൾ ചെലവഴിച്ച കുളപ്പടയിൽ വീണ്ടും അച്ചനെ കാണുന്നതിനും സ്നേഹവും കരുതലും അനുഭവിക്കുന്നതിന് ഇടയായി. ജീവിതത്തിന്റെ അവസാനം വരെയും ഒരു നല്ല മിഷനറിയായി ജീവിക്കണമെന്ന് അതിയായി ആഗ്രഹിച്ച ആ വൈദികശ്രേഷ്ഠന്റെ സ്വർഗീയമാദ്ധ്യസ്ഥം പ്രേഷിത പ്രവർത്തനങ്ങൾക്ക് നമുക്ക് ശക്തിപകരും എന്നതിൽ സംശയമില്ല. ആടുകളുടെ മണമുള്ള ജെയിംസച്ചന്റെ ഹൃദയത്തിൽ ഇടം കണ്ടെത്തിയത് പാവങ്ങളും രോഗികളും ആയിരുന്നു. ബന്ധങ്ങളുടെ പുരോഹിതനായ അച്ചൻ താൻ കണ്ടുമുട്ടിയവരെയും തനിക്ക് പരിചയമുള്ളവരെയും തന്റെ പൗരോഹിത്യ യാത്രയിൽ ചേർത്തുനിർത്താൻ പരിശ്രമിച്ചുകൊണ്ടേയിരുന്നു.

ക്രിസ്തുവിനെ ചങ്കായി സ്വീകരിച്ച ആ പുരോഹിതന്റെ ചങ്കിലേക്ക് ഇടയ്ക്കിടയ്ക്ക് രോഗത്തിന്റെ അസ്വസ്ഥത ആഞ്ഞടിച്ചുകൊണ്ടിരുന്നു. അച്ചനെ സന്ദർശിക്കുമ്പോൾ ഉറച്ച ബോധ്യത്തോടെ പറയുമായിരുന്നു. വേദന ശരീരത്തിൽ മാത്രമേയുള്ളു. "Feel the pain, do not feel the suffer" അക്ഷരാർത്ഥത്തിൽ സഹനത്തെ ആസ്വദിച്ച അച്ചൻ തന്നെ സന്ദർശിച്ചവർക്ക് പകർന്നു നൽകിയത് ക്രിസ്തീയ പ്രത്യാശയുടെ പുഞ്ചിരി മാത്രമായിരുന്നു. ആരോടും പിണങ്ങാതെ, എല്ലാവർക്കും സംലഭ്യനായി തീർന്ന ധന്യജീവിതം, എല്ലാവരെയും സ്നേഹിച്ച മനുഷ്യസ്നേഹി, നന്മമാത്രം ചെയ്ത കർമ്മയോഗി, അവിശ്വസനീയമായ ആ പൗരോഹിത്യത്തിന്റെ ദീപ്തമായ സ്മരണകൾക്ക് മുന്നിൽ പ്രണാമം.

# ഹൃദയത്തിൽ എന്നും അച്ചൻപപ്പ

**സി. ആഗ്നസ് എസ്.ഐ.സി.**
(ജെയിംസ് മാമ്മൂട്ടിലച്ചന്റെ സഹോദരന്റെ മകൾ)

'അച്ചൻപപ്പ' എന്ന ഒരു വാക്ക് ഞങ്ങളുടെ മാമ്മൂട്ടിൽ കുടുംബത്തിന്റേയും ഇളയ തലമുറകളുടെയും എല്ലാം ഒരു മായാത്ത ഓർമ്മയായി തീർന്ന ഒന്നാണ്. ബഹുമാനപ്പെട്ട ജെയിംസ് മാമൂട്ടിൽ അച്ചൻ ഞങ്ങളുടെ ജീവിതത്തിന്റെ, മാമൂട്ടിൽ കുടുംബത്തിന്റെ അഭിമാനമാണ്. ഈ ഓർമ്മക്കുറിപ്പ് എഴുതുമ്പോൾ നിറഞ്ഞ കണ്ണുകളോടെ അല്ലാതെ എഴുതാനാവില്ല.

കാരണം ഈ ഭൂമിയെ വിട്ടുപോയത് ഒരു വൈദിക ശ്രേഷ്ഠൻ മാത്രമല്ല ഞങ്ങളുടെ ജീവിതത്തിന്റെ ഒരു പ്രധാന കണ്ണികൂടിയാണ്. കുഞ്ഞുനാൾ മുതൽ ഇന്നുവരെ ഞാൻ കണ്ടിട്ടുള്ള അച്ചൻപപ്പ കുടുംബത്തെ ഒരുപാട് സ്നേഹിച്ചിരുന്നു. എന്റെ അറിവിൽ എല്ലാ ബന്ധുക്കളെയും കൃത്യമായിട്ട് അറിയാവുന്ന ഏക വ്യക്തി അച്ചൻപപ്പ ആയിരുന്നു. എവിടെ ചെന്നാലും ഞങ്ങൾ അറിയപ്പെട്ടിരുന്നത് മാമൂട്ടിൽ അച്ചന്റെ പേരിലാണ്. ബന്ധങ്ങളെ ഊഷ്മളമായി കാത്തു സൂക്ഷിച്ചിരുന്നു. എല്ലാവരുടെയും ബർത്ത് ഡേ ആനിവേഴ്സറി ഇവ മറക്കാതെ വിളിച്ച് വിഷ് ചെയ്തിരുന്നു. കുടുംബത്തിന്റെ ആത്മീയ വളർച്ചയിൽ വളരെയേറെ ശ്രദ്ധിച്ചിരുന്നു. സഹോദരങ്ങളുടെയും അവരുടെ മക്കളുടെയും കൂദാശ സ്വീകരണത്തിൽ സാധിക്കുന്നിടത്തോളം തന്റെ സാന്നിധ്യംകൊണ്ട് അവരെ ആശീർവദിച്ചിരുന്നു. അച്ചൻപപ്പ ഇല്ലാത്ത ഒരു കുടുംബ കൂട്ടായ്മ ചിന്തിക്കാൻ ആവില്ല.

അച്ചന്റെ അനിയൻ സൈമണിന്റെ മകളാണ് ഞാൻ. എന്റെ ഓർമ്മയിലെ അച്ചൻപപ്പ വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു വ്യക്തിത്വമാണ്. കാഷായവസ്ത്രധാരിയായി ഒരു സഞ്ചി തോളിൽ തൂക്കി, കഴുത്തിൽ ഒരു തടിക്കുരിശും വലിയ ഒരു കണ്ണടയും വച്ചുകൊണ്ട് നടക്കുന്ന സന്ന്യാസി. വീട്ടിൽ വരുമ്പോൾ ഒരു ആഘോഷമാണ്. ഞങ്ങൾ ബോംബെയിൽ താമസിക്കുന്നതിനാൽ ഏത് യാത്രാ അവസരത്തിലും ഞങ്ങളുടെ വീട്ടിൽ വരിക എന്നത് പതിവായിരുന്നു. അമ്മ അച്ചനു വേണ്ടി എല്ലാം ഒരുക്കി ഭംഗിയായി വയ്ക്കും. ഒരു പ്രധാന വ്യക്തിയെ ആദരിക്കാൻ തയ്യാറെടുക്കുന്നപോലെ ഞങ്ങൾ എല്ലാവരും തയ്യാറാകും. വീട്ടിലെ കൊച്ചുകുട്ടി എന്ന നിലയിൽ അച്ചൻപപ്പയുടെ അസിസ്റ്റന്റ് ആയിരുന്നു ഞാൻ. വന്നാലുടൻ ഇൻസുലിൻ ഫ്രിഡ്ജിൽ വയ്ക്കുക, ഭക്ഷണശേഷം എടുത്തു കൊടുക്കുക, എല്ലാവരെയും വിളിച്ചു കൊണ്ടുവരുക, അതിനേക്കാൾ ഉപരിയായി മണിക്കൂറുകളോളം ഇരുന്നു വർത്തമാനം പറയുക. He always inspired us. ചെറിയ കാര്യങ്ങളിൽ ഒതുങ്ങി നിൽക്കാതെ വലിയ സ്വപ്നങ്ങൾ കാണാൻ പ്രേരിപ്പിച്ചിരുന്നു. അറിവിന്റെ ഭണ്ഡാരമായിരുന്നു അച്ചൻപപ്പ. ഏത് കാര്യത്തെക്കുറിച്ചും മണിക്കൂറുകൾ സംസാരിക്കാൻ തക്ക അറിവ് തന്റെ വായനയിലൂടെ നേടിയിരുന്നു. അച്ചൻ പപ്പയുടെ മുറിയിൽ ചെന്നാൽ പുസ്തകങ്ങൾ മാത്രമേ കാണാറുള്ളൂ.

എന്റെ ദൈവവിളിയിൽ അച്ചന്റെ പങ്കു വലുതാണ്. ഞാൻ ഒരു സിസ്റ്റർ ആകാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞപ്പോൾ അച്ചൻപപ്പ വളരെ ലിബറൽ ആയിരുന്നു. Bethany യിൽ ചേരാനോ, സന്ന്യാസത്തിൽ നിൽക്കാനോ ഒന്നും അച്ചനെന്നെ നിർബന്ധിച്ചിരുന്നില്ല. എപ്പോൾ

കണ്ടാലും പറഞ്ഞിരുന്നു 'താല്പര്യമില്ലെങ്കിൽ പോകണം ഒരു നിർബന്ധവുമില്ല'. അന്നൊക്കെ ഫോർമേഷൻ കാലത്ത് ഇതിന്റെ അർത്ഥം ഞാൻ മനസ്സിലാക്കിയിരുന്നില്ല. അച്ചന് ഞാൻ സന്ന്യാസത്തിൽ തുടരണമെന്ന് താല്പര്യമില്ലാഞ്ഞിട്ടാണ് ഇങ്ങനെ പറഞ്ഞിരുന്നത് എന്ന് ഞാൻ കരുതിയിരുന്നു. എന്നാൽ നാലു വർഷത്തിനുശേഷം വ്രതം ചെയ്ത് ഒരു സിസ്റ്റർ ആയി വന്നപ്പോൾ വിസിറ്റേഴ്സ് റൂമിൽ എന്നെ കാത്തിരുന്ന അച്ചൻ എന്നെ കണ്ടിട്ട് പറഞ്ഞു 'ഇനി എനിക്ക് പറയാം Bethany-യിൽ എനിക്കൊരു ആളുണ്ട്'.

നാട്ടിൽ അവധിക്ക് ഞാൻ വരുമ്പോളെല്ലാം അച്ചൻപപ്പയെ ഞാൻ കണ്ടിരുന്നു. ആരോഗ്യം ഉണ്ടായിരുന്ന നാളുകളിൽ എന്നെ കാണാൻ വന്നിരുന്നു. സുഖമില്ലാതെ ആയതിനുശേഷം ഞാൻ ചെന്നു കാണുമായിരുന്നു. എന്റെ കമ്മ്യൂണിറ്റിയിൽ ഉള്ള സിസ്റ്റേഴ്സ് എല്ലാവരോടും അച്ചൻ നല്ല ബന്ധം പുലർത്തിയിരുന്നു. ഒരു അവധിക്ക് ശാന്തിഗിരി ആശ്രമത്തിൽ നിന്ന് ധ്യാനിക്കുവാനും എനിക്ക് അവസരം ലഭിച്ചു. പറഞ്ഞറിയിക്കാൻ കഴിയാത്ത ഒരു belongingness എനിക്ക് അച്ചനോട് ഉണ്ടായിരുന്നു.

മരണവിവരം അറിഞ്ഞപ്പോൾ മുതൽ ഇനി എനിക്ക് ഇങ്ങനെ ഒരാൾ ഇല്ല എന്നോർത്ത് ഒരുപാട് സങ്കടപ്പെട്ടു. അച്ചൻ മരിക്കുന്നതിന്റെ ഒന്നരയാഴ്ച മുമ്പ് ഞാൻ നാട്ടിൽ പോയപ്പോൾ കണ്ടിരുന്നു. അത് അച്ചനും ആയിട്ടുള്ള എന്റെ അവസാനത്തെ കണ്ടുമുട്ടൽ ആണ് എന്ന് ഞാൻ അറിഞ്ഞിരുന്നില്ല. കുറെ സംസാരിച്ചു അവസാനം എന്നെയും എന്റെ കൂടെ ഉണ്ടായിരുന്ന സിസ്റ്ററിനേയും ആശിർവദിച്ച്, അച്ചൻ പ്രാർത്ഥിച്ചു. പ്രത്യേകിച്ച് ഞങ്ങളുടെ സന്ന്യാസ ജീവിതത്തെ സമർപ്പിച്ചു പ്രാർത്ഥിച്ചു. അന്ന് ഞാൻ കരഞ്ഞു. അത് ഇന്നും ഓർക്കുമ്പോൾ ഒരു നോവാണ്.

എന്റെ അച്ചൻപപ്പ കുടുംബത്തിനും സമൂഹത്തിനും സഭയ്ക്കും കണ്ടുമുട്ടിയ എല്ലാവർക്കും ഒരു അനുഗ്രഹമായി തീർന്നുകൊണ്ട് തിരികെ കർത്തൃസന്നിധിയിലേക്ക് യാത്രയായി. ഇത്ര ശ്രേഷ്ഠനായ ഒരു വൈദികനെ അടുത്തറിഞ്ഞ് സ്നേഹവും വാത്സല്യവും പങ്കുപറ്റാൻ സാധിച്ചത് ഒരു സൗഭാഗ്യമായി ഞാൻ കരുതുന്നു. അച്ചൻ ഉറപ്പായിട്ടും സ്വർഗ്ഗത്തിൽ നമ്മൾക്കായി മാധ്യസ്ഥം വഹിക്കുന്നുണ്ടാകും. ഞങ്ങളുടെ അച്ചൻപപ്പയെ സഭയ്ക്ക് സമ്മാനിച്ച Bethany സന്ന്യാസ സമൂഹത്തെ നന്ദിയോടെ ഓർക്കുന്നു. കുടുംബത്തിനും Bethany-ക്കും സ്വർഗ്ഗത്തിൽ ഒരു മധ്യസ്ഥൻ കൂടി ഉണ്ട് എന്നതിൽ സന്തോഷിക്കുന്നു.

എന്നും പ്രചോദനമായി നിന്നിരുന്ന അച്ചൻപപ്പയുടെ പാവനസ്മരണയ്ക്ക് മുമ്പിൽ പ്രണാമം.

# ആചാര്യേശാ, മ്ശിഹാ, കൂദാ-ശകളർപ്പിച്ചോ-
# രാചാര്യന്മാർക്കേകുക പുണ്യം, നാഥാ സ്തോത്രം

**സി. അന്നമ്മ എച്ച്.എസ്.എസ്**
പ്രൊവിൻഷ്യൽ സുപ്പീര്യർ, കേരള റീജിയൻ

സ്നേഹബഹുമാനപ്പെട്ട ലാസറച്ചനെക്കുറിച്ച് ഓർക്കുമ്പോൾ ദൈവത്തിനും അച്ചനെ അറിയുന്ന എല്ലാ മനുഷ്യർക്കും സ്വീകാര്യനായ ഒരു വന്ദ്യവൈദികനായിരുന്നു. നമ്മുടെ സന്തോഷം നമ്മിൽതന്നെ നിലനിൽക്കുന്നു എന്ന് മനസിലാക്കി, ഏത് ജീവിതാവസ്ഥയിലും പുഞ്ചിരിയോടെ ജീവിതത്തെ നേരിടുവാൻ തന്റെ ജീവിതംകൊണ്ട് പഠിപ്പിച്ച വൈദികശ്രേഷ്ഠൻ. പലവിധമായ ജീവിതപ്രശ്നങ്ങളുമായി വരുന്ന ആളുകളുടെ പ്രശ്നങ്ങളെല്ലാം ഒരു ചെറുപുഞ്ചിരിയോടെ കേൾക്കുകയും അവർക്ക് ആശ്വാസവചനങ്ങൾ പറഞ്ഞുകൊടുത്തും അവരിലെ ദൈവികപദ്ധതി എന്ത് എന്ന് പറഞ്ഞുകൊടുത്തുകൊണ്ട് ദൈവത്തിലേക്ക് ഒരുപടികൂടി ഉയർത്തുന്ന ഗുരുശ്രേഷ്ഠനായിരുന്നു ലാസറച്ചൻ.

ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ് തിരുവല്ലയിൽ വന്ന നാൾ മുതൽ സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളിലും സഹകരിക്കുകയും പിതൃസഹജമായ ആത്മീയ ഉപദേശങ്ങളിലൂടെയും കുമ്പസാരമെന്ന കൂദാശയിലൂടെയും നല്ല വ്യക്തിത്വത്തിന്റെ ഉടമകളാകുന്നതിൽ തല്പരനായിരുന്നു അച്ചൻ. ഞങ്ങളുടെ സമൂഹത്തിലെ സിസ്റ്റേഴ്സ് ആരെങ്കിലും രോഗിയാണെന്ന് അറിഞ്ഞാൽ അച്ചന്റെ സന്തതസഹചാരിയായി കുടയോ, വടിയോ കുത്തിപ്പിടിച്ച് മഠത്തിന്റെ ഗേറ്റ് കടന്നുവരുന്ന അച്ചനെ മറക്കാൻ സാധ്യമല്ല. കാരണം ഈ ലോകത്തിൽ സ്നേഹത്തിന്റെ പ്രവാചകരായി ജീവിക്കാൻ വിളിക്കപ്പെട്ടവരാണ് ഓരോ പുരോഹിതൻ എന്ന ഉൾക്കാഴ്ചയും, നല്ല സമരിയാക്കാരനെപ്പോലെ ആശ്വാസവചനവും പ്രാർത്ഥനയെന്ന ശക്തിയും നൽകിക്കൊണ്ട് ലക്ഷക്കണക്കിന് ജനങ്ങളെ ആശ്വസിപ്പിച്ച് പുഷ്പഗിരിയുടെ എല്ലാ ഇടനാഴികളിലൂടെയും നടന്നുനീങ്ങുന്ന ആൾരൂപത്തെ മറക്കാൻ കഴിയില്ല. നമ്മോടൊപ്പം ജീവിച്ച വിശുദ്ധനായിരുന്നു ലാസറച്ചൻ. വൈദികർ വിശുദ്ധി ഉള്ളവർ ആയിരിക്കണം. അത് ഒരു ജീവിതചര്യമാത്രമല്ല, ഒരു സമർപ്പണബോധത്തിന്റെ ഉൾക്കൊള്ളലാണ്. പ്രാർത്ഥനയാണ് ഓരോ പുരോഹിതന്റെയും മൂലധനമെന്ന് മനസിലാക്കി ജീവിച്ചു. ആശ്രമത്തിലെ യാമപ്രാർത്ഥനയുടെ സമയങ്ങളിൽ എപ്പോഴും സന്നിഹിതനായിരുന്നു പ്രാർത്ഥിക്കുന്ന അച്ചനെ കാണുമ്പോൾ സന്ന്യാസത്തിന്റെ ശക്തികേന്ദ്രം പ്രാർത്ഥനയിൽ നിന്ന് സ്വീകരിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്നു. എല്ലാ കൃപകളുടെയും നീർച്ചാൽ എളിമയാണെന്ന് തന്റെ ജീവിതംകൊണ്ട് കാണിച്ചുതന്ന ആദരണീയനായ ആചാര്യൻ. അധികാരികളോട് എന്നും വിധേയത്വവും അനുസരണയും അച്ചന്റെ ജീവിതത്തിന്റെ മുഖമുദ്രയായിരുന്നു.

ജീവിക്കുന്ന സുവിശേഷമായിരുന്നു ലാസറച്ചൻ. സുവിശേഷപ്രചരണം വാക്കുകളിൽ മാത്രം നിർവഹിക്കപ്പെടേണ്ട ഒന്നല്ല മറിച്ച് അത് സുകൃതനടപടികളിലൂടെ സ്നേഹപ്രവർത്തികളാലും നിർവഹിക്കപ്പെടേണ്ടതാണ് എന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ചുതന്ന് ജാതിമതഭേദമെന്യേ തന്റെ അടുത്തേക്ക് വരുന്നവരെ തന്റെ സ്നേഹഹൃദയത്തോടെ ചേർത്തു നിർത്തുന്ന സ്വർഗ്ഗത്തിൽ നിക്ഷേപമുള്ള കാര്യസ്ഥനായിരുന്നു അച്ചൻ. സർവ്വശക്തനായ ദൈവം തന്റെ ദൂതരോടൊത്ത് വലതുഭാഗത്ത് നിർത്തുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# എന്റെ 'കൊച്ചപ്പച്ചൻ' ബഹു.ലാസറസ് പാലനിൽക്കുന്നതിൽ ഒ.ഐ.സി. എന്റെ സ്മരണയിൽ

**സി. കാരുണ്യ എസ്.ഐ.സി.**

"നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ അവർ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാർ കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം."

കുടുംബാംഗങ്ങളോട് പ്രത്യേകിച്ച് മാതാപിതാക്കൾ, സഹോദരങ്ങൾ അവരുടെ മക്കൾ - എല്ലാവരോടും ബഹുമാനപ്പെട്ട ലാസറച്ചൻ കാണിച്ചിരുന്ന സ്നേഹവും അടുപ്പവും എന്റെ ഓർമയിൽ നിലനിൽക്കുന്നു. കുടുംബാംഗങ്ങളെ ആത്മീയ ഉപദേശം നൽകി അനുഗ്രഹിക്കുന്ന ബഹുമാനപ്പെട്ട അച്ചന്റെ സാമീപ്യം കുടുംബാംഗങ്ങൾ വലിയ അനുഗ്രഹമായും ഭാഗ്യമായും കരുതിയിരുന്നു.

ബാല്യം മുതൽ 'കുഞ്ഞൂഞ്ഞുട്ടി'യിൽ മൊട്ടിട്ടു നിന്നിരുന്ന ആഗ്രഹമായിരുന്നു ഒരു വൈദികനാകണമെന്നുള്ളത്. ഏഴാം ക്ലാസിൽ പഠിക്കുന്ന സമയത്താണ് തന്റെ ഈ ആഗ്രഹം ആദ്യമായി മാതാപിതാക്കളെ അറിയിച്ചത്. അതിനുശേഷം പത്താംക്ലാസിൽ ഉന്നതവിജയം കരസ്ഥമാക്കിയപ്പോൾ സെമിനാരിയിൽ ചേർന്ന് വൈദികപഠനം നടത്താനുള്ള ആഗ്രഹം മാതാപിതാക്കളെ അറിയിച്ചു.

തിരുവല്ല രൂപതക്കുവേണ്ടി ഒരു രൂപതാ വൈദികനാകുന്നത് ഉചിതമായിരിക്കും എന്ന് തന്റെ വത്സല പിതാവ് അഭിപ്രായപ്പെട്ടു. എന്നാൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും പുണ്യശ്ലോകനായ മർ തെയോഫിലോസ് പിതാവിന്റെയും ജീവിത വിശുദ്ധിയും പ്രവർത്തന ചൈതന്യവും നേരിട്ട് കാണുവാനും അനുഭവിക്കാനും ഭാഗ്യം സിദ്ധിച്ച കുഞ്ഞൂഞ്ഞൂട്ടി ബഥനി സന്ന്യാസ ദയറാ പട്ടക്കാരനാകാനായിരുന്നു ആഗ്രഹിച്ചത്. കുടുംബ ബന്ധുവായ ബഥനിയുടെ വന്ദ്യപക്കോമിയോസ് അച്ചന്റെ ജീവിത മാതൃകയും വലിയ പ്രചോദനമായിരുന്നു. അങ്ങനെ ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേർന്നു - 'ലാസറസ്' എന്ന സന്ന്യാസനാമം സ്വീകരിച്ചു. വി.കുർബാനയിലും കൂദാശാനുഷ്ഠാനങ്ങളിലും തികഞ്ഞ ഭക്തിയും കൃത്യനിഷ്ഠയും അദ്ദേഹത്തിന്റെ പ്രത്യേകതകൾ ആയിരുന്നു. 1964 ഡിസംബർ 2-ന് ബോംബെ ദിവ്യകാരുണ്യകോൺഗ്രസിൽ വി.പോൾ ആറാമൻ മാർപാപ്പായുടെ അനുഗ്രഹീത സാന്നിദ്ധ്യത്തിൽ - മലങ്കര സഭയുടെ ദ്വിതീയ ആർച്ച് ബിഷപ്പും ബഥനിയുടെ ഭാഗ്യസ്മരണാർഹനുമായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ കൈവയ്പുവഴി അദ്ദേഹം വൈദികനായി അഭിഷിക്തനായി.

തനിക്കു ലഭിച്ച നൽവരങ്ങൾ എന്നും കാത്തുസൂക്ഷിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. തന്റെ എല്ലാ കഴിവുകളും നന്മകളും സഹവൈദികർക്കും ബഥനി സമൂഹത്തിനും ജാതിമതഭേദമെന്യേ മറ്റുള്ളവർക്കുമായി നിർലോഭം ചെലവഴിക്കുന്നതിലായിരുന്നു അദ്ദേഹത്തിന്റെ സന്തോഷം - അതിന് അദ്ദേഹം ആനന്ദം കണ്ടെത്തിയിരുന്നു. ദൈവത്തിന്റെ സഹായം ലഭിച്ച ആൾ എന്ന അർത്ഥമുള്ള 'ലാസർ' എന്ന നാമം തന്റെ ജീവിതത്തിലുടനീളം

മറ്റുള്ളവർക്കെല്ലാം സഹായം നൽകി ജീവിച്ച്, പേരിന്റെ അർത്ഥം അന്വർത്ഥമാക്കി തീർത്ത സന്ന്യാസവര്യനായിരുന്നു ലാസറച്ചൻ.

പല പ്രാവശ്യം വാഹനാപകടങ്ങളിൽപ്പെട്ട അച്ചൻ അത്ഭുതകരമായി ജീവിതത്തിലേക്ക് തിരിച്ചുവന്നു. പുഷ്പഗിരി ഹോസ്പിറ്റലിലെ ചാപ്ലെയിൻ ആയിരിക്കുമ്പോഴും വാഹനാപകടത്തിൽപെട്ട്, ദൈവാനുഗ്രഹത്താൽ തലനാരിഴക്ക് രക്ഷപെട്ടു. രോഗികൾക്ക് അദ്ദേഹത്തിന്റെ സാമീപ്യം വലിയ ആശ്വാസമായിരുന്നു. രോഗികൾ, അവരുടെ ബന്ധുക്കൾ ഇവരൊക്കെയായി നല്ല സുഹൃദ്ബന്ധം സ്ഥാപിക്കുകയും അവരുടെ ആവശ്യങ്ങൾ മനസിലാക്കി ആത്മീയമായും സാമ്പത്തികമായും കരുതുവാനും അദ്ദേഹം പ്രത്യേകം സന്മനസു കാണിച്ചിരുന്നു.

പുഷ്പഗിരി മെഡിക്കൽ കോളേജ് ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും ആത്മീയ ചൈതന്യം പകർന്നു നൽകാൻ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. കണ്ടുമുട്ടുന്ന രോഗികൾക്കെല്ലാം ആത്മീയോപദേശം നൽകി നല്ല മരണത്തിന് ഒരുക്കി. സമാധാനത്തോടെ, സന്തോഷത്തോടെ ദൈവസന്നിധിയിൽ എത്തിക്കാൻ അദ്ദേഹത്തിന്റെ ജീവിതം കർമ്മനിരതമായിരുന്നു. ശാന്തമായ തന്റെ ജീവിതം പോലെ തന്നെയായിരുന്നു അദ്ദേഹത്തിന്റെ അന്ത്യവും. വളരെ ശാന്തനായി ബോധപൂർവ്വം കൂദാശകൾ സ്വീകരിച്ച് എല്ലാവരോടും സുസ്മേര വദനനായി യാത്ര പറഞ്ഞ് താൻ ജീവിതം സമർപ്പിച്ച നാഥന്റെ പക്കലേക്ക് ഫെബ്രുവരി 15 വൈകിട്ട് 7.23-ന് ചുറ്റും വൈദികരും സന്ന്യസ്തരും ബന്ധുമിത്രാദികളും പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പാവനാത്മാവ് പറന്നുയർന്നു. അതിന് സാക്ഷിയാകുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. ഞാൻ കൃതാർത്ഥയായി.

# ബഥനി സന്ന്യാസികളുടെ ഓർമ്മയിൽ ലാസറച്ചൻ


**സി. നിർമൽ എസ്.ഐ.സി.**

ലാളിത്യവും സ്നേഹവുംകൊണ്ട് സന്ന്യാസത്തിന്റെ ചവിട്ടുപടികയറിയ സന്ന്യാസവര്യൻ. അറിവിന്റെ പ്രകാശത്താൽ ചുറ്റുമുള്ള ഇരുളിനെ വെളിച്ചമാക്കിയ ആചാര്യൻ. പാപത്തിന്റെ വേദനയാൽ നിരാശയിലേക്ക് വീണവർക്ക് കുമ്പസാരം എന്ന കൂദാശയാൽ പ്രത്യാശ പകർന്ന താപസൻ. തമസിന്റെ കൂടാരങ്ങളിലും വേദനയുടെ കിടക്കയിലും വീണവർക്ക് കൈപിടിച്ചു യരാനുള്ള ശക്തി നൽകിയ മാർഗ്ഗദർശി. ഇങ്ങനെ ലാസറച്ചൻ പലതരത്തിലുള്ളവർക്ക് സഹയാത്രികനായിരുന്നു. ബഥനി എന്ന ആരാമത്തിൽ ജീവിച്ച് തന്റെ ശുശ്രൂഷകൊണ്ടും ജീവിതംകൊണ്ടും കൂടെയുള്ളവർക്ക് ഊർജ്ജമാകാൻ സാധിച്ച ഒരു നല്ല ആചാര്യനായിരുന്നു ലാസറച്ചൻ. തന്റെ വേദനയിലും മറ്റുള്ളവർക്ക് സാന്ത്വനമാകാൻ പ്രിയ അച്ചൻ ശ്രദ്ധിച്ചിരുന്നു.


നൂറുവർഷം പിന്നിട്ട ബഥനിയുടെ നാൾവഴിയിൽ ഏറെ ദൂരം പിന്നിട്ട ബഹു.ലാസറച്ചൻ ലോകത്തിൽനിന്ന്, സമൂഹത്തിൽനിന്ന് ദേഹിവിട്ടകന്ന ഈ സമയത്ത് അദ്ദേഹത്തിന്റെ ജീവിതത്തെയും ശുശ്രൂഷകളെയും അടുത്തറിഞ്ഞവർ അനുസ്മരിക്കുക, അടുത്ത തലമുറയ്ക്ക് പ്രചോദനമായി ഭവിക്കും എന്നതിനാൽ ഓർമ്മകളെ കോറിയിടുകയാണിവിടെ. ലളിത ജീവിതമായിരുന്നു അച്ചന്റെ മുഖമുദ്ര. ആർഭാടങ്ങളുടെ ഈ ലോകത്ത് വളരെ ശാന്തമായി ഓളങ്ങളോ, എടുത്തുചാട്ടങ്ങളോ ഇല്ലാതെ വളരെ സ്വച്ഛമായി ആ ആചാര്യശ്രേഷ്ഠൻ ജീവിച്ചു. ശാഠ്യങ്ങൾ അധികമില്ലാത്ത, കണ്ടുമുട്ടിയ; വേദനയിലായവർക്ക് ആശ്വാസവും സമാധാനവും നല്കി എന്നതാണ് അച്ചന്റെ താപസജീവിതത്തിന്റെ അനന്യത. മറന്നു പോകാവുന്ന ബന്ധങ്ങൾ പോലും മനസിൽ സൂക്ഷിച്ച് ആ ബന്ധങ്ങളിലെല്ലാം ലാളിത്യത്തിന്റെ നന്മ പകരാൻ ആ മഹാനുഭാവന് കഴിഞ്ഞു.

ബഥനിസന്ന്യാസിനികളായ ഞങ്ങളോടു പിതൃനിർവിശേഷമായ ഒരു സ്നേഹം എന്നും ലാസറച്ചൻ സൂക്ഷിച്ചിരുന്നു. തന്റെ സഹോദരപുത്രിയെ ബഥനിയിൽ അയച്ച് ബഥനി സന്ന്യാസിനി സമൂഹത്തോട് തനിക്കുള്ള ബന്ധം ദൃഢമാക്കിനിർത്തുവാൻ അച്ചന് സാധിച്ചു. ബഥനിയായിലെ രോഗികളായ സന്ന്യാസിനികൾക്ക് എന്നും അച്ചൻ ആത്മീയ ശുശ്രൂഷ നൽകുവാൻ ശ്രദ്ധിച്ചിരുന്നു പ്രത്യേകിച്ച് രോഗികളായി പുഷ്പഗിരിയിൽ അഡ്മിറ്റ് ആകുന്ന അവസരങ്ങളിലെല്ലാം സിസ്റ്റേഴ്സിനെ സന്ദർശിക്കുകയും രോഗിലേപനശുശ്രൂഷകൾക്കും അന്തിമ ആശീർവാദം നൽകിയും എല്ലാം അച്ചന്റെ ശുശ്രൂഷ ഏറെ ശ്ലാഘനീയമായിരുന്നു. തിരുമൂലപുരത്തും ബഥനിയായിലും സിസ്റ്റ്ഴ്സിന് വി.കുർബാന അർപ്പിച്ചും കുമ്പസാരം എന്ന കൂദാശയിലൂടെയും ആത്മീയ നന്മകൾ ഏറെ വാങ്ങിതന്നു. പുഷ്പഗിരിയിൽ അഡ്മിറ്റായ എല്ലാ സിസ്റ്റേഴ്സിനെയും സന്ദർശിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്ത അച്ചൻ എന്നും ഞങ്ങൾക്ക് സാന്ത്വനമായി നിലകൊണ്ടു. എവിടെവച്ച് സന്ന്യാസികളായ ഞങ്ങളെ കണ്ടാലും സംസാരിക്കുവാനും ക്ഷേമമന്വേഷിക്കുവാനും അച്ചൻ ശ്രദ്ധിച്ചിരുന്നു. കുമ്പസാരം എന്ന കൂദാശ എപ്പോൾ ആവശ്യമായോ ആ അവസരങ്ങളിൽ സിസ്റ്റേഴ്സിന് നൽകുകയും ആത്മീയ വഴിയിൽ ഞങ്ങൾ നടക്കുവാൻ നന്മയുള്ള ഉപദേശങ്ങളാൽ സഹായിക്കുകയും ചെയ്തു. കരുതലും കാവലും ഉള്ള ഒരു ശ്രേഷ്ഠവ്യക്തിത്വം അച്ചനിൽ ദർശിക്കാൻ എന്നും സാധിച്ചിരുന്നു. സി.കാരുണ്യയോടുള്ള അതേ മനോഭാവം ഞങ്ങൾ സന്ന്യാസിനികൾ ഓരോരുത്തർക്കും ലഭിച്ചു എന്നത് നന്ദിയോടെ ഓർമ്മിക്കുന്നു. മരിച്ചവരുടെ പുനരുത്ഥാനത്തിൽ നിത്യതയുടെ തീരത്ത് കാണുമ്പോഴും ഞങ്ങളെ നയിച്ച പിതാക്കന്മാർക്കൊപ്പം പ്രിയ ലാസറച്ചനെയും അനുസ്മരിക്കുകയും ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. പ്രിയ ലാസറച്ചൻ ബഥനിയിലെ ലാസറിനെപ്പോലെ മാർത്തയും മറിയത്തിനുമൊപ്പം നിശബ്ദസാക്ഷ്യമായി ഈ ലോകത്തുനിന്ന് ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു. പ്രിയ അച്ചന്റെ ആത്മാവിന് ദേഹവിയോഗത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ബഥനി സന്ന്യാസികൾ.

# ആദരാഞ്ജലികൾ



FR. JAMES MAMMOOTTIL OIC
1952 - 2024


ദൂതൻ സ്ത്രീകളോടു പറഞ്ഞു:
ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട യേശുവിനെയാണു
നിങ്ങൾ അന്വേഷിക്കുന്നതെന്ന് എനിക്കറിയാം.
അവൻ ഇവിടെയില്ല;
താൻ അരുളിച്ചെയ്തതുപോലെ
അവൻ ഉയിർപ്പിക്കപ്പെട്ടു.
മത്തായി 28:5,6
HAPPY EASTER